# തരങ്ഗിണി.

(ഖണ്ഡകൃതികൾ)

മൂന്നാം ഭാഗം.

കവിതിലകൻ

ഉള്ളൂർ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.

Digitized By Kerala Sahitya Akademi

# തരങ്ഗിണി.

(ലഘുകൃതികൾ മൂന്നാം ഭാഗം)

---

ഗ്രന്ഥകർത്താ

കവിതിലകൻ

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.

---

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ.

ഒന്നാംപതിപ്പു കാപ്പി ൧൦൦൦.

വി. വി. പ്രസ്സ് (ബ്രാഞ്ച്),

തിരുവനന്തപുരം,

൧൧൦൩.

വില രൂപ

---

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജങ്ങളിലൊന്ന്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയവിവരം.


1. ഗാഥാഞ്ജലി.
2. അന്നും ഇന്നും.
3. ദത്താപഹാരം.
4. തുമ്പപ്പൂവ്.
5. ഒരു പുണ്യപുരുഷൻ.
6 ഗാനോപഹാരം.
7. എന്റെ മതം.
8. ബാലാങ്കുരം.
9. അഹമ്മന്ത്രം.
10. ബാലസന്ദർശനം.
11. സ്വപ്നദർശനം.
12. പ്രഭാതഗാഥ.
13. ശിവഗീത.
14. സുഖം സുഖം.


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# തരങ്ഗിണി.

## ൧. ഗാഥാഞ്ജലി.

നീരലർമങ്കതൻ നർത്തനശാലയാം
കേരളമേദിനീദേവിയാളെ
മാതാവെന്നോതുവാൻ ഭാഗ്യം ലഭിച്ചോരെൻ
ഭ്രാതാക്കന്മാരേ! ഭഗിനിമാരേ!

എന്നുമേ നീൾക്കുടപ്പൊൻമുടി ചൂടുന്ന
തെങ്ങുകൾ—തന്നോമൽസന്താനങ്ങൾ—
വീഥിയിൽ റാന്തലിൻ രീതിയിൽ വെച്ചമ്മ-
യാദർശം കാട്ടുവോരല്ലീ നമ്മൾ?

ചൊട്ടയിൽനിന്നു ചുടലവരയ്ക്കും നാം
പൊട്ടജ്ജരമാം ഭാണ്ഡം പേറി
പോകുമിപ്പോക്കിനാൽ നമ്മെച്ചുമക്കുന്ന
ലോകത്തിന്നെന്തൊരു ലാഭമുള്ളു?

സ്വച്ഛന്ദമീയന്നച്ചൂർന്നീശ്വരിയാൾ, തൻ
പച്ചവില്ലീസണിപ്പൊന്നടിയിൽ,
പോററുന്ന നമ്മിൽനിന്നൊററപ്രതിഫല-
മീററുനോവിന്നെന്തു നേടിടുന്നു?

വെണ്മയും ശൈത്യവും മാധുര്യവുമാർന്നോ-
രമ്മിഞ്ഞപ്പാലുകൊണ്ടമ്മ മേന്മേൽ
ക്ഷാളിച്ച നമ്മുടെയുള്ളിലതിൻഗുണം
മേളിച്ചീടുന്നുണ്ടോ ലേശംപോലും?

Digitized By Kerala Sahitya Akademi

നൂനമൊന്നില്ലയോ കർത്തവ്യം, നമ്മൾക്കീ-
മാനുഷജന്മം നിരർത്ഥകമോ?
കാലമാം വില്ലാളി ലാക്കൊന്നും കാണാതെ
ലീലയിലെയ്ത കണകളോ നാം?

രാമപരശു വനത്തിൽ വിഹരിച്ചീ-
യോമനയൂഴിയുദിച്ചിരിക്കേ
മാതാവിവൾക്കയ്യോ! യൌവനപ്പൂവന-
ച്ഛേദകുഠാരങ്ങളാകയോ നാം?

നല്ലാതയമ്മയ്ക്കു നാൾതോറുമീശ്വരൻ
പുഷ്പവല്ലകൾ വീശി വീശി
കാട്ടുമ്പോളങ്ങുള്ള വിഘ്നദ്രുമങ്ങൾതൻ
ചോട്ടിൽ പതിക്കേണ്ട ചെന്നിതുകൾ?

കേൾക്കവിനാമെങ്കിൽ—അങ്ങൊരു മുക്കിൽനി-
ന്നാക്രന്ദമത്യന്തം ദീനദീനം
ഹാ! കഷ്ടമേതോ ഹതാശയാം സാധ്വിതൻ
കോകിലകണ്ഠം വിട്ടുൽഗളിപ്പൂ.
ചേതസ്സു പാറയ്ക്കും നീരാക്കമിസ്വരം
നൂതനമല്ലല്ലോ നമ്മൾക്കേതും.
ആരിക്കരവതു? നമ്മുടെ പെററമ്മ
കേരളഭൂലക്ഷ്മീദേവിയല്ലേ?

ഓതാനെന്തുള്ളതു? ഹാ! നമുക്കിസ്സ്ഥിതി
മാതാ,വിവൾക്ക നാം മക്കൾപോലും!
ലജ്ജയിലാഴ്ത്തുവിനാനനം! ബാഷ്പത്തിൽ
മജ്ജനം ചെയ്യുവിൻ ദഗ്ദ്ധദേഹം!!

Digitized By Kerala Sahitya Akademi

വന്ധ്യയാമമ്മതൻ വാക്കിലനാദര-
മനാഥമാർന്നിട്ടും നമ്മെ നോക്കി
വന്ധ്യയാകാത്തതോർത്തശ്രുവാർത്തദ്ദേവി
സിന്ധുവിൽ മുങ്ങുമാറായി വീണ്ടും.

അമ്മതൻവാക്ക് —അതേ! കൊച്ചുകിടാങ്ങളാ-
യമ്മിഞ്ഞ മുട്ടിക്കുടിച്ചിടുമ്പോൾ
‘അമ്മ’ യെന്നോതുവാൻ നമ്മൾ പഠിച്ചതാ-
മമ്മനോമോഹനവാക്കൊന്നില്ലേ?—

കൈരളി ‘കല്യാണി’ ഭാർഗ്ഗവക്ഷേത്രജ്ഞർ
കൈരണ്ടും കൂപ്പിത്തൊഴുതിടേണ്ടോൾ—
നാമക്കളകണ്ഠകണ്ഠിതന്നോമന-
നാമവും കൂടിമറന്നുവല്ലോ!

ആശ്ചര്യം! അഞ്ചുവയസ്സിലേ തായ്മുല-
പ്പാൽച്ചുവ മാറാത്ത പിഞ്ചുനാവാൽ
കാസുപീസോതുന്നുണ്ടാൺകുഞ്ഞും പെൺകുഞ്ഞും:—
ആസുരമിന്നത്തേപ്പാഠരീതി!

പിന്നേടം മാതാവിൻവാക്കെന്നു കേൾക്കുമ്പോൾ
തന്നേ ചുളിഞ്ഞുപോം നെററിയോടും
പുഞ്ചിരിച്ചുട്ടികൊണ്ടാമുലപ്പാലിനെ-
കൊഞ്ഞനം കാട്ടുന്നുണ്ടിക്കിടാങ്ങൾ.

ശീമമട്ടേപ്പോഴും ശീലിച്ച കാർകൂന്തൽ
ചാമരംപോലെ ചമഞ്ഞിടാതെ
വാർധകം ശീഘ്രമായ് വന്നിടാൻ യത്നിപ്പൂ
പേർത്തും തരുണിമാർ മാഷ്ടി! മാഷ്ടി.

Digitized By Kerala Sahitya Akademi

ഭാഷയും വേഷവും മാററുന്ന കൂട്ടരെ-
ദ്ദൂഷണം ചെയ്യതിന്നെന്നപോലെ
ബ്രഹ്മാവു മേനിയിൽ തേച്ചതാം താർമഷി
കുമ്മായമാകുന്നീലെന്നേയുള്ളൂ!

ചോട്ടു മറിഞ്ഞുപോയ് കാലത്തിന്നത്രമേൽ;
നാടൻചരക്കെന്നാൽ നഞ്ഞെതാക്കും;
സങ്കടമമ്മട്ടിൽ കൈരളിക്കും വന്നു
ലങ്കയിൽ വൈദേഹിക്കെന്നപോലെ.

സ്വച്ഛന്ദം കോദണ്ഡബ്രഹ്മദണ്ഡങ്ങൾ ത-
ന്നച്ഛനാം ഭാർഗ്ഗവനെന്നപോലേ
ദ്രാവിഡസംസ്കൃതവാണികൾ സൌഭാഗ്യം
കൈവളർത്തീടുവോൾ കൈരളിയാൾ.

സൈരന്ധ്രിമാരിവർ—തങ്ങളിൽ ചേരാത്തോർ
ഭാരതീലക്ഷ്മിമാരെന്നപോലെ—
സാമരസ്യത്തിൽ ഭജിപ്പതു'ണ്ടോയ്മ'യാ-
മീ 'മലയാളി'തൻ ദേവിയാളെ.

സുന്ദരീമൌലിയാമേതൊരുദേവിയേ
മുന്നം ചെറുശ്ശേരി സൽക്കവീന്ദ്രൻ
വിശ്രുതാലങ്കാരശ്രേണിയണിയിച്ചു
വിശ്വവിമോഹിനയാക്കിത്തീർത്തു;

കിന്നരകന്യയാമേതൊരുദേവിയെ-
ദ്ധന്യനാം തുഞ്ചത്തെഗ്ഗന്ധർവേശൻ
വാണിതൻ കൈയിലെത്തത്തമ്മ പാടുന്ന
ഗാനം പഠിപ്പിച്ചു കൈവല്യാഢ്യം;

Digitized By Kerala Sahitya Akademi

സാരസ്യമൂൎത്തിയാമേതൊരുദേവിയെ-
ച്ചാതുൎയ്യമാൎമ്മികൻ നമ്പ്യാരാശാൻ
നൎമ്മോക്തിസിന്ധുവിൽത്തുള്ളിക്കളിപ്പിച്ചു
ജന്മഭാരായാസം തീരെനീക്കി;— 96

പേൎത്തും വിബുധൎക്കു പീയൂഷദാത്രിയാ-
മാദ്ദിവ്യമോഹിനിയിദ്ദിനത്തിൽ
വാസ്തവമോൎക്കിൽ വലഞ്ഞീടുവോളല്ലീ
വാൿസ്തംഭബാധയാലെന്ന പോലെ? 100

ഭ്രാതാക്കന്മാരേ! ഭഗിനിമാരേ! നമ്മൾ
ജാതിയിൽ തിയ്യൎക്കിൻ മീതേയെന്നാൽ
ഒത്തിനിയെങ്കിലും ശ്രദ്ധവെച്ചമ്മയ്ക്കീ-
ദുഃസ്ഥിതിവന്നതു ദൂരെനീക്കാം. 104

പെൺമലയാളമാമിക്കേരളത്തിങ്ക-
ലമ്മതാൻ പ്രത്യക്ഷദൈവമാൎക്കും;
അമ്മതൻവാക്കു താനാമ്നായസൎവ്വസ്വ-
മമ്മയിൽഭക്തി താൻ മുക്തിമാൎഗ്ഗം. 108

ചേണിയന്നീടിന വാണികൾക്കാകവേ
റാണിയായ്‌വാഴേണ്ട കൈരളിയെ
വീണയും കൈയുമായ് വീണ്ടുമെഴുന്നേററു
ഗാനൈകതാനയായ്ക്കണ്ടാവൂ നാം! 112

കാഞ്ചീനിനാദവും കാൽച്ചിലമ്പൊച്ചയും
കാഞ്ചനകങ്കണനിക്വണവും
മഞ്ജീരശിഞ്ജയും വായ്ക്കുമിദ്ദേവിതൻ
മഞ്ജുളനൎത്തനം വെൽവൂതാക!! 116

Digitized By Kerala Sahitya Akademi

## ൨. അന്നും ഇന്നും.

ഭൂതകാലമഹാമേരു-
പുണ്യശൃംഗത്തിൽനിന്നു നാം
പതിച്ചുപോയ് വർത്തമാന-
പ്പാഴ്ക്കയങ്ങളിൽ ഭാരതീയരേ! 1

അശിക്ഷിതരനുദ്യോഗ-
രാധിവ്യാധിശതാകുലർ
അനൈകമത്യവിധ്വസ്ത-
രസ്വാതന്ത്ര്യരകിഞ്ചനർ; 2

അനാഥരസ്ഥിരപ്രജ്ഞ-
രസല്പഥചാരികൾ
അശേഷജനവിക്രുഷ്ട-
രന്ത്യൈരധഃകൃതർ:— 3

ഇതെന്തുകഥ? നിന്മക്കൾ—
ഇൻഡ്യേ! തനയവത്സലേ!—
ഇമ്മട്ടിലെത്രനാൾ പോക്ക-
മിഹാമുത്രബഹിഷ്കൃതർ? 4

അമ്മയ്ക്കു, ഹാ ഹാ! മിഴിയി-
ലശ്രുബിന്ദു നിറഞ്ഞുപോയ്!
അതാകട്ടെ കിടാങ്ങൾക്കു
ഹസ്താമലകമിദ്ദിനം. 5

Digitized By Kerala Sahitya Akademi

താരേ! സകലലോകൈക-
തത്വജ്ഞാനപ്രദീപികേ!
മറന്നുപോയ് മക്കളിന്നേ-
മാഹാത്മ്യം മന്ദബുദ്ധികൾ! ൬

കലികാലമരുപ്രഖ്യ
കൈവന്ന തവ മേനിയിൽ
മിന്നിപോലൊരുകാലത്തു
മൃതസഞ്ജീവനൌഷധി. 7

സച്ചിദാനന്ദസാമ്രാജ്യ-
ചക്രവർത്തികൾ താപസർ
അന്നനുഷ്ഠിച്ചു വാണാർ പോ-
ലഖിലാനുഗ്രഹവ്രതം. 8

സാമഗാനങ്ങളെക്കേട്ടും
ഹോമധൂമത്തെ നോക്കിയും
അടിയന്നകിപോൽ പ്രീതി-
യന്യോന്യമഹികേകികൾ. 9

അരയ്ക്കാൽക്കാശിനിന്നുള്ളോ-
രാത്മവിക്രയലാലസർ;
അന്നവർക്കതിതുച്ഛങ്ങ-
ളണിമാദ്യഷ്ടസിദ്ധികൾ. 10

കുടവസ്ഥിഗർഭങ്ങൾ
കുലാങ്ഗാരങ്ങൾ മാദൃശർ;
അവാപ്തബ്രഹ്മസാമീപ്യ-
രവരോ ഹംസസത്തമർ. 11

Digitized By Kerala Sahitya Akademi

നാശൈകധമ്മമൂത്തി
ഞങ്ങൾക്കു പരദൈവതം;
ജീവന്മുക്തരവക്കോ ഹാ!
നിരയത്തീക്കു മേലരി:— 12

സുവണ്ണകാലമോക്കുന്നേൻ
തദീയം ദേവി! താദൃശം:—
ക്ഷിതിപോയ് വിണ്ണിനെത്തൊട്ടു
ദിക്ചക്രം ദശനപ്രിയം. 13

ആയില്ലധികനാളൊന്നു-
മസ്മൽപരമദേശികൻ
പാരിൽനിന്നു മറഞ്ഞിട്ടു
ഭഗവാൻ പാത്ഥസാരഥി. 14

കാളിന്ദിയാററിൻ കരയിൽ
കണ്ണിന്നമൃതധാരയായ്
പരപ്പിലുണ്ടൊരാരോമൽ-
പ്പച്ചപ്പുൽത്തകിടിപ്പുറം. 15

അനന്തമഹിമാവേന്തു-
മാവൃന്ദാവനഭൂമിയിൽ
മാട്ടുമേച്ചുകളിച്ചാൻ പോൽ
മായാമാനുഷനെൻപുരാൻ. 16

കോടക്കാർ കൊമ്പുകുത്തുന്ന
കോമളത്തിരുമേനിയിൽ
മഴമിന്നൽതൊഴും മട്ടിൽ
മഞ്ഞപ്പട്ടാട ചാത്തിയോൻ 17

Digitized By Kerala Sahitya Akademi

മനോജ്ഞമാം മയിൽപ്പീലി
മകുടം വിട്ടു നീങ്ങവേ;
മാൺപെഴും കവിളിൽത്തട്ടി
മണികുണ്ഡലമാടവേ; 18

കുഞ്ഞിളങ്കാററിലങ്ങിങ്ങു
കുനുക്കുന്തൽ പറക്കവേ;
ഗോപിക്കുറി വിയർപ്പുററ
കുളുർനെററിയിൽ മായവേ; 19

കനിവാററിൻ തിരക്കോളിൽ
കടക്കൺകോൺ കളിക്കവേ;
തൂവെൺചെറുചിരിപ്പൈമ്പാൽ
സുന്ദരാസ്യേന്ദു തൂകവേ; 20

ഓടക്കുഴലണച്ചാൻ പോ-
ലോമൽത്തേൻചോരിവായ്ക്കുമേൽ;
ഊതിനാൻ പോ,ലാടിനാൻ പോ,
ലോങ്കാരപ്പൊരുളെൻപുരാൻ. 21

പാലാഴി വാഴ്വോനാവത്സൻ—
പാലും പ്രാണനുമൊത്തവൻ—
ഭാരതാംബേ! ഭവൽസ്തന്യ-
പാനത്താൽ തൃപ്തനായി പോൽ. 22

കൽത്തുറുങ്കിനകത്തമ്മ
കണികണ്ട ദിനംമുതൽ
കാട്ടാളനെയ്ത കണയാൽ
കാൽത്താർ വിണ്ട ദിനം വരെ 23

Digitized By Kerala Sahitya Akademi

കണ്ണൻകപടഗോപാലൻ,
കൈവല്യാംബുധിനാഥനാം,
ചെയ്ത കാര്യം സകലവും
ജഗന്മോഹനമോഹനം. 24

പാഞ്ചാലിക്കു തൊടിക്കുള്ളിൽ
പട്ടുചേലകൾ നെയ്തതും;
സുദാമാവിൻെറ പത്നിക്കു
തുംഗസൌധങ്ങൾ തീർത്തതും; 25

താനുണ്ട ചീരയിലയാൽ
ദാന്തനുൾത്തൃപ്തി ചേർത്തതും;
വിദുരൻെറ ഗൃഹത്തിങ്കൽ
വിരുന്നിനു ഗമിച്ചതും; 26

ആയുധം കൈയിലേന്താതെ-
യടക്കളമണഞ്ഞതും;
ചമ്മട്ടിപൂണ്ടു തങ്കത്തേർ
ചങ്ങാതിക്കു തെളിച്ചതും; 27

അത്തേർത്തടത്തിൽനിന്നും കൊ-
ണ്ടതിമഞ്ജുളരീതിയിൽ
അഖിലോപനിഷൽസാര-
മ“ന്നര”ന്നരുൾചെയ്തതും;— 28

ആരാരു? മാറിടത്തിങ്ക-
ലലർമാതമരുന്നവൻ,—
അങ്ങേക്കേത്താമനല്പത-
ലാശ്വാവത്തവസുന്ദരേ! 29

Digitized By Kerala Sahitya Akademi

പരീക്ഷിത്തിൻെറ കാൎയ്യത്തിൽ
സ്പഷ്ടദൃഷ്ടപ്രഭാവമായ്
വിളങ്ങിപോലും മേന്മേലാ
വിശ്വസഞ്ജീവനൌഷധി. 30

അദ്വാപരയുഗത്തിൻെറ
സന്ധ്യാഘട്ടമനക്ഷണം
മൂവന്തിപോലെ വിലസീ
മുററും ജനമനോഹരം. 31

തനിയേ ജന്മമാൎന്നില
ധൎമ്മസംസ്ഥാപകൻ വിഭു
ഉഡുക്കൾ ചൂഴും വാനിൽത്താ-
നുദിപ്പൂ കുളുർവെണ്മതി. 32

അനേകസുതരക്കാല-
മങ്ങയെധന്യയാക്കി പോൽ;
മാതാവേ! കൃഷ്ണനാമുത്ത-
മാലയ്ക്കു നടുനായകം. 33

ധൎമ്മജൻ ധൎമ്മമൎമ്മങ്ങൾ
സാങ്ഗോപാങ്ഗം ധരിച്ചവൻ
ശ്വാവിനെത്തള്ളി നേടേണ്ടും
സ്വൎഗ്ഗത്തിൽ കൊതിയററവൻ 34

പാൎത്ഥൻ ദൈവത്തെ മുൻനിൎത്തി-
പ്പൌരുഷത്തിൽച്ചരിച്ചവൻ
മായാകിരാതനോടേററു
മഹാസ്ത്രത്തെ ലഭിച്ചവൻ; 35

Digitized By Kerala Sahitya Akademi

പാഞ്ചാലി ഭഗവൽഭക്ത
ഭർത്തൃസത്വപ്രദായിനി
അഴിച്ച കൈശികം കെട്ടാ-
നരാതിമൃതികാത്തവൾ; 36

കുന്തി, ദുഃഖത്തിലുൾത്തട്ടു
കലങ്ങാത്ത മനസ്വിനി,
സുതർ നില്ക്കെ വനം നോക്കി-
ശ്വശ്രുവിൻ പിൻപു പോയവൾ; 37

വിദുരൻ വൃത്തസമ്പന്നൻ
വിശ്വാനുഗ്രഹകൌതുകി
സന്മാർഗ്ഗദർശി സർവ്വജ്ഞം
ജ്ഞാനവിജ്ഞാനഭാണ്ഡമാൻ; 38

വ്യാസൻ വരിഷ്ഠബ്രഹ്മർഷി
വസുധാശ്രോത്രജ്ഞാനജ്ഞൻ
മർത്ത്യപുണ്യപരീപാകം
മഹാഭാരതഗായകൻ; 39

അക്കർണ്ണനും-അതേ കർണ്ണൻ
അഭൌമം തൻെറ കുണ്ഡലം
അറുത്തർത്ഥിക്കരുളിയോ-
രവനീഹരിചന്ദനം; 40

അവർക്കു നടുവിൽ തൻെറ-
യമ്മയെപ്പോലെ പാവനൻ
അശേഷലോകൈകാചാര്യ-
നസ്മദീയപിതാമഹൻ; 41

Digitized By Kerala Sahitya Akademi

തൻപിതാവിൻ ഹിതത്തിന്നായ്
ത്യാഗിയാം വർണ്ണിയവനോ
വിളങ്ങി വീതസാപത്ന്യ-
വീരശ്രീഗൃഹമേധിയായ്;— 42

ശരീരസാദമോർക്കാതെ
ശയ്യാശരണനേവനോ
യുധിഷ്ഠിരനൃപന്നൂട്ടി
യോഗക്ഷേമസുധാരസം:— 43

പുമാൻ മഹാത്മാവബ് ഭീഷ്മർ
പൂരുവംശശിഖാമണി;
ഭാരതീയാഭിമാനത്തിൻ
ഭാണ്ഡം, ഭാഗീരഥീസുതൻ;— 44

അമ്മട്ടുള്ളോർക്കിന്നിതുമെ-
ന്നമ്മയെന്നമ്മയാകുമോ
അവതീർണ്ണത്വമന്നാളു-
മവർക്കിടയിലച്യുതൻ. 45

ഇതെന്തു നിദ്രാവൈഷമ്യ,
മിതെന്താലസ്യവൈകൃതം,
ഇതെന്തുമോഹവൈവശ്യ,
മിന്നമ്മൾക്കൃഷിപുത്രരേ? 46

കൺമിഴിക്കാ, മെഴുന്നേല്ക്കാം,
കതകിൻ സാക്ഷ നീക്കിടാം,
കടക്കാം തെല്ലു വെളിയിൽ,
കാര്യമെന്തെന്നു നോക്കിടാം. 47

Digitized By Kerala Sahitya Akademi

അതീതപ്രായയായ് കാണ്മി-
നമാവാസ്യാനിശീഥിനി;
നവീനോഷസ്സു നല്കാറായ്
നമ്മൾക്കു നയനോത്സവം. 48

പൂങ്കോഴികൾ നിരന്നെങ്ങും
പുലരിപ്പുകൾ വാഴ്ത്തവേ;
പഞ്ചാമൃതം ചെവിക്കുള്ളിൽ-
പ്പച്ചക്കിളികൾ തൂകവേ; 49

ചെന്താർമണം നീളെ നീളെ-
ച്ചെറുതെന്നലുതിർക്കവേ;
ഉദാത്തശംഖനാദത്താ-
ലൂഴി മാറ്റൊലി കൊള്ളവേ; 50

പ്രാചിതന്നുത്തമാംഗത്തിൽ
ഭാസ്വന്മുകുടതല്ലജം
വെയ്ക്കുവാനെഴുന്നള്ളുന്നു
വീണ്ടും കല്യപുരോഹിതൻ. 51

കറവിട്ട കരൾത്തട്ടിൽ
കണ്ണന്റെ കഴലൂന്നി നാം
കല്യാണമേകുമിക്കാഴ്ച
കണ്ടാവൂ കൺകുളുർക്കവേ! 52

ബാഹ്യാന്തശ്ശുദ്ധർ നാം നമ്മെ
പ്രയതം പൂണ്ടുയർത്തുകിൽ
പണ്ടത്തെസ്വർഗ്ഗമാം വീണ്ടും
ഭാരതം ഭാരതീയരേ! 35

Digitized By Kerala Sahitya Akademi

## ൩. ഭൂതാപഹാരം

കേഴ്‌വി പെരുത്തീടുമാഗ്രാനഗരത്തിൽ
പ്പാഴ്മണൽക്കാടൊന്നു പണ്ടേക്കാലം
പെട്ടുപോം നന്മയെ മൂട്ടും കലിയുടെ
പട്ടടപോലെ കിടന്നിരുന്നു.

അന്നിലമാളുമറുകുലയാളുടെ
പൊന്നൂഞ്ഞാലാട്ടത്താൽ പുണ്യമേന്തി
നാരകത്തിൻ നൽജയസ്തംഭമങ്ങൊരു
ഘോരം 'കഴു' മരമുല്ലസിച്ചു.

വൈവസ്വതന്നിഷ്ടിയൂപമായ്, മാരണ-
ദേവതയ്ക്കുത്സവകേതുവായി,
കാണുമത്തു വിധിയപ്പുരിതൻതല-
യ്ക്കാണി തറച്ചു കണക്കിരുന്നു.

ഉഗ്രര ചാർത്തിന വൈരപ്പതക്കങ്ങ-
ളസ്ഥിതൻ കൂടങ്ങളങ്ങുമിങ്ങും,
വെല്ലുവിളി പൂണ്ട ഹിംസാപിശാചിതൻ
പല്ലിളിപോലെ പരിസ്ഫുരിച്ചു.

തങ്ങളും കൂടിക്കഴുവേറിപ്പോകുവാൻ
സംഗതിവന്നേയ്ക്കുമെന്നുവെച്ചോ
പാദപവല്ലീതൃണങ്ങൾക്കുമങ്ങൊരു
പാദം കടത്തുവാൻ പേടി തോന്നി?

Digitized By Kerala Sahitya Akademi

മേല്ക്കുമേലന്നിലമൊററയ്ക്കു പാലിക്കും
ത്തുക്കമരത്തിൻ ഗുണഗണങ്ങൾ
നന്ദി കലൎന്ന പാരുന്നും കഴ്കനും
വന്ദിപദമാൎന്നു വാഴ്ത്തി വാണു.

ആകണ്ണാമെന്നുമസൃക്പാനമാൎന്നാലും
ഹാ! കണ്ണിൽ ചോര തരിമ്പുമെന്യേ
അമ്മട്ടാപ്പാപലതോപഘ്നച്ഛായയിൽ
വന്മരുരാക്ഷസിയാൾ പുലൎന്നു.

II

അക്കേൾപ്പതെന്തൊരമംഗലനിസ്വനം
ദിക്കരരിതൻ രുദിതം പോലെ?
സിംഹാരവവുമിടയ്ക്കിടെക്കേൾക്കുന്നു
സംഹാരരുദ്രാട്ടഹാസംപോലെ.

അമ്മരുവാഹസവക്ത്രത്തിലൂന്നോ
തിന്മയിൽത്തീനിടാൻ ഭാവിക്കുന്നു;
തന്നൽപ്പുകഴ്ക്കഴവിന്നൊരു മൎത്ത്യമെയ്-
പ്പെട്ടമന്നണിസ്തൂപിയണച്ചിട്ടുന്നു.

അങ്ങൊട്ടു നോക്കുകിൻ, ആമെകിൽ-അമ്പാല-
നങ്ഗോപയോജിതവദ്ധ്യചിഹ്നൻ
ശൂലാഗ്രമേറുവാൻ നിൎദ്ദിഷ്ടനായ്ക്കാൺമൂ
സൂചീമുഖമൊരു സൂനംപോലെ.

രക്താംബരാങ്കിതമാകുമപ്പെതലിൻ
മുഗ്ദ്ധാഭ കോലുന്ന മൂൎത്തിവല്ലി
മുന്നിൽ തജ്ജീവിതസായംസന്ധ്യാരാഗ
സന്നിഹിതമെന്നുരയ്ക്കുകയല്ലീ?

Digitized By Kerala Sahitya Akademi

മുററുമക്കുട്ടിതൻ കണ്ഠത്തിലുണ്ടൊരു
തെററിപ്പൂമാല തെളിഞ്ഞു കാൺമൂ
ചോരയിൽ മുങ്ങിച്ചുകപ്പുനിറം പൂണ്ട
ഘോരമാമന്തകപാശംപോലെ.

വാളുലച്ചാർപ്പിടും രുഷ്ടരാം സൈനികർ
ചൂഴുമബ്ബാലൻതൻ ചാരുവക്ത്രം
മിന്നലിടിയിവ പൂണ്ട മുകിൽനിര-
തൻനടുവിൽപ്പെട്ട തിങ്കൾതന്നെ.

ഘോരാപരാധമെന്തക്കിടാവാചരി-
ച്ചാ രാജ്യമാണ്ടീടും ചക്രവർത്തി
ചങ്കോപംപൂണ്ടു തൽക്കണ്ഠനിണത്താൽ തൻ
ചെങ്കോൽ ചെങ്കോലാക്കാൻ ഭാവിക്കുന്നു?

"എന്തിക്കിടാവിന്നിളന്തളിർനേർമേനി?
എന്തഹോ ഭീമമിദ്ഘാതസ്ഥാനം?
ദണ്ഡമിവനിതു നല്കിന മന്നവൻ
ദണ്ഡധരൻതന്നെ"യെന്നു ചൊല്ലി,

തയ്യാം ശിശുമെയ്യും സ്തംഭത്തിൻ ശീർഷവും
പര്യായരീതിയിൽ നോക്കി നോക്കി,
രാജാനുതാപികൾ സന്തപ്തബാഷ്പാംബു-
ലാജാർച്ചനം ചെയ്താർ ലോകരെല്ലാം.

മുള്ളുതറപ്പാനനുശയമെത്താത്തോ-
രുള്ളു കവരുമപ്പാപകന്നാ
പുഞ്ചിരിക്കാലും വദനസരോരുഹം
തഞ്ചിനിന്നാകൊൾവൂ ധൈര്യശാലി.



Digitized By Kerala Sahitya Akademi

"ത്തൂക്കിനും ചാക്കിനും പേടിയില്ലാത്തവ-
നീക്കിടാവെന്നു വരുന്നുവല്ലോ!
എന്തത്ഭുത,മിവനന്നിങ്ങോട്ടു ചെല്ലുമ്പോ-
ളന്തകൻ മച്ചമ്പിയെന്നോ ഭാവം? 72

തായതന്നാങ്കമല്ലിക്കഴു, ചെക്ക! നി-
ന്നായമാരാട്ടിടും തൊട്ടിലല്ല!
പാർത്താലു ഞങ്ങളിപ്പോഴ് ച്ചിരി നിൻചെറു-
മൂല്യോ,വുടലുമായ് വേറിടുമ്പോൾ." 76

ഘാതകരേവമുരപ്പതു കേട്ടിട്ടും
ചേതസ്സിലേതും വികാരമെന്യേ
പാരം ലസിക്കുമബ്ബാലകൻതൻ മന്ദ-
സ്മേരം ഹസിതമായ് മാത്രം മാറി. 80

III.

എന്തു പിഴച്ചതവനെന്നോ? സാധുക്കൾ-
ക്കെന്തു പിഴ വേണം ദണ്ഡ്യരാവാൻ?
ദാനകോപജ്ഞമാം നന്മതത്തിൽപെട്ടോ-
നാണക്കുമാരൻ; മഹമ്മദീയർ 84

അമ്മതം മാറണമെന്നു ശഠിക്കവേ
സമ്മതം മൂളായ്കകൊണ്ടു മാത്രം
പാദഷാവക്കിടാവിന്നൊരു പാപിയാ-
മാതതായിക്കുള്ള ശിക്ഷ നല്കി! 88

എങ്ങാ നിബിതൻ വിശുദ്ധപ്രവചന-
മെങ്ങീ നൃപൻതൻ നികൃഷ്ടാചാരം!
അന്തഃപുരസ്ഥയാമീശപരചിന്തയെ
ഹന്ത! പരൻ ബലാൽക്കാരംചെയ്‌വാൻ 92

Digitized By Kerala Sahitya Akademi

ഓരമ്പോഴയ്ക്കുമൊതുങ്ങിക്കൊടുക്കുവോൻ
പൂരുഷരത്നമോ പുല്ലുഴവോ?
ലോകപിതാവിനെകാട്ടിത്തരും വഴി-
യേകമ,ല്ലെത്രയോ കോടിലക്ഷം!

“കേവലം താനൊരു മാൎഗ്ഗത്തിൽപ്പോകകൊ-
ണ്ടാവഴിക്കന്യരും പൊയ്ക്കൊള്ളണം.”
ഇമ്മട്ടിൽചിന്തിച്ചിതപ്പാപികൾ
കന്മതിൽകെട്ടിയടയ്ക്കുവോനെ—

അന്യായമായ്ത്തൻ മമതാഗ്നിസംതൃപ്തി-
ക്കന്യാഭിമാനാജ്യം ഹോമിപ്പോനെ—
സാഗരം കുമ്പിളിൽക്കെട്ടിനിറുത്താനു,-
മാകാശം പെട്ടിയിൽപ്പൂട്ടുവാനും,

സൂരാംശുയാത്ര നിയന്ത്രണംചെയ്യാനും
മേരുകൊണ്ടാഴി നികത്തുവാനും,
ഭാവിക്കും ഭ്രാന്തനെ—ലോകചരിത്രത്തിൽ
ഭാവിയും ഭത്സിക്കും ഭൂതംപോലെ.

ഔരംഗസീബേ! ഭവൽപ്രപിതാമഹൻ,
ഭാരതസാമ്രാജ്യസാൎവ്വഭൌമൻ,
പേരുറേറാരാക്ബർതന്നാൎജ്ജിതസ്വസ്വം
ചേറിൽ സിതപോലെചിന്തിച്ചിന്തി

ഇപ്പാപമൊന്നാൽ സ്വവംശത്തിന്നന്ദുന്നൊ-
രുൽപാതകേതുവായ്ത്തീൎന്നുവല്ലോ.
ഏകച്ഛത്രാധിപന,ങ്ങീ ഹരമത്ത-
നേകൻ വരാകൻ വെറുംകിശോരൻ;

Digitized By Kerala Sahitya Akademi

എന്നാലെന്ത,ങ്ങയേ നാണിപ്പിക്കുന്നില്ലേ
സുന്ദരമാകും തന്മന്ദഹാസം?

ഭൌതികശക്തി തൊലിപ്പുറത്തേക്കട്ടി;
കാതലങ്ങേപ്പുറമാത്മവീര്യം.
ഭൂകമ്പം കേട്ടാൽ കുലുങ്ങീടുമാറില്ല
നാകത്തെ നാല്ക്കൊമ്പനെന്നപോലെ

കണ്ണുതുറിക്കട്ടെ; കൈവാളുലയ്ക്കട്ടെ;
ദണ്ഡമററത്തരം ഗോഷ്ടിയെല്ലാം
പോക്കററ കൊഞ്ഞനംകുത്തായ് ഗണിപ്പൂ ന-
ല്ലുക്കളുള്ളിലാർന്നീടും ധർമ്മവീരൻ.

IV

കാണായി തൂക്കമരത്തിൻ ചുവട്ടിലൊ-
രേണാക്ഷിത്തയ്യലാൾ നില്പതപ്പോൾ.
വൈധവ്യദുഃഖമാമന്ധുവിൽ ദാമ്പത്യ-
സൌധത്തിൽനിന്നുമധഃപതിച്ചാൾ;

താരുണ്യത്തിൽത്തന്നേ വാർദ്ധക്യംകൈവന്നോൾ
വാരുററ ചൈത്രത്തിൽ ഗ്രീഷ്മംപോലെ;
പുത്തനാം സന്താപഘാതകനേവനോ
ചിത്രവധം ചെയ്യും ചേതസ്സോടേ,

പാരം മിഴിനീർ കൊലയലങ്കാരമാം
ഹാരമണിയിക്കും വക്ഷസ്സോടേ,
പാവമവളെ ഞാൻ കണ്ടതിരിക്കട്ടെ!
ദൈവമേ! കാട്ടൊല്ലേ മറെറാരാൾക്കും! !

Digitized By Kerala Sahitya Akademi

ആരവളെന്നോ? ഹാ ഭരതാശമ്മാവിൻ
വീരമാതാവാം സുനീതിദേവി;
ആററുനോററമ്മട്ടൊരുണ്ണി പിറന്നവൾ;
പോററുവാൻ മറെറാരു ഭ്രതരററോൾ;

പാങ്ങും പഴുതുമില്ലാത്ത തനിക്കൊരു
താങ്ങും തണലുമായ് മേലേക്കാലം
നില്ക്കേണ്ടോൻ, തന്മനോരാജ്യലോകങ്ങളെ-
യൊക്കെച്ചുമക്കേണ്ടോരൊററക്കുമ്പം;

ഹാ! മൊട്ടിൽത്തന്നെ മുഴുവൻ വിരിവാന്ന
തൂമലരിൻ മണമേന്തിക്കൊൾവോൻ;—
കഷ്ടം!—അക്കണ്മണിതൻ കഴുത്തിങ്കലോ
കാലൻ കടന്നു കയറിടുന്നു?

എല്ലുകൾപോലുമിബ്ബാലന്നു താമര-
യല്ലികൾപോലെ മൃദുക്കളല്ലേ?
ഇയ്യോമൽക്കുഞ്ഞിനോ ശൂലാഗ്രാരോഹണം?
അയ്യോ! ഭഗവാനേ! അബ്രഹ്മണ്യം—

അത്യാഹിതമിതിലപ്പുറമെ,ന്തക്-
മദ്ധ്യാഹ്നകാലനിശീഥോദയം?
പാടില്ല, പാടില്ല,യെന്നോർത്തു പുത്രനെ-
ത്തേടിത്തടഞ്ഞുകൊണ്ടോ വധൂടി

നില്ക്കുന്നു പാതയി,ലാററിൻപ്രവാഹത്തെ-
ദ്ദുർഗ്ഗമമാമൊരു സേതുപോലെ.

Digitized By Kerala Sahitya Akademi

## V

ഉൽപ്രേക്ഷണത്തിൽക്കണാപമായ്ത്തീരേണ്ടോ-
രാത്തൻമകനെക്കണ്ടന്തികത്തിൽ
ഓതിനാളസ്സാധ്വി തൊണ്ടയിടർച്ചയിൽ-
പ്പാതി തടഞ്ഞ വചസ്സീവണ്ണം:—

"അയ്യോ! കുമാര! ചതിക്കൊല്ലേ! നീയെൻെറ
തയ്യോമൽക്കുഞ്ഞല്ലേ? തങ്കമല്ലേ?
അഹന്ത! വേർപെട്ടുപോകയോ? നീയുമി-
സ്സാഹസത്തിന്നു മുതിരുകയോ?

എന്തൊരസംബന്ധ, മെന്തൊരന്തർഭ്രമ,-
മെന്തൊരാത്മഘ്നതാപാരവശ്യ ?
അക്രമമല്ലാതെ മറെറന്തെന്നുണ്ണി നിൻ
ചക്രവർത്ത്യാജ്ഞാപ്രതീപാചാരം?

ആർക്കു നിരക്കുവാനമ്മയെത്തള്ളി നീ-
യിക്കഴുവേററത്തിലിച്ഛ കൊൾവൂ?
അന്യായ,മസാദൃശ്യ,മത്യന്തഗർഹിതം,
നിന്നാണേ ചെയ്യൊല്ലേ നീയിക്കാര്യം!"

എന്നോതും മാതാവിൻ ബാഷ്പാർദ്രമാം മുഖ-
മൊന്നോടിച്ചൊററ നിമിഷം നോക്കി
ധീരനവൻ ചൊന്നാൻ: "അമ്മേ! ഭവതിയെ-
യാരെന്നറിയുവോനല്ലല്ലോ ഞാൻ!

അമ്മയെനിക്കണ്ടപത്യൈകവാത്സല്യ-
മർമ്മറിഞ്ഞ മനസ്വിനിയാൾ;
കായാധവാദ്യരാം കർമ്മയോഗീന്ദ്രർക്കു
തായായ ധർമ്മസ്വരൂപിണിയാൾ;

Digitized By Kerala Sahitya Akademi

തന്മക്കൾക്കക്ഷയമാരോഗ്യം നല്കിടും
ബ്രഹ്മവിദ്യാസ്തന്യമൂട്ടിടുന്നോൾ;
അഞ്ചു വയസ്സിൽ ധ്രുവന്നു ഭഗവാനെ-
ക്കിഞ്ചുകൈനെല്ലിക്കയാക്കിത്തീർത്തോൾ;

കാമം ജഗൽഗുരുഭ്രതരെപ്പെറ്റു ത-
ദ്ദാമന്യസ്യാമലകാസ്വാദത്താൽ
ചേതസ്സു തപ്പിപ്പോൾ; സംസാരകാന്താര-
പാഥേയദാനപരായണയാൾ;

ഉത്തുംഗനീഹാരശൈലകിരീടവും
സ്വാദ്വീമുക്താസരവും ചാർത്തി
മിന്നീടും നിശ്ശേഷനീവൃദധീശിത്രി!
മന്നിനു കല്പ്യപ്രാണകാമധേനു:—

അമ്മേ! മറപ്പതെന്തമ്മ,യദ്ദേവിയെ—
യമ്മയ്ക്കുമമ്മയായുള്ളവളെ?
ചാരുകരത്തിലഭയമാം മുദ്രയ-
ഞ്ച് ഭാരതക്ഷോണീഭഗവതിയാൾ

പേറുന്നതെന്മിഴി കാണുന്നു; താങ്ങൊന്നു
വേറിട്ടെനിക്കെന്തു വേണ്ടതിപ്പോൾ?
നാണകാചാര്യൻ നടാടെ തെളിച്ചതാ-
മാ നല്ല ഖണ്ഡോപഥം കിടക്കെ—

എൻപിതൃഭ്രതർ പുറകിൽ ഞാൻ പോരാതെ-
യൻപിലതിങ്കൽ തിരിഞ്ഞുനില്ക്കേ—
സ്വന്തം കുലത്തിൻ മുഖത്തിൽ കരിതേച്ചു-
മന്തഃകരണത്തെദ്ധിക്കരിച്ചും

Digitized By Kerala Sahitya Akademi

മററൊരു മാൎഗ്ഗം ഞാൻ കൈക്കൊൾകയോ? കൊണ്ടാൽ
മുററുമെനിക്കതു മുക്തിദമോ?
ഒൻപതു ദിക്കിലുടഞ്ഞതാമിച്ചെറു-
മൺപിണ്ഡമാത്മൈകവിക്രമത്താൽ— 212

ആത്മൈകദ്രോഹത്താൽ—ആത്മൈകഘാതത്താൽ—
ജാല്മനെന്നാഖ്യം ഞാൻ വാങ്ങിപ്പീല!
പ്രാണാനിലന്നു ഞാനാവില കാണ്മീല!
നീണാളതാരെത്ര സൂക്ഷിച്ചാലും 216

കാലസ്വരൂപനഴിഞ്ഞിട്ടതല്ലയോ
കാലപാശോരഗപാരണയ്ക്കായ്?
എന്നു പോയാലതെന്തെങ്ങനെ പോയാലെ-
ന്തെന്നു മനസ്സിൽ വിവേകമാന്നാൽ, 220

പേൎത്തും നമുക്കു കൊലമരം കൂടിയും
കീൎത്തിധ്വജമായ്ച്ചമഞ്ഞുകൊള്ളും.
ഹാ! നിൎവ്വികാരമാം ധൎമ്മജ്യോതിസ്സിനു
ഹാനി പിണയ്ക്കുവാനാൎക്കു പററും? 224

ധ്വംസത്തിന്നോങ്ങുമരിക്കതു മാതാവേ!
കംസന്റെ കൈയിലെക്കാത്യായനി.
എന്തിച്ചപലോക്തിധോരണികൊണ്ടെന്നെ-
പ്പിന്തിരിച്ചീടുവാനുദ്യമിപ്പൂ? 228

ഹാ! കാണ്ഡപൃഷ്ഠനായൂഴിയിൽ വാഴ്കയോ
ലോകാന്തരത്തിൽ സുഖിക്കയോ ഞാൻ—
ഏതാണു വേണ്ടതെന്നെന്നമ്മ ചൊന്നാലും;
മാതാവിൻ കല്പന കേൾക്കും ദത്തൻ". 232

Digitized By Kerala Sahitya Akademi

## VI

ആ വചസ്സിന്നു മറുപടിയൊന്നുമ-
പ്പാവത്തിന്നോതുവാൻ തോന്നിയില്ല.
താരാമണ്ഡോദരീസോദരിയല്ലയോ
ഭാരതഭൂപുത്രിയാമസ്സാധ്വി?

ഓരോ പുരാതനവീരമാതാക്കൾ ത-
ന്നാരോമൽചിത്രങ്ങളല്ലീ നരം
ഹൃന്മുകുരത്തിൽ പ്രതിഫലിക്കുന്നതു
ചെമ്മേ നിരീക്ഷിച്ചു നിർവൃതയായ്

"എന്നുദരം നിനക്കർഹമല്ലെന്നുണ്ണി-"
യെന്നു പതുക്കെയൊന്നുച്ചരിപ്പാൻ
പോലുമശക്തയായ് നിന്നാളവൾ മൊഴി
താലുവിൽത്തട്ടിത്തടയുകയാൽ.

തന്നാത്മയാജ്ഞിയാം പുത്രനെച്ചേതസ്സാൽ
നന്നായനുഗ്രഹിച്ചാമഹതി
ബാഷ്പപ്പനിനീർ തളിച്ചുക്തവപ്പുമാ-
മാപ്പാതയ്ക്കൻപിരൽത്തണുപ്പു നല്കി.

തായതന്നാ നില കണ്ടു കൃതകൃത്യ-
നായ വരദത്തൻ ധർമ്മധീരൻ
നാകത്തേയ്ക്കുള്ളോരു കോണിയിൽ പോലവേ
വേഗം കരേറിനാൻ ശൂലത്തിങ്കൽ.

'മാപാപ' മെന്നോതി മാറത്തു കൈവച്ചാ-
രാബാലവൃദ്ധമടുത്തുനിന്നോർ.
കെട്ടതുടങ്ങീടും മുൻപുള്ളോരഗ്നിതൻ
മട്ടുല്ലസിച്ചാൻ കുമാരകനും.

Digitized By Kerala Sahitya Akademi

യന്ത്രം തിരിക്കയായ് ഘാതകരപ്പോഴെ,-
ക്കെന്തപ്പുറം! ഹരേ! രാമ രാമ!
ശാശ്വതജ്യോതിസ്സുയരെപ്പറന്നുപോയ്
നശ്വരഭാണ്ഡമധഃപതിച്ചു.

അസ്തമിച്ചിട്ടുക്കനബ്ധിയിൽ വീഴവേ
ധ്വസ്തപ്രഭമായ്ച്ചമഞ്ഞു ലോകം.
അങ്ങതിശോച്യയായ് ഭാരതഭൂദേവി
മംഗല്യമററ ഗൃഹിണിപോലെ.

മുററുമബ്ഭാലഗളകന്ദളത്തിൽനി-
ന്നിററിററു വീഴുമിളന്നിണത്താൽ
ആ ലാക്കിൽ നെററിമേൽ സിന്ദൂരപ്പൊട്ടിട്ടും
കാലിലലക്തകച്ചാറണിഞ്ഞും.

തൻജയഭീതസേനത്തനനൈപഥ്യ-
മഞ്ജനമാ മരുഭൂപിശാചി
ആരംഭിക്കുന്നു; നമുക്കെൻ സഹജരേ!
ദൂരത്തൊരേടംപോയ്ക്കണ്ണുപൊത്താം.

ദുസ്ഥാനസ്ഥന്മാരാം രാഹുകേതുക്കളെ
സൃഷ്ടിപ്പു മന്നനിബ്ബാലഘാതം.
ആ രാജാവിന്നൊരു കാലത്തും ലഭ്യമ-
ല്ലീരാഹുവക്ത്രഗ്രഹണമോക്ഷം.
ഇപ്പാഴ്നിണമഴ തദ്വിഷയത്തിനൊ-
ന്നല്ലാതവർഷമായ്ത്തീർന്നുപോയി.

Digitized By Kerala Sahitya Akademi

അഞ്ചാഴ്ച്ചിന്നീ നിണം ദൈവത്തിൻ ദൃഷ്ടിയിൽ
ചെഞ്ചായം തേച്ചല്ലോ താഴെ വീഴ്വൂ.

അഞ്ജസാ ചെന്നിത്തു ചേരും പ്രകൃതിതൻ
കൺചോരത്തുള്ളികളോടുകൂടി.
തൽപ്രവാഹത്തിൽ സമൂലമടിപെട്ടി-
ദ്ദുഷ്പ്രഭുവംശം തുലഞ്ഞുപോകും. 284

അങ്ങലിലമതസ്വാതന്ത്ര്യദേവതാ-
മംഗളാരാത്രികവാരിയായി
തങ്ങുമീ രക്തമൊടുവിൽ ധരണിതൻ
പങ്കപ്രക്ഷാളനമാചരിക്കും. 288

നിശ്ചയമേതു ധർമ്മാധ്വാവിൽ കൂടിയും
വിശ്വേശസന്നിധിയിങ്കലെത്താം.
ചേലുറേറാരദ്ദിവ്യക്ഷേത്രകവാടങ്ങൾ
നാലുവഴിക്കും തുറന്നതല്ലോ! 292

ഹിന്ദുവും ക്രിസ്ത്യനുമിസ്ലാമും ബൌദ്ധനു-
മൊന്നു; പൃഥക്കല്ലൊരുത്തൻപോലും;
ധർമ്മാഹങ്കാരവിയുക്തരായേവരും
ബ്രഹ്മാനന്ദാമൃതമാസ്വദിപ്പിൻ! 296

Digitized By Kerala Sahitya Akademi

## ൪. തുമ്പപ്പൂവ്.

സന്ധ്യയ്ക്കു മാനത്തു മലൎന്ന താര-
ത്താരത്രയും കണ്ടു ചെടിച്ച കണ്ണേ!
കുനിഞ്ഞിടാമൊന്നിനി; നിന്റെ നോട്ടം
കുപ്പക്കുഴിക്കുള്ളിലുമെത്തിടട്ടെ. 1

പറമ്പിലങ്ങിങ്ങു പടൎച്ചൊതുങ്ങി-
പ്പാവങ്ങളാം തുമ്പകളൊട്ടനേകം
ത്രിലോകമവറ്റിൻ പുകളിന്നു വിങ്ങാം
തൂവെൺമലൎത്തെല്ലുമണിഞ്ഞുനില്പൂ. 2

ജാതിച്ചുവട്ടിൽജ്ജലസേകമേകം
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളൎത്തിടുന്നില്ലതു പോട്ടെ; ദൂരെ
വലിച്ചുമാററുന്നതുമുണ്ടു! കഷ്ടം!! 3

ഉയൎത്തി വെള്ളക്കൊടി കാട്ടുവോരെ-
യുന്മൂലനം ചെയ്യുമുദഗ്രപാണി
പരാക്രമം വായ്ക്കുമടിക്കൊതുങ്ങി-
പ്പാവങ്ങളെത്തച്ചു തരിപ്പുതീൎപ്പൂ! 4

ജപാദിപുഷ്പങ്ങളിറുത്തു ചൂടി
ഞെളിഞ്ഞിരിക്കും വരവൎണ്ണിനിക്കും
വേണിക്കരിങ്കാറിനിതിൻ നറുമ്പൂ-
വെള്ളിൽക്കിടാവിന്റെ വിഭൂഷയില്ല. 5

Digitized By Kerala Sahitya Akademi

മെയ്മേൽ മണം പൂശിന വേശനാരീ-
ഹീരത്തിനാൽ മോഹിതരാം ജനങ്ങൾ
ശാലീനതാലംകൃതി പൂണ്ടു മിന്നും
സാക്ഷാൽ സതീമുത്തിനെയോർക്കയുണ്ടോ? 6

ഘ്രാണേന്ദ്രിയാരാമർ മനുഷ്യർ നിൻെറ
സത്വസ്ഥസമ്പത്തറിയാതെ പൂവേ!
ഹാ നീ വെറും പ്രാകൃതഭൂമിയാൾത-
ന്നപത്യമെന്നോർത്തധരീകരിപ്പൂ. 7

ഉണ്ടോ ഗുണം? കൊമ്പിനതൊന്നുമാത്ര-
മുൽപത്തിയും വംശവുമാരു കണ്ടു?
ആഢ്യൻ മുതല്ക്കന്ത്യജനോളമാക്കും
പെററമ്മ ഭൂദേവി; പിതാവു ദൈവം. 8

ചേറിൽക്കുരുക്കുന്നു സിതാംബുജങ്ങൾ;
കാറിൽപ്പിറക്കുന്നു പയഃകണങ്ങൾ;
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഹചിത്രം വരയാൻ മനോജ്ഞം. 9

വിത്തത്തെ വൃത്തത്തിനു മീതെയുണ്ടോ
വിജ്ഞൻെറ നേത്രം വിലവച്ചിടുന്നു?
പൂജ്യക്കു നാം കുത്തുവിളക്കുതന്നെ
കൊളുത്തണം; വൈദ്യുതദീപമല്ല. 10

താൻ തീർത്ത പാഴ്പ്പുൽക്കൊടി പോം വഴിക്കു
ധാതാവിനും പോകണമൊട്ടു നാളിൽ;
നാകത്തിനും നാകുവിനും ശരിക്കു
നല്കുന്നതുണ്ടൊപ്പനിരപ്പു കാലം. 11

Digitized By Kerala Sahitya Akademi

ആരുച്ചർ? ആർ നീചർ? അനാൎയ്യമാമീ-
യസൂൽഗ്രഹച്ഛിദ്രമദുഷ്ടപൂൎവ്വം
അശേഷലോകത്തിനുമാനനത്തെ-
യപത്രപാനാശ്രിതമാക്കിടുന്നു. 12

ഹാ! തത്ത്വമസ്യാദിമവാക്യരത്ന-
മഹാഖനേ! മാമകമാതൃഭൂവേ!
നിനക്കു പണ്ടേ പരദൈവമല്ലീ
ഗിരീശനെപ്പോലെ പയോധിശായി? 13

കുന്നേതു നിന്നിൽ? കുഴിയേതു? പാൎത്താൽ
സൎവ്വം പരബ്രഹ്മമയം സവിത്രി!
അന്നിൻമുലപ്പാൽ നുകരുന്ന ഞങ്ങ-
ളന്യോന്യഹത്യാരതരസ്ഥിതാന്ധർ!! 14

അത്യുച്ചനാകും ഹിമവാൻ കുഴിഞ്ഞൊ-
രാഴിക്കുമേൽ ഗംഗയൊഴുക്കിടുന്നു;
അവൻെറ പുത്രന്നതുകൊണ്ടു പോരാ-
ഞ്ഞതിന്നകം പാൎപ്പതിലാശതോന്നി. 15

അതാണു തായേ! ഭവതിക്കു പണ്ടു-
ള്ളാദൎശ,മച്ഛന്നു മകൻ മഹീയാൻ;
താതൻ മറന്നാൽ തനയൻ തുടൎന്നു
തദ്വ്രതഖണ്ഡം പരിപൂൎണ്ണമാക്കും. 16

ശിശുക്കൾതൻ പുഞ്ചിരിപോലെനിക്കു
ചിത്തം കുളൎപ്പിച്ചൊരു കൊച്ചുപൂവേ!
വെൺതിങ്കളാകും പൊടികൊണ്ടു തീൎത്തു
വേധസ്സു നിന്മെയ്യതിനില്ലവാദം. 17

Digitized By Kerala Sahitya Akademi

തൈനട്ടു,മൻപോടു തടംപിടിച്ചും,
തണ്ണീർതളിച്ചും, തലവെട്ടിവിട്ടും,
ആരും പുലർത്താത്തൊരു നിൻചെടിക്കെ-
ന്താപ,ത്തനാഥാശ്രയമാണു ദൈവം! 18

പ്രഭാതജാഗ്രൽപവമാനപോത-
പര്യങ്കികാന്ദോളനഭാഗധേയം
തെളിഞ്ഞു നില്ക്കും പനിനീർമലക്കും
നിനക്കുമൊപ്പം വിധി നല്കിടുന്നു. 19

അതിന്റെ നേത്രത്തിലഹമ്മുഖത്തി-
ലതൃപ്തിദുഃഖാശ്രു നിറഞ്ഞിരിക്കാം;
ആഡംബരം വിട്ടൊരു നിന്റെ ദൃക്കി-
ലാനന്ദബാഷ്പാംബുവുമങ്കുരിക്കാം. 20

പ്രസന്നാഹ്നത്താൻ പറമ്പിലേതും
ഭാസ്വൽകഠോരാംശു ഭയപ്പെടാതെ
വാടാക്കരുത്തോടു നില്പൂ ഹാ! നിൻ-
വരിഷ്ഠഗുല്മം വശവർത്തിജന്മം. 21

പയോജവും കൈരവവും കണക്കെ
പക്ഷംപിടിച്ചില്ലൊരു ഭാവഭേദം;
ആത്മോദ്ധൃതിക്കാത്മശരണ്യനാകു-
മങ്ങേയ്ക്കു രാവും പകലും സമാനം. 22

താർതിങ്ങിടും നിൻചെടിയാമുദാര-
ഗാരുത്മതസ്തമ്പവിളക്കു ദൈവം
ലോകോത്സവത്തിന്നു കൊളുത്തിടുന്നു;
താഴത്തു തള്ളുന്നു മനുഷ്യദന്തി. 23

Digitized By Kerala Sahitya Akademi

പതിക്കയോ നിന്നുടെ പട്ടമെയ്യിൽ-
പ്പാപിഷ്ഠർതൻ പാംസുലമായ പാദം?
ശപിച്ചതാമിക്കവിയിങ്കലാരും
ശ്ശൗചത്തിനായ് പ്രോക്ഷണിയോ വരിപ്പൂ? 24

എന്തോതി ഞാൻ? മാനുഷരെൻ സഗർഭ്യ-
രെല്ലാരുമമ്മട്ടിൽ മദാന്ധരല്ല;
കുനിഞ്ഞു നിന്നെക്കരുണത്തൊടേന്തി-
ക്കൂടസ്ഥകത്താക്കിടുവോരുമുണ്ടാം. 25

ദർപ്പം വെടിഞ്ഞും, ദമശീലമാർന്നും,
ധാവള്യവും മാർദ്ദവവും തികഞ്ഞും,
ലസിച്ചിടും നിൻ തനു ലബ്ധവർണ്ണ-
നേത്രാമൃതസ്ഫാടികനാളി പൂവേ! 26

സർവ്വജ്ഞനില്ലേ സനകാദിസേവ്യൻ
സദാശിവൻ സാധുജനാനുകമ്പി?
വരാകനാം നിന്നെയവൻ നിതാന്തം
മാർക്കണ്ഡനെപ്പോലെയനുഗ്രഹിപ്പൂ. 27

വാസത്തിനാക്കോ കളധൗതശൈലം;
ലേപത്തിനാക്കോ സിതഭസ്മധൂളി;
വാഹത്തിനാക്കോ ധവളോക്ഷരാജൻ;
അദ്ദൈവതം വെണ്മയെയാദരിപ്പൂ. 28

ജാഡ്യം പെറും ഗംഗയെയും, വപുസ്സിൽ
വക്രത്വമാളും ശിശുചന്ദ്രനെയും
ക്ഷുദ്രാംഗനാം നിന്നെയുമൊന്നുപോലെ
മാനിച്ചു ശീർഷത്തിലവൻ ധരിപ്പൂ. 29

Digitized By Kerala Sahitya Akademi

വർണ്ണപ്രകർഷത്തിൽ മദിച്ചു പേർത്തും
വ്യാജോക്തി ചൊല്ലീടിന കേതകത്തെ
വേണ്ടെന്നു തള്ളും വിഭുവാണു നിന്റെ
വേഴ്ചയ്ക്കു കൂട്ടുന്നതു്! പുണ്യവാൻ നീ!! 30

വധൂടിമാർതൻ വളർകൈശികത്തിൽ
വാസത്തിനന്തിക്കുഴറുന്നതില്ല;
കാണ്മോരശേഷം കഷണിക്കുമാറു
കാമൻ തൊടുക്കും കണയാവതില്ല; 31

കുനിഞ്ഞതട്ടക്കാരനൊരു ഭൃതരെന്ന്യേ
കുപ്പയ്ക്കു മേലൊന്നുകിൽ വീണു ചാകും;
അല്ലെങ്കിലൊററക്കുതികൊണ്ടുയർന്നു
ഹരോത്തമാങ്ഗത്തെയലങ്കരിക്കും; 32

ഇതല്ലയോ ശൈലി നിനക്കു? നിന്നെ-
യീശൻ തുണയ്ക്കുന്നതിലെന്തു ചിത്രം?
കുലത്തിനേക്കാൾ ഗുണമെണ്ണുവോർതൻ
കണ്ണിന്നു നീയേ ഘനസാരഖണ്ഡം. 33

അല്ലേ! മദക്ഷീബചിത്തരേ! ഭവാന്മാ-
ർക്കാകണ്ഠമൂണിന്നരി സജ്ജമാക്കി
ച്ചുമന്നുനില്ക്കും ശുഭരൂപമാമി-
ത്തുമ്പച്ചെടിക്കത്രെ തൊഴേണ്ടു നിങ്ങൾ! 34

Digitized By Kerala Sahitya Akademi

# ഒരു പുണ്യപുരുഷൻ.

---

മോഹമാം തമിസ്രത്തിൻ മൂലച്ഛേദലീലയ്ക്കായ്
ദേഹബന്ധം കൈക്കൊണ്ട ദിവ്യജ്യോതിസ്സൊന്നിനാൽ
"ഈഹാംബാപുരം" പൂതമെന്നതാം വാൎത്താലാഭ-
മാഹാഭാഗ്യമേശാത്ത മൎത്ത്യകൎണ്ണമെങ്ങുള്ളൂ!

ആ "പൂന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മാ" വെ-
ന്നേല്പ്പെട്ടതാകും ദ്വാദശാക്ഷരം മഹാമന്ത്രം
ഏതു ജിഹ്വാഗ്രത്താൽത്താൻ ജപ്യമായീടുന്നതി;-
ല്ലേതുഹൃൽകോശത്തെത്താൻ വ്യാകോചമാക്കുന്നീല!

ശ്രേഷ്ഠഭാരതാദൎശപൂരുഷാഗ്രേസരൻ;
നൈഷ്ഠികബ്രഹ്മചാരി; നാനാശാസ്ത്രമൎമ്മജ്ഞൻ;—
വാക്കാലും വരിഷ്ഠമാം കൎമ്മവൃത്തത്താലുമി-
ന്നാഗ്ഗാംഗേയനോടൊക്കുമാൎയ്യനാമീയാചാൎയ്യൻ.

ഏതനാദിയാം ത്രയീദേവിയാൾക്കണിപ്പൊൻപ-
ട്ടേതു വാല്മീകിവ്യാസപ്പൂങ്കുയിൽത്തേന്മാമരം;
ആ മഹാ"ദേവവാണി"—അമ്മേ! ഭാരതാംബി! നി-
ന്നോമനക്കീൎത്തിക്കതിൎക്കററയ്ക്കൊരൊററത്തിങ്കൾ—

മൃത്യുപാശത്തിങ്കൽ നിന്നാശുകണ്ഠാപത്യത്തെ-
ക്കാത്തതീ നീലകണ്ഠൻ, ഭൂതിഭൂഷൻ, സൎവ്വജ്ഞൻ.
പേൎത്തും തദ്യശോഹൎമ്മ്യസ്തൂപിയായ് ശോഭിപ്പീലേ
പ്രത്യഗ്രനാളന്ദയാം പട്ടാമ്പിവിദ്യാലയം?

Digitized By Kerala Sahitya Akademi

അപ്പുണ്യവാഗ്ദേവതാക്ഷേത്രനൈവേദ്യാമൃത-
മാബ്രഹ്മമാം പഞ്ചമവേദസ്വാദ്യമഖിലർക്കും!
നൂനമിക്കർമ്മയോഗിയങ്ങിരുന്നാറ്റിക്കും
ജ്ഞാനവിശുദ്ധിദ്ര്യാഗം സർവ്വർക്കുമഭീഷ്ടദം!

ചിത്സാരൂപ്യമാർന്നോരെത്തീണ്ടുമോ ഭേദധ്വാന്തം?
ഇസ്സാന്ദീപനിക്കൊപ്പം കൃഷ്ണനാം കുചേലനും!
ഷ്യപ്പൊളാരെത്തുമട്ടിലെന്തു താൻ പൃച്ഛിക്കിലു-
മിപ്പിപ്പലാദോത്തമൻ സർവ്വസംശയച്ഛേദി.

ശങ്കരാചാര്യസ്വാമിക്കിപ്പുറം മഹാത്മസത്വത്തിൽ
വൻകുബേരത്വം വാച്ച കേരളീയനാരന്യൻ?
അമ്പിലീയാദിശേഷൻ തൻ പ്രസംഗമാകുന്ന
വിൺപുഴത്തുവെൺതിരത്തള്ളലിൽക്കളിക്കാഞ്ഞാൽ

ധൂർത്തല്ല സോദര്യരേ! നിങ്ങൾക്ക ദൈവം നല്കും
ശ്രോത്രശഷ്കുലീവഞ്ചി ശൂലമേ ശൂന്യാൽ ശൂന്യം!
ആഷ്ഭസ്മത്രിപുണ്ഡ്രകമാർന്നതാം നെററിത്തട,—
മാപ്രത്യഗാത്മധ്യാനസ്മേരമാം വക്ത്രാംബുജം;

ആരുദ്രാക്ഷകണ്ഠിയാൽ ശോഭിക്കും ഗളാന്തം,—
മാരും കൈയെടുത്തു പോമാര്യമാമാവിഗ്രഹം;
ഓരോന്നുമോർക്കുന്ന ഞാനോർക്കവേ മാഞ്ഞീടുന്നു
വേരോടെൻമനം വിട്ടു പങ്കവും ചാഞ്ചല്യവും.

വെന്നാലും സുകർമ്മാവേ! നീലകണ്ഠശർമ്മാവേ!
വെന്നാലും ദേവഭാഷാസൌധവിശ്വകർമ്മാവേ!
വെന്നാലും ചിന്താമണിപുണ്യജന്മദാതാവേ!
വെന്നാലും സനാതനധർമ്മൈകസന്ത്രാതാവേ!

---

Digitized By Kerala Sahitya Akademi

## ൩. എൻെറ മതം.

---

വിശ്വങ്ങൾ രക്ഷിച്ചു കാത്തഴിച്ചീടുന്ന
സച്ചിദാനന്ദാഭിധാനമൂർത്തേ!
അങ്ങേശ്ശിരസ്സും പദവും വിബുധേന്ദ്രർ
തിങ്ങളിൽത്തിങ്ങളിൽത്തേടിടുന്നു.

എങ്ങും നിറയുവോനെങ്കിലുമിപ്പൊഴു-
മങ്ങയെയുണ്ടെന്നുമില്ലയെന്നും
പ്രത്യക്ഷമാത്രപ്രമാണനായ് ശങ്കിക്കും
മർത്ത്യൻ നിനയ്ക്കുന്നു മാറിമാറി.

കാലദേശോപാധി കൈവിട്ടു ദൂരത്തു
മൂലപ്രകൃതിക്കുമപ്പുറമായ്
ചെമ്മെ വിളങ്ങിടുമെൻ പിതാവേ, ങ്ങെങ്ങി-
ച്ചിന്മദൃങ്മാത്രസഹായനാം ഞാൻ?

'നേതി നേതി'യെന്നുപനിഷദംബയു-
മോതിയകലത്തൊതുങ്ങിനില്ക്കേ
ഏതൊരു ദൃഷ്ടികൊണ്ടങ്ങയെക്കാണ്മൂ ഞാ-
നീദൃക്തയാലുമിയത്തയാലും?

അത്യച്ഛമായുള്ളൊരാകാശശീർഷത്തിൽ
മെത്തും ഭവൽക്ഷേത്രസന്നിധിയിൽ
ഏതുവഴിക്കിഴഞ്ഞെത്താവൂ മാദൃശർ—
പാതാളക്കണ്ടിലെപ്പാഴ്ക്കൃമികൾ?

Digitized By Kerala Sahitya Akademi

ൎക്കെത്തിടാത്തതാണപ്പദമെന്നോൎത്തു
ദുഃഖിപ്പതെന്തിനെന്മാനസമേ!
കണ്ടാലും മുന്നിൽ നീ വായ്പെഴു മുന്നോമൽ-
ക്കണ്ടോപഥങ്ങൾ സനാതനങ്ങൾ! 24

ഏതുവഴിക്കു തിരിക്കിലുമീശൻതൻ
പാദമൂലത്തിങ്കൽ ചെന്നുപററാം;
ചാലവേ തദ്ദിവ്യപീഠത്തെത്താങ്ങീടും
കാലിതിലോരോന്നും തക്കമില്ല. 28

ii

കൎമ്മമതിലൊന്നു കല്യാണപ്രാപ്തിക്കായ്
ചെമ്മേവിവേകം തെളിച്ചമാൎഗ്ഗം—
തിന്മയാം കൂരിരുൾ നീക്കിജ്ജഗത്തിതിൽ
വെണ്മതി മേല്ക്കുമേൽ മിന്നും മാൎഗ്ഗം. 32

ആകവേ തന്മൂലം ലോകമരാജക-
മാകുവാനാശിക്കും തസ്കരനും
തൻകോശം കാക്കുവാൻ രാജാവൊരാളുതെ
ചെങ്കോൽത്തണലിനെത്തേടിച്ചെൽവൂ. 36

ആരുടെ പത്നിയും തൻമെത്തയേറുവാൻ
പാരം കൊതിച്ചീടും പാതകിയും
തന്നോമൽകാന്തയാൾ സാവിത്രിയായ്ത്തന്നെ—
യെന്നെന്നും ജീവിപ്പാനിച്ഛകൊൾവൂ. 40

ജീവജാലങ്ങൾ മുഴുവനൊരുമട്ടിൽ
ദമവണം തൻെറനേക്കെന്നു വന്നാൽ
സാമ്പ്രതം മറെറാരു മട്ടിലവയുമായ്-
ത്താൻ പെരുമാറുക സാദ്ധ്യമാമോ? 44

Digitized By Kerala Sahitya Akademi

ഏകവസ്തു,തളു നേടാം തിരി; ച്ചാരും
പോകിയ പിന്തെന്ന്യേ കൊയ്യയുണ്ടോ?
ഇപ്പാരാം ചന്തയിൽ രണ്ടു താപ്പാവാമോ
വില്പാനും വാങ്ങാനും വേറേ വേറേ?

അന്യരിൽനിന്നു താനാശിപ്പതോരോന്നു-
മന്യർക്കും തന്നിൽനിന്നാശിക്കാതേ
പോംവഴിയില്ലാത്ത മട്ടല്ലോ ലോകത്തിൻ
സാംസിദ്ധികമായ സംവിധാനം.

എന്നാലിത്തത്ത്വം ധരിക്കുന്ന മാനുഷ-
നന്നാൾ മുതല്ക്കവൻ, സ്വാൎത്ഥഹീനൻ,
കൎമ്മമാൎഗ്ഗത്തിൽ ചരിക്കുന്നു ദൈവത്തെ-
ധൎമ്മമുകുരത്തിൽ നോക്കി നോക്കി.

ഭുവിതശേഷമവനു തറവാടാം;
ജീവികളെല്ലാമുടപ്പിറപ്പാം;
ഏകമാം ഭിന്നിച്ച ജാതിമതാദികൾ;
ലോകോപകാരമാം നിത്യകൎമ്മം.

ദുഷ്കൃത്യം ചെയ്യോനും തന്നുടെ നാവിനാൽ
സൽകൃത്യം നല്ലതെന്നോതുന്നീലേ?
കൃത്യവും വാക്കും പിഴപ്പോനും തന്നുള്ളം
കൎത്തവ്യമെന്തെന്നു കാട്ടുന്നീലേ?

അന്തഃകരണത്തിൻ സന്നിധിയിൽ ഖലൻ
തൻതല നാണത്താൽ താഴ്ത്തിത്താഴ്ത്തി
ഘോരാനുതാപതുഷാഗ്നിയിലേകനായ്
നീറി നിറം കെട്ടു നില്ക്കുന്നീലേ?

Digitized By Kerala Sahitya Akademi

പാഥസ്സും പാലും തിരിച്ചറിഞ്ഞീടുവാ-
നേതൊരുമാനസഹംസത്തിന്നും
പാടവം നല്കിക്കൊണ്ടെൻ മുന്നിൽ മിന്നുന്നു
കോടിസൂര്യാഭനാ;ണ്ടെൻ പിതാവേ!

സത്യസ്വരൂപനായ് ധർമ്മാത്മാവായ് സാക്ഷാൽ
കൃത്യാകൃത്യോപദേശാചാര്യനായ്
നിർമ്മായമങ്ങയെക്കണ്ടു ജയിച്ചാറു
ജന്മാന്തരാർജ്ജിതമെൻ സുകൃതം!!

iii

സന്മാർഗ്ഗമാമതിൻ ചാരത്തായ് ജ്ഞാനമാം
ചിന്മാർഗ്ഗം മറെറാന്നു കണ്ടിടുന്നു.
പൃഥ്വിയിലൂടെ ഗമിപ്പതു മുൻചൊന്ന-
തബ്ധിയിൽക്കൂടിച്ചരിപ്പതന്യം.

മേളിക്കനുണ്ടൊന്നു ദൂരത്തിലങ്ങേതോ
കാലിക്കളമ്പിൻെറ പാട്ടുപോലെ.
മണ്ടുന്നു വേഗത്തിൽ മുന്നോട്ടു ലോകമ-
ക്കണ്ടുകളത്തിൽ കൃഷിയിറക്കാൻ!

സാമീപ്യമാളുമ്പോൾ മാറാൻ തുടങ്ങുന്നു
വാമനൻ പേർത്തും ത്രിവിക്രമനായ്.
ഉദ്യോഗികളാം വിബുധർക്കു പോലുമാ
വിദ്യാപയോധിയദൃഷ്ട്യാന്തല്ലോ!

അനന്തവിസ്തൃതഗംഭീരാകാരമാ-
മായബ്ധിയാഴിതൻ തീരത്തിങ്കൽ
അങ്ങിങ്ങു ധീവരരാനതമസ്തകർ
മുങ്ങിയെടുക്കുന്നു മൌക്തികങ്ങൾ.

Digitized By Kerala Sahitya Akademi

വാനോട്ടമുമ്മും തിരശ്ചമേമേറുമ്പോൾ
ഞാനോ ഞാനല്ലയോ! എന്നമട്ടിൽ
മീശപിരിച്ചു മിടുക്കനായ് മപ്പടി-
ച്ചീശനെ വെല്ലുവിളിച്ചിടുന്നോൻ

അപ്പുറമോരോരോ കാഴ്ചകൾ പുത്തനാ-
യത്ഭുതമത്ഭുതം കാൺകെക്കാൺകെ
സമ്പ്രതി ചോട്ടിലേച്ചാലിൽപ്പതിക്കുന്നു
തൻപ്രജ്ഞാപോതവും താനുമായി.

ദൂരത്തു വീക്ഷിക്കിൽക്കോടിക്കണക്കിനു
സൌരയൂഥത്തിന്മേൽ സൌരയൂഥം!
ചാരത്തു സൂക്ഷിക്കിലോരോരണുവിലും
ഭൂരിപരമാണു മേല്ക്കുമേലേ!!

അത്ഭുതമോരോന്നുമൈശ്വരജ്യോതിസ്സിൻ
വിഷ്ഫുലിങ്ഗംപോലെ വിദ്യോതിപ്പൂ.
പാർക്കുന്നു രണ്ടിനും സോദരസംബന്ധം
പാഴ്ക്കരി വൈരമായ്ക്കണ്ട ശാസ്ത്രം.

പെട്ടെന്നു കൈതെററിത്താഴത്തുവീഴുന്നു
പൊട്ടുറെറലസ്കോപ്പും മൈക്രോസ്കോപ്പും.
അസ്മിതാബാധയകന്നടികൂപ്പുന്നു
വിസ്മയസ്തബ്ധമാം വിജ്ഞാനീയം.

കേളിയിൽ പ്രാകൃതശാസ്ത്രപയോധി സർ
ഓളിവർ ലോഡ്ജ് കടന്നുചെല്ലേ
ഓതുവാൻ സ്വാഗതമക്കരെ നില്ക്കുന്നു
പ്രേതലോകസ്ഥനാമാത്മപുത്രൻ!

Digitized By Kerala Sahitya Akademi

എത്തിപ്പോയെത്തിപ്പോയ്കൈയിലെന്നായ് നര-
ബുദ്ധിദമയന്തിയാക്കും മട്ടിൽ
മുന്നോട്ടു മുന്നോട്ടുമുഗ്ദ്ധയെ ലീലയിൽ
മന്ദം നയിക്കുന്നു ജ്ഞാനഹംസം.

നേടിയ വിജ്ഞാനകോടികൾ ഭാവിയിൽ
നേടാൻ കിടക്കുന്നവയുമായി
താരതമ്യം പാർത്താൽ രത്നാകരത്തിന്റെ
തീരത്തടിഞ്ഞ മണൽത്തരികൾ.

കണ്ണിനാൽ കാണ്മതൊരല്പം; കരളിനാ—
ലെണ്ണിടാവുന്നതതിലുമേററം;
കണ്ണും കരളും കടക്കാതെ വാഴ്വതു
മണ്ണിലും വിണ്ണിലുമേററമേററം!

തത്തടിച്ചിഴയമധുപാനമത്തയാം
വിദ്യാധിരാജ്ഞി തൻ മോഹനാംഗം
മെച്ചമായ്ക്കാണാം പ്രകൃത്യംബ തന്മുന്നിൽ
ലജ്ജാവനമ്രയായ് നില്ക്കുന്നേരം.

പേർത്തും മറയിൽ മറഞ്ഞുവിളങ്ങുമി-
സ്സാധ്വിക്കു ഞാൻ സദാ കൈക്കൂപ്പാവൂ!
വ്യംഗ്യപ്രധാനമായുള്ളോരിക്കാവ്യത്തിൻ
ഭംഗികൾ മേന്മേൽ പഠിച്ചിടാവൂ!!

iv

പിന്നത്തേതാനന്ദമാർഗ്ഗം; മതുതന്നെ—
യുന്നതമായുള്ള ഭക്തിമാർഗ്ഗം.
ആകാശത്തൂടേ ചരിപ്പിപ്പൂ നമ്മെയീ-
ലോകാഭിരാമമാം മൂന്നാം മാർഗ്ഗം.

Digitized By Kerala Sahitya Akademi

സന്മാർഗ്ഗം ധർമ്മവും ചിന്മാർഗ്ഗമർത്ഥവു-
മിമ്മാർഗ്ഗം കാമവും വേണ്ടമട്ടിൽ
സാധിപ്പാൻ മർത്ത്യനെശ്ശക്തനായ് തീർക്കുന്നു—
സാധുസംസേവ്യങ്ങളൊപ്പമെല്ലാം. 144

പേർത്തും മഹർഷിമാരൊന്നിലും, മററൊന്നിൽ
ശാസ്ത്രജ്ഞവര്യരു,മെന്നപോലെ
മൂന്നാം പടവിയിൽ പോകുന്ന ലോകത്തി-
ന്നൂന്നായ് വിളങ്ങും കവീശ്വരന്മാർ. 148

അൻപിൽ പ്രകൃതിതൻ സർവ്വാംഗസൌന്ദര്യ-
സമ്പൽസമുന്നതി കാൺകെക്കാൺകെ
പ്രേമപാശാകൃഷ്ടരായിവർ മിന്നുന്നു
കോൾമയിർക്കൊണ്ടിട്ടും മേനിയോടും. 152

ലോകൈകശില്പിതൻ കൌശലപാരമ്യ-
മേകൈകമാകും തൽസൃഷ്ടിയിലും
പ്രത്യാദരം സൽക്കവി കൺകുളിരുംപടി
പുത്തനായ്പ്പുത്തനായ്ക്കണ്ടിടുന്നു. 156

അലഘന്യൻ തന്മിഴിക്കാദിത്യബിംബവും
ചിത്രശലഭവും ഭേദമില്ല;
ഇമ്പം ഗിരീശനു തിങ്കൾക്കലയിലും
തുമ്പമലരിലുമൊപ്പമല്ലോ! 160

പൃഥ്വിയവനു സമഗ്രമായ് മുററത്തേ-
മുത്തങ്ങപ്പുല്ലിൽ പ്രതിഫലിപ്പൂ;
ശാരീരഭാഷ്യത്തിൻ തത്വം ഗ്രഹിപ്പിപ്പൂ
ശാരികപ്പൈതലിൻ ചാരുഗീതം. 164

Digitized By Kerala Sahitya Akademi

ഉല്ലാസപൂർവ്വമാമാർഗ്ഗത്തിൽ പ്രേമത്തിൻ
ചൊല്ലാളും മാഹാത്മ്യം പാടിപ്പാടി;
ബിംബപ്രതിബിംബഭാവത്തിലന്യോന്യം
സ്തംബബ്രഹ്മാക്കളെയോതിയോതി; 168

ചൈതന്യം സർവ്വജനങ്ങൾക്കും വായ്പിക്കും
സ്വാതന്ത്ര്യകാഹളമൂതിയൂതി;
ഉല്ലേഖപിഞ്ഛികകൊണ്ടോരോ പുത്തനാം
സ്വർല്ലോകമന്ദിരം കെട്ടിക്കെട്ടി; 172

പശ്ചവേ പാരിതിൻ പിന്നിലായ് ദൈവത്തിൻ
കൈയും കടക്കണ്ണും കാട്ടിക്കാട്ടി;
ഹൃദ്യകലകൾക്കധിഷ്ഠാത്രിയാം ദേവി
നൃത്തം തകർക്കുന്നു നീളെ നീളെ! 176

എന്നെന്നുമീവഴി സഞ്ചരിച്ചാവൂ ഞാ-
നെന്നെയും കൂടി മറന്നവനായ്!
വിശ്വമാം തൽ സ്നേഹപാത്രത്തിനുള്ളിലെ-
ന്നച്ഛനെക്കണ്ടാവൂ! വന്ദിച്ചാവൂ!! 180

V

ഇങ്ങനെ കൈകോർത്തും തമ്മിലുരുമ്മിയു-
മങ്ങിങ്ങു ചുററിപ്പിണഞ്ഞും മേന്മേൽ
ഇപ്പാത മൂന്നും ചെററപ്പുറത്തൊന്നിച്ചു
മുപ്പിരിപ്പട്ടുചരടുപോലെ. 184

മെല്ലെയിതിന്മേൽ പിടിച്ചു കയറി നാം
ചെല്ലുക ചെല്ലേണ്ട ദിക്കിൽ വേഗം
ലേപം തമസ്സിൽനിന്നേശാതെ നമ്മെയി-
ദ്ദീപത്രയം സദാ കാത്തുകൊള്ളും. 188

Digitized By Kerala Sahitya Akademi

ത്രിസ്രോതസ്സാകുമിദ്ദേവിയെ സ്നാനത്താൽ
ദുസ്സാധമല്ലാർക്കുമാരാധിപ്പാൻ;
മൃഗ്യങ്ങളല്ലതു ചെപ്പോന്ന വേദങ്ങൾ,
ഋഗ്യജുസ്സാമങ്ങൾ, വേറെയെങ്ങും.

ലോകത്തിലുള്ള മതങ്ങളിപ്പാതയ്ക്കു
കൈകാട്ടിത്തൂണുകൾ കാണ്മതെല്ലാം.
ഓരോരോ ദേശത്തിലോരോരോഭാഷയി-
ലോരോരോ മട്ടിലെഴുത്തുകൊത്തി

ഓരോരോദാരുവാൽ തീർത്തോരീസ്തംഭങ്ങ-
ളോരോന്നും കാട്ടുന്നതൊററമാർഗ്ഗം.
അലിപി വായിപ്പാനാവാതെ താനിരു-
കാലികൾ തമ്മിൽ കലഹിക്കുന്നു.

രാമനും റഹിമും കൃഷ്ണനും ക്രിസ്തുവും
നാമധേയത്തിനാലീഷൽഭിന്നർ
സച്ചിദാനന്ദമഹസ്സിൻ പ്രതീകങ്ങൾ—
നിശ്ചയമമ്മഹസ്സേകമേകം!

ഊഴിയിലീമതത്തേന്മാവിലൊക്കയും
പാഴിത്തിൾക്കണ്ണി പടർന്നുപോയി;
ഈ മരക്കൊമ്പിലിരുന്നു കരയുന്നു
കൂമനും കാകനും മാറിമാറി.

മുററും മതാലയമൊക്കയുമാചാര-
പ്പുററിൽ മുടിവരെ മൂടിപ്പോയി;
മേദിനി കീഴ്മേലായ്; ശാകോപദംശത്തി-
ന്നോദനസ്ഥാനമമന്ദഃപായി!

Digitized By Kerala Sahitya Akademi

‘ഹോയി’യെന്നാട്ടുവോരൊട്ടുപേർ! ഒട്ടുപേർ
‘ഹാ’യെന്നു വാൾത്തലയാൽ വലിപ്പോർ.—
ഈ രണ്ടു കൂട്ടർക്കും പോക്കുളമോ ഹന്ത
ഭാരതമാതാവിൻ പാവനാങ്കം!!

തമ്മിലിടഞ്ഞു തല പൊളിഞ്ഞീടാതെ
കൺമിഴി തെല്ലു തുറക്കാമെങ്കിൽ
ദിവ്യരാം മൂവരെക്കാണാം നമുക്കവർ
നവ്യമതാചാര്യനായകന്മാർ!

ഗാന്ധി,ബോസ്,ടാഗോർ—ഈ മൂർത്തിത്രയത്തെ നാം
സ്വാന്തത്തിൽ ധ്യാനിച്ചു മോക്ഷം നേടാം.
സിദ്ധനതിലൊരാൾ, വിജ്ഞൻ പര, നന്ത്യ-
നുത്തമനായുള്ള കാവ്യകാരൻ;

കർമ്മവും ജ്ഞാനവും ഭക്തിയും ലോകത്തി-
ന്നിമ്മഹാത്മാക്കളുപദേശിപ്പൂ.
നന്നായ് ഗ്രഹിപ്പിപ്പൂ സാക്ഷാൽ “ശിവം സത്യം
സുന്ദരം” എന്നിപ്പദങ്ങൾക്കർത്ഥം.

അദ്വൈതദ്വൈതവിശിഷ്ടാദ്വൈതങ്ങൾതൻ
തത്വം ധരിക്കാഞ്ഞാൽ സാരമില്ല!
എപ്പോഴുമെൻപിതൃദർശനത്തിന്നെനി-
ക്കിപ്രസ്ഥാനത്രയം മാത്രം പോരും!

---

Digitized By Kerala Sahitya Akademi

# ൧. ഗാനോപഹാരം.

മാതാവേ! ബെസന്റമ്മേ! മർത്ത്യാവതാരം പൂണ്ട
ഗീതാവാക്യാധിഷ്ഠാനദേവതേ! നമസ്കാരം!
ലോകമോഹാന്ധകാരച്ഛേത്രിയാമുഷസ്സന്ധ്യേ!
ദേഹദേഹ്യംബുക്ഷീരഭേദവിജ്ഞയാം ഹംസി!

ജംഗമബ്രഹ്മവിദ്യേ! ഭാരതഭൂലങ്കാര-
മംഗലപ്രദീപികേ! മാഹാത്മ്യസ്വരൂപിണി!
അക്ക താനങ്ങേയ്ക്കുള്ളോരത്ഭുതാപദാനങ്ങൾ
വാക്കിനാൽ വാഴ്ത്തീടാവൂ? വാഴ്ത്തിയാലൊടുക്കാവൂ?

ത്വജ്ജന്മോദ്ദേശം സാക്ഷാൽ ധർമ്മത്തിൻ സംസ്ഥാപനം
സ്വച്ഛന്ദയോഗക്ഷേമേ! സിന്ധുമേഖലാസൂതേ!
ദൂരസ്ഥകാന്താരമേ നേദിഷ്ഠപ്രതാളിയായ്,
ഘോരകാരാഗാരമേ കോമളപ്രാസാദമായ്,

സ്വാനുഭൂത്യനിർജ്ഝരാശ്ലേഷയാമങ്ങല്ലാതെ
മാനുഷർക്കാരുണ്ടമ്മേ! മാർഗ്ഗോപദേശം ചെയ്‌വാൻ?
മന്നിൽനിന്നാഴിക്കുള്ളിൽ മഗ്നമാം മഹാമ്നായം
ത്വന്നേത്രമീനോദ്ധൃതം വീണ്ടുമിന്നുദ്ഭാസിപ്പൂ.

പ്രത്യക്ഷവാഗ്ദേവതേ! ഭാവൽകസദ്വ്യാപാരം
പ്രത്യഹം ജയിക്കുന്നു ത്വദ്രഹസ്യാദ്ധ്യാപനം.
ഭാരതക്ഷ്മാദേവിയെപ്പണ്ടത്തെച്ചൈത്രം നീങ്ങി-
ഗ്ഘോരഭൗതികഗ്രീഷ്മതപ്തയായ് ദൈവം കാൺകെ

Digitized By Kerala Sahitya Akademi

ഐശ്വര്യവർഷാഗമം ശംസിപ്പാൻ നിയോഗിച്ചാൻ
പശ്ചിമാകാശത്തിൽനിന്നങ്ങയാം വലാകയെ.
പണ്ടുതൊട്ടോരോമട്ടിൽ പാശ്ചാത്യർകെട്ടിക്കേറി-
ക്കൊണ്ടുപോം മീട്ടുമസ്മദധിത്തത്തിന്നശേഷവും

പാല്യരങ്ങയാലെന്നു വന്നദ്ദപ്പാർത്തന്നേ നേടീ
മൂല്യവും വാദ്ധ്യക്ഷ്യവും ചക്രവൃദ്ധിയും ഞങ്ങൾ.
പാതാളത്തോളമന്യപാദാഘാതത്താൽ താണ
മാതാവേ! മനംനൊന്തു മാറ്റീടും മനസ്വിനി!

ഭാരതക്ഷമേ! ഭവൽപ്രേഷ്യപുത്രിയാലങ്ങു
പാരതന്ത്ര്യാന്ധ്യവിട്ടു പാതിയും കേറിപ്പോയി.
തൽകരാവലംബത്താലങ്ങയ്ക്കു നേടാം വീണ്ടു-
മഗ്ര്യമാം പൂർവസ്ഥാനമപ്പുറത്തേക്കും ചെല്ലാം!

ഈമഹിപ്പത്തേതും തപസ്യകയാൽ ലഭിച്ചീടു-
മീമഹിമധരാത്മജയ്ക്കീശ്വരൻ നിത്യാധീനൻ.
സൂര്യനും സൂര്യനാവോൻ രാപ്പകൽപ്രകാശിക്ക-
മാര്യമാമാദ്ധ്യാത്മിക സാമ്രാജ്യം പാലിപ്പോളേ!

സാധുസംരക്ഷചെയ്യും തൻത്തുവൽച്ചെങ്കോൽകൊണ്ടു
ഭൂതലം പുതുസ്വർഗ്ഗമാക്കീടും പുണ്യാത്മികേ!
ഇന്നത്തേ വിക്റേറാറിയാഭവിയാം ബെസൻറമ്മേ!
എന്നെന്നുമങ്ങേയ്ക്കേകുമീശ്വരൻ സന്മംഗലം.

ശാരദാരൂപേ! മഹാതാപസി! ജഗദേക-
* ശാരദപൌർണ്ണമാസീചന്ദ്രികേ! ജയിച്ചാലും.

---

* ഈ കവിതയെഴുതിയ കൊല്ലം 1925 ആനിബെസൻറമ്മയുടെ ജന്മദിവസം ശാരദപൌർണ്ണമാസീദിനത്തിലാണെന്നുള്ളതു് ഇവിടെ ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

## ൮. ബാലാംകുരം.

ചെമ്മേ മുളച്ചീരിലയിട്ടൊരോമൽ-
ത്തേന്മാവിളന്തയ്യിവിടത്തിൽ നില്പൂ;
തെളിഞ്ഞിതേല്പൂ ജഗദംബതന്റെ
തെന്നൽക്കരത്തിൻ ചെറുതൊട്ടിലാട്ടം. 1

തൻകൈകളാലിത്തളിരോമനത്തൈ
തടത്തറയ്ക്കുള്ള തണുത്ത മെയ്യിൽ
ചെങ്കുങ്കുമച്ചാറു തളിച്ചിടുന്നു;
ചുമപ്പുകല്ക്കാപ്പണിയിച്ചിടുന്നു. 2

തടത്തിലിത്തങ്കമരക്കരുന്നു
തൻതാതനീശന്റെ നിദേശമേന്തി
പൊങ്ങിത്തുടങ്ങീ ഭുവനാർത്തിപോക്കാൻ
പൂർവ്വാചലത്തിൽപ്പുലർഞായർപോലെ. 3

വരാം സഖാവേ! ഭവദാഗമത്തെ
വാനും ഭൃശം പാരുമുദീക്ഷചെയ്‌വൂ;
ഭവാദൃശന്മാരുടെ ജീവിതങ്ങൾ
പരോപകാരൈകപരങ്ങളല്ലീ? 4

സുപ്രാതമങ്ങേയ്ക്കുരചെയ്തുകൊണ്ടു
തോട്ടം സ്വകീയദ്രുമമർമ്മരത്താൽ;
പ്രാർത്ഥിച്ചുനില്പൂ ഭാവികം പ്രഭൃതം
പച്ചക്കിളിപ്പൈതലമഞ്ജുകൂജനത്താൽ. 5

Digitized By Kerala Sahitya Akademi

ജന്മാത്യയത്തിൽ ജഡമാത്രമായി-
പ്പതിച്ചതാം പകാരസാലബീജം
തന്മാറിടത്തിന്നണിയായ് ധരിച്ചാൾ
സർവംസഹാദേവി ഭവൽസവിത്രി. 6

ഭൂദേവിതൻ കൈ പുതുമട്ടിൽ നെയ്ത
പൂഴിപ്പുതപ്പാലുടലാകെ മൂടി
സംവേശമൊട്ടാത്തതരുബീജമാർന്നു
സമാധികൊള്ളുന്ന തപസ്വിപോലെ. 7

അപ്പൂഴിയോരോന്നുമഹോ! ജഗത്തി-
ന്നന്യോപകാരവ്രതനിഷ്ഠമൂലം
ധന്യത്വമേകിജ്ജനനാന്തമാർന്ന
സത്തുക്കൾതൻ മെയ്ത്തരിയായിരിക്കാം. 8

കല്യാണിയാം കാശ്യപിതൻ വയററിൽ
കായാധവന്നൊത്ത ഭവാൻ ശയിക്കേ
അറിഞ്ഞിരിക്കാമവയിങ്കൽ നിന്നു-
മാത്മോദ്ധൃതിക്കുള്ളൊരവിഘ്നമാർഗ്ഗം. 9

വിശുദ്ധമായുള്ളൊരു വേള വന്നു;
ബീജം പ്രരോഹാഭരണം ധരിച്ചു;
തങ്കപ്രകൃത്യുത്സവകേതനത്തിൽ-
ത്തളിർക്കൊടിക്കൂറകൾ പാറുമാറായ്. 10

മഹീമഹേളയ്ക്കിതു മാറിൽ മിന്നും
മഹാർഹമാണിക്യമണീമതല്ലി;
ചാരുത്വമിത്രയ്ക്കു വരാനിതേതു
ചാണയ്ക്കു തേച്ചോ ചതുരാസ്യശില്പി? 11



Digitized By Kerala Sahitya Akademi

മർത്ത്യർക്കു സമ്മാനമിവണ്ണമെത്ര-
മാതർമ്മഹീദേവി! മഹാനുഭാവേ!
പ്രസൂതിദുഃഖം പ്രതിമാത്രമേല്ക്കും
ഭാവത്കദിവ്യാഭരമേകിടുന്നു! 12

പോകുംവഴിക്കമ്മ വിരിക്കുമോമൽ-
പൂമ്പട്ടുപാവാട തെറുത്തുതള്ളി
കല്ലിൽ ചവിട്ടിക്കഴൽ നൊന്തുനൊന്തു
കാലം തുലയ്ക്കുന്നു കിടാങ്ങൾ ഞങ്ങൾ! 13

നമോസ്തു തേ നന്ദനകാമധേനോ!
വസുന്ധരേ! വത്സലസത്സവിത്രി!
നശിപ്പതോരോന്നിനുമമ്മയല്ലീ
വായ്പിപ്പൂ നവ്യാകൃതിചാരിതാർത്ഥ്യം? 14

പരേതമാകും പ്രതനാശ്വത്ഥത്തിൻ
പാഴ്മെയ്യടക്കപ്പെട്ടുകണ്ടിലെങ്ങും
നാൾതോറുമേത്തു നവീനമായ
നന്മക്കുരുന്നമ്മ നടുന്നതില്ല! 15

കൈപ്പും ചവർപ്പും കലരും കദർത്ഥം
കാലക്രമത്തിൽക്കറ തീരെ മാററി
ഭുക്ത്യർഹമാക്കുന്നതു ഭൂതധാത്രി!
ഭൂയിഷ്ഠമാം നിൻപുടപാകശില്പം. 16

ഉലയ്ക്കകം പേർത്തുമുരുക്കിയൂതി-
യോരോ ചരസ്ഥാവരവസ്തുവിന്നും
നിറത്തിലും മാററിലുമെത്ര മേന്മ
നീ നല്കിനില്ലീല! ജനുസ്സുതോറും! 17

Digitized By Kerala Sahitya Akademi

പാതാളഗർത്തത്തിലവാക്ശിരസ്സായ്-
പ്പതിക്കുമോരോ വിഷജന്തുവിന്നും
പ്രത്യഗ്രനക്ഷത്രപദാർപ്പണം താൻ
ചാവൽക്കപ്പൊണിദയപാരിപാട്യം. 18

മൺകട്ട നീ മാററി വെളിക്കു കാട്ടീ
മഹീരുഹത്തിൻ മഹിതപ്രരോഹം;
പരുത്ത പാറപ്പലകക്കു നല്കീ
പരാർദ്ധ്യദേവപ്രതിമാനരൂപം. 19

തരത്തിലോരോ തളിർ വീശിവീശി
ദിനംദിനം തൻനില മെച്ചമാക്കി
താരാപഥത്തേക്കുയരുന്നതാമി-
ത്തെമാമരം സർവമനോഭിരാമം. 20

മാമൂൽ ചിലങ്ങിട്ടു കുടുക്കിടുന്ന
മഹത്തലങ്ങളിലടിഞ്ഞിടാതെ
തഴച്ചുപൊങ്ങുന്നു ഭവാൻ സഖാവേ!
ദൈവം തുറന്നിട്ട നഭസ്ഥലത്തിൽ. 21

അനന്തവിസ്താരമനോരമങ്ങ-
ളപാരതന്ത്ര്യാഗമപോഷകങ്ങൾ
ആകാശദേശങ്ങൾ വഹിപ്പതില്ല
ഹാ! മർത്ത്യമാത്സര്യവിഷാണുലേശം. 22

കാലൂന്നിനില്ക്കുന്നു പിറന്നനാളിൽ-
ക്കൈവന്നതാം കാര്യപിതൻ തടത്തിൽ;
കേറുന്നു താനും ക്രമവൃദ്ധിയാർന്നു
ഗീർവ്വാണവർണ്ണ്യാപഥമാം നഭസ്സിൽ; 23

Digitized By Kerala Sahitya Akademi

മുളയ്ക്കുവേ മൂട്ട മറപ്പതില്ല
മൂടിക്കിടപ്പീല മുടിഞ്ഞമുക്കിൽ;
ഭവാൻ സ്ഥിതിസ്ഥാപകരിൽ പ്രമാണി;
ഭവ്യോൽപതിഷ്ണുക്കളിലഗ്രഗണ്യൻ. 24

(യുഗ്മകം)

വേഗത്തിൽ വായ്ക്കട്ടെ സഖേ! ഭവാനു
വിശ്വപ്രപഞ്ചോത്സവമായ കാലം;
പരാർത്ഥമായുള്ളൊരു ജീവിതത്താൽ
പാരിച്ച പുണ്യം പുലരുന്ന കാലം. 25

ശാഖോപശാഖാഞ്ചിതമായ കായം
താപിഞ്ഛപത്രക്കുടയാൽ മറച്ചും;
മനോജ്ഞമങ്ങിങ്ങതിൽ നൽപ്രവാള-
മാണിക്യരത്നാഭരണം ധരിച്ചും; 26

പുഷ്പത്തുവല്പിച്ചൊരു പുത്തനായ
പൂങ്കൊത്തുപൊൻചെണ്ടുകൾ പൂണ്ടുകൊണ്ടും;
ശലാടുസന്താനനിരയ്ക്കു വായ്ക്കും
തൈത്തെന്നലൂഞ്ഞാൽക്കളി കണ്ടുകൊണ്ടും; 27

ചരാചരങ്ങൾക്കൊരുപോലെ മേന്മേൽ
സർവോത്തമം സാധനപാഠമായി
നിവിന്നുയർന്നൂഴിയിലെൻ വയസ്യ!
നീ നില്ക്കുമന്നാൾ നിബരീസപുണ്യൻ. 28

(വിശേഷകം)

വളച്ചുവച്ചോരു കരിമ്പുവില്ലിൽ
ബാണം തൊടുക്കട്ടെ മനോജ്ഞദേവൻ;
ചോദിച്ചിടട്ടേ മൃദുപഞ്ചമാദ്യം
ഗാനോൽകമാകും കളകണ്ഠകണ്ഠം; 29

Digitized By Kerala Sahitya Akademi

ഉങ്ങങ്ങു ചാഞ്ചാടി വലഞ്ഞു കേഴ്-
മിന്ദിന്ദിരത്തിൻ തൃഷ തീർന്നിടട്ടേ;
ചിരോപവാസവ്രതപാരണയ്ക്കു
ശീഘ്രം പതംഗങ്ങൾ മുതിർന്നിടട്ടേ; 30

ഛായാസമാലംബനമാർന്നിടട്ടേ
ചണ്ഡാംശുതാപാർദ്ദിതരദ്ധ്വനീനർ;
മൂലം തപസ്യാസ്പദമാക്കിടട്ടേ
മോക്ഷം കൊതിക്കുന്ന മുനിപ്രവേകർ; 31

നീഡങ്ങൾ തീർക്കട്ടെ ഗൃഹസ്ഥരായ
കീരങ്ങൾ, ഹർമ്മ്യങ്ങൾ ധനാഢ്യർപോലെ;
പാടട്ടെ നിത്യം പ്രകൃതിപ്രഭാവം
പ്രപഞ്ചതത്ത്വജ്ഞർ കവീന്ദ്രർപോലെ; 32

പരാഗസമ്മർജ്ജനമാർന്നിടട്ടേ
സഹ്യാദ്രിമന്ദാനിലഗന്ധദന്തി;
അപ്പൂമ്പൊടിത്തങ്കമഷിക്കുറിപ്പാൽ
ദിഗ്ഭിത്തി വാഴ്ത്തട്ടെ ഭവൽപ്രശസ്തി. 33

(കുളകം)

വാവിട്ടു കാറെറാട്ടു വരാനിരന്നും,
മന്ത്രംജപിച്ചും, മണൽ നുള്ളിയിട്ടും,
വീഴും പഴം മുണ്ടിൽ നിറച്ചുവച്ചും
വീർത്തും വിയർത്തും വെറുതേ തകർത്തും; 34

പൊക്കിപ്പിടിച്ചോരു കഴുത്തു; തീരെ-
ത്താഴത്തു നില്ക്കാത്ത കഴൽപ്പടങ്ങൾ;
വാക്കേററമോതാനുഴറുന്ന നാക്കു;
മാനത്തു ചിമ്മാതെ നിലച്ച ദൃഷ്ടി; 35

Digitized By Kerala Sahitya Akademi

ഈമട്ടിലുൎവ്വിനയഗോത്സവങ്ങ,
ളീശന്റെ വാത്സല്യമണിക്കുടങ്ങൾ,
കൂടട്ടെ പൊന്നുണ്ണികൾ നിൻ ചുവട്ടിൽ
ഗോവിന്ദപാദത്തിൽ മുനീന്ദ്രർപോലെ. 36
(വിശേഷകം)

ആരാമലക്ഷ്മിക്കണിഃകേശപട്ട-
മാകാശതാരാവലിയാവണച്ചും;
വെൺതിങ്കളെക്കൊണ്ടു മുകൾപ്പരപ്പിൽ
മിന്നാമിനുങ്ങുക്കളി കാട്ടിവിട്ടും; 37

തൈത്തെന്നൽ തട്ടിച്ചുടകങ്ങൾ മൂളും
താരാട്ടുപാട്ടാം കുളിർതാരിളന്തേൻ
കൂടേറിവാഴും കിളികൾക്കുറങ്ങാൻ
കോരിച്ചെവിക്കുമ്പുകളിൽത്തളിച്ചും; 38

തളന്നു കൈകാലുകൾ നീട്ടിയുള്ള
ചരാചരസ്വാപദശാന്തരത്തിൽ
നിഷ്പന്ദനേത്രം നിഖിലേശിതാവിൽ
നിത്യം നിദിധ്യാസനശീലമാന്നും; 39

സന്താപമേകാൻ വരുമക്കരശ്മി
ശൈത്യാർദ്രമാക്കം പകൽമാത്രമല്ല;
മഹീമുഖത്തിൽക്കരിതേപ്പിനെത്തും
രാവിങ്കലും നീ രമണീയചര്യൻ. 40
(കലാപകം)

തപ്താംശുബാണങ്ങൾ തറച്ചിടട്ടേ
സാധോ! ഭവന്മൂൎദ്ധ്നി സഹസ്രപാദൻ,
മേഘങ്ങളെക്കൊണ്ടിടവിട്ടിടാത്ത
പേമാരി തൂകട്ടെ സഹസ്രനേത്രൻ, 41

Digitized By Kerala Sahitya Akademi

തീച്ചുട്ടിവച്ചിട്ടുകിൽ വച്ചിടട്ടെ;
തണ്ണീർ തലയ്ക്കാട്ടുകിലാടിടട്ടെ;
കാലാത്മകൻ തൻ കളികാണെന്മാരങ്ങു
നിർദ്വന്ദ്വനായ് നിന്നനിലയ്ക്കു നില്ക്കും. 42

(യുഗ്മകം)

ആമൂലശാഖാഗ്രമമന്നിടുന്നൊ-
രശേഷഭൂതങ്ങളെയപ്പൊളപ്പോൾ
ചൂടോ തണുപ്പോ പിന്നയാതെ പോറ്റും
ഗോവർദ്ധനാതീതഗുണോൽക്കരൻ നീ. 43

മഹായാനമഹായൻ സകലാദ്ധ്വനീനാ-
സൌഹിത്യസമ്പാദനസക്തിശാലി
കല്യാണകൃത്താമവിട്ടന്നു തന്നെ
ഗാർഹസ്ഥ്യലക്ഷ്യോപചരസാത്ത്വഭാവൻ. 44

പാറപ്പുറപ്പിൻപടി പാരിലഞ്ഞു
വികാരമേശാത്ത വിമുക്തനല്ല;
അഴിക്കനേരായനമാത്രമുൾത്ത-
ട്ടാലോലമാകുന്നൊരു ബദ്ധനല്ല; 45

ചാകുംവരസ്ഥൂൽഗതി നേടിനേടി-
ത്തൻജീവിതത്തെ ച്ചരിതാർത്ഥമാക്കി
സവിക്ഷമാനന്ദമിയററുമങ്ങു
സാമാന്യജീവികനെകാരയോഗ്യൻ. 46

(യുഗ്മകം)

അജസ്രമസ്സൽത്തണലാൽക്കളുമ്മ
ഹരിന്മണിച്ഛത്രമുയർത്തിനല്കി
അങ്ങാലവാലക്ഷിതിദേവിമമ്മ-
യ്ക്കാനന്ത്യമേകുന്നൊരനർഘസൂനു. 47

Digitized By Kerala Sahitya Akademi

പൂവാടി ചാൎത്തും പുതുവൃക്ഷരോഹ-
ഗ്ഗ്രൈവേയകത്തിൻ തരളപ്പൊടിപ്പേ!
അടുത്ത ജന്മത്തിലഭംഗമങ്ങേ-
യ്ക്കാഖണ്ഡലാരാമമലങ്കരിക്കാം. 48

ക്ലേശാന്തരാവും പകലും കിടന്നു
ക്ലൂക്ലം വലിക്കുന്നൊരു കുംഭകൎണ്ണർ
മോഹാന്ധരാമെൻ സഹസൃഷ്ടികൾക്കി-
ങ്ങോധിദ്രുമം ബുദ്ധത നല്കിടട്ടെ. 49

അഹോ! നരക്കുത്തുതമിപ്രപഞ്ച-
മാബ്രഹ്മമാസ്തംബമധീശകാവ്യം;
കൈവല്യമേകാന്തതിലൊന്നു പോരും
കണ്ണുള്ളവന്നും കരളുള്ളവന്നും. 50

—:o:—

## ൯. അഹമ്മന്ത്യം.

ദേഹത്തിന്നാത്മാവിനെദ്ദാസ്യ വിക്രയം ചെയ്തും,
മോഹമാം പാഴ്ക്കൂപത്തിൽ മുററുമേ മുഴുകിയും,
കാശിനെത്താൻ ദൈവമായ്ക്കല്പിച്ചും, വൃഥാ മത്ത-
കാശിനീഭോഗത്തിൽത്താൻ കൈവല്യമാരോപിച്ചും,

പോയെങ്ങു പറേറണ്ടതെന്നോൎക്കാതെ മാനുഷ്യമാ-
മായുസ്സിന്നെന്തർഘമെന്നല്പമൊന്നാരായാതെ
കാലത്തിൻ പലായനം കാണുവാൻ കണ്ണില്ലാതെ
കാലപാശാകൃഷ്ടർ നാം കഷ്ടമേ! കളിക്കുന്നു.

Digitized By Kerala Sahitya Akademi

ബദ്ധരാം നമ്മെ വീണ്ടും മുക്തരാക്കുവാനീശ-
നെത്ര മേലഹോ രത്നമേകുന്നു വീണ്ടും വീണ്ടും!
ആ രത്നം കൈമാററം ചെയ്താത്മനിഷ്ക്രയം നേടാ-
നാരുമേ യതിപ്പീല ജാഡ്യത്തിൻ ബലത്തിനാൽ.

ഘ്രാണിച്ചും, മുകർന്നും, നാം നക്കിയും, കടിച്ചുമ-
ച്ചേണെഴും മണിക്കുള്ള തത്ത്വമത്ത ഗ്രഹിക്കാതെ
തള്ളുന്നു ദൂരത്തേക്കു; ദാതാവിൻ നേർക്കയ്യയ്യോ!
പല്ലിളിച്ചും കാട്ടുന്നു രണ്ടുകാൽക്കുരങ്ങന്മാർ.

ഹ്രീ തുലോമാറ്റാതെമോരോന്നും വന്ധ്യാദ്രുമം
ഭൂതകാലാബ്ധിപാരം പുക്കടിഞ്ഞൊളിക്കുന്നു.
പ്രീതനായ് നമുക്കിതാ! പിന്നെയും വിശ്വേശ്വരൻ
നൂതനം സദ്രത്നമൊന്നേകുന്നു തത്സന്നിഭം.

വിദ്രുതം വ്യോമത്താളിൽ സൌവർണ്ണലിപികളാൽ
മുദ്രിതം തൽസന്ദേശം വായിപ്പിൻ! കണ്ണുള്ളവർ;
പ്രത്യുഷമന്ദാനിലൻ പ്രത്യേകം മന്ത്രിക്കും ത-
ത്തത്ത്വോപദേശം കേൾപ്പിൻ സത്വരം കാതുള്ളവർ.

ആയിരം കരങ്ങളാലാദിത്യനർപ്പിച്ചീട്ടു-
മാരതാമസ്സ്വാദ്ദേശക്കന്യസമ്പൽപ്രദം.
യാമിനീപങ്കം പെററൊരപ്രഫുല്ലാംഭോരുഹം
ശ്രീമഹാലക്ഷ്മിക്കുള്ള ദിവ്യമാം നികേതനം.

ആദരിക്കുവാൻ നമ്മൾക്കർഹനീയാഗന്തുക-
നാതിഥേയത്വം കൊണ്ടേ ഗാർഹസ്ഥ്യം ഫലപ്പെട്ടു.
അഗ്ര്യനാം പരിവ്രാട്ടേ! വന്നിടാമഹസ്സേ! ഞാ-
നർഘ്യപാദ്യാദ്യങ്ങളാലങ്ങയെപ്പൂജിക്കട്ടേ.

Digitized By Kerala Sahitya Akademi

നന്മ നല്കുവോൻ സിദ്ധനായകൻ ഭവാനെന്നൊ-
ന്നെന്മതിക്കോർക്കാമെങ്കിലിജ്ജന്മം സഫലമാം.
അന്തികേ പരീക്ഷിക്കാമെങ്ങു ദുർവ്വാസസ്സെങ്കിൽ
കുന്തിയാണിന്നെന്മതി കണ്ണനന്ദിനിയല്ല. 36

അഞ്ചിതാദരം പൂജിച്ചാശ്വിനാം ഭവാങ്കൽ നി-
ന്നഞ്ചു നൽവരം വാങ്ങിയസ്സാധു കൃതാർത്ഥയാം.
ധർമ്മമേ ചരിക്കാവൂ, സത്യമേ വദിക്കാവൂ;
കർമ്മത്തെ ഫലാസക്തി കൈവിട്ടേ ചെയ്തീടാവൂ; 40

പാരിടം നന്നാകുവാൻ ക്ലേശിച്ചേ ഭുജിക്കാവൂ;
വൈരികൾ ഷഡ്ഭാവങ്ങൾ വേർമാഞ്ഞേ ശയിക്കാവൂ;
പേർത്തുമീവരങ്ങളാൽ മേലിൽ ഞാൻ ഞാനായ് സാക്ഷാൽ
"തത്ത്വമസ്യാ"ദിവാക്യതത്ത്വവിത്താകേണമേ. 44

പോയതെത്രയോ പോയി പൂർവ്വകാലാഹസ്സുക,-
ളായതോർത്തന്തസ്താപമാർന്നാലെന്തല്ലോ! ഫലം!
മേൽ വരാമഹസ്സുകൾ; വന്നിടാതെയും പോകാം;
ദൈവത്തിൻ ഹസ്തത്തിലാണുത്തരക്ഷണസ്ഥിതി. 48

സൂചിഞാൻ തറപ്പീലെൻ സ്വാന്തത്തിൽ; ഭാവം നോക്കി-
യാശപ്പാഴ്മണൽത്തരിക്കോട്ടയും കെട്ടുന്നീല;
ശൂലമേ മിന്നക്കേട്ട രണ്ടും; ഞാൻ മതിക്കിലീ
വർത്തമാനാബ്ധി തന്നെ നല്ലതെൻ ദേവാമൃതം. 52

വാടിപ്പോയ്പ്പോയ പൂക്കൾ മണ്ണോടു ചേർന്നീടട്ടേ;
വാടികച്ചെടികളിൽ മൊട്ടുകൾ വളരട്ടേ;
സൌരഭ്യം രണ്ടിന്നുമില്ലെന്മനോനാസാഗ്രസ്ഥ്യം
പാരമീവർത്തമാനഫുല്ലത്താലല്ലോ ധന്യം. 56

Digitized By Kerala Sahitya Akademi

കൌമാരം കഴിഞ്ഞു പോയ് 'വാൎദ്ധക്യം വന്നിട്ടില്ലീ-
ശ്രീമെത്തും വൎത്തമാനയൌവനം ചേതോരമം.
എൻ വശസ്ഥനായ്ത്തീൎന്നോരിമ്മഹാബലിയുവനെ-
ത്തന്നെ ഞാനാശ്രയിച്ചു സ്വാഭീഷ്ടവും നേടാം. 60
കൈകെട്ടിനില്ക്കാതെ ഞാനിഗ്ഗംഗാജലത്തിനാൽ
വേഗമെന്നുത്തമാംഗം പ്രോക്ഷണം ചെയ്തീടട്ടെ;
മജ്ജനത്തിനാൽ പ്രക്ഷാളനം ചെയ്തെൻ മനം
വിശ്വനാഥാംഘ്രിപത്മപീഠമായ്ത്തീൎന്നീടട്ടെ. 64

---

## ൧൦. ബാലസന്ദൎശനം.

---

ഭാരതസാമ്രാജ്യലക്ഷ്മിക്കു ഭൎത്താവാം
വീരരിൽ വീരൻ ജിഹാങ്ഗർ മുന്നം
കാശ്യപീരംഭയാം തന്നോമൽ പ്രേയസി
നൂർജിഹാൻബീഗത്തോടൊത്തുകൂടി, 4
സ്വാഭിസാരസമന്വിതൻ, ശാത്രവ-
നിൎവ്വാപണത്തിനു ബദ്ധകക്ഷൻ,
ചന്ദ്രഭാഗാതടം പ്രാപിച്ചാൻ ശാരദ-
ചന്ദ്രൻ വിയന്നദീതീരംപോലെ. 8
കാണായിതദ്ദിക്കിലേതാനുമുണ്ണികൾ
ചേണാൎന്നലീലകളാടിയാടി
കൎപ്പൂരലേപനം കാണ്മോർതൻ കണ്ണിനു-
മുൾപ്പൂവിനും ചേൎത്തു നില്പതപ്പോൾ. 12

---

* ഇതു് ഒരു നടന്നകഥയും ഒരു പാശ്ചാത്യദേശസഞ്ചാരിയുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തീട്ടുള്ളതുമാണ്.

Digitized By Kerala Sahitya Akademi

പുണ്ഡരീകങ്ങളാൽ പൂൎണ്ണമാം പൊയ്കയി-
ലന്നക്കിടാങ്ങൾ പറക്കുകയോ?
ആകാശവീഥി വിട്ടങ്ങെട്ടുതാരങ്ങൾ
ലോകാന്തരം ചുററിക്കാണുകയോ?

എന്താണനന്തഫണത്തിൽക്കളിക്കയോ
'സന്താനഗോപാല' ബാലകന്മാർ?
എന്നേവം കാണികൾക്കേതുമട്ടെല്ലാമോ
സന്ദേഹം തോന്നുവാൻ തക്കവണ്ണം,

അമ്മന്നിയുണ്ണികളാററിൻ വിരിവാൎന്ന
വെണ്മണൽ തട്ടിൽ വിഹാരമാന്നോർ
ആ വിജിഗീഷുവാമബ്ധികാഞ്ചീന്ദ്രനെ
ക്കേവലം ലീലയാൽക്കീഴടക്കി.

വാരിയെടുത്തു കിടാങ്ങളെ മന്നവൻ
മാറോടണച്ചുപുണൎന്നു മേന്മേൽ,
പുത്തനാം പൂഴി പുരണ്ടൊരു പൂമേനി
മുഗ്ദ്ധാഹ്ലാദാശ്രുവിൽ മുക്കിമുക്കി

ഓതിനാൻ: "എന്നോമൽ തങ്കക്കിടാങ്ങളേ!
മോദിനീമംഗളദീപങ്ങളേ!
പേൎത്തുമേ നിങ്ങളെക്കാൺകയാലിദ്ദിനം
സാഫല്യമാന്നങ്ങളെന്മിഴികൾ.

പാദപ്പാവല്ലോ ഞാനിൻഡ്യാമഹാരാജ്യം
പാലിക്കും രാജാധിരാജനല്ലോ.
വന്നാലുമെന്നോടുകൂടവേ; വേണ്ടതെ-
ന്തെന്നാലതെല്ലാം ഞാനേകുമല്ലോ.

Digitized By Kerala Sahitya Akademi

മേടിപ്പിൻ ചെങ്കോലെൻകൈയിൽനിന്നുണ്ണികൾ
ക്രീഡിപ്പിൻ രത്നസിംഹാസനത്തിൽ;
ചൂടുവിൻ സാമ്രാജ്യപ്പൊൻമുടി, സാമ്പ്രതം
നേടുവിൻ മൎത്ത്യലോകാധിപത്യം."

ആ വാക്കുകേട്ടോരു ബാലരുരചെയ്താർ:—
"ദേവ! ഭവാനെത്തൊഴുന്നു ഞങ്ങൾ.
പെററമ്മതന്നങ്കപൎയ്യങ്കമെന്നിയേ
മററെന്തു ഞങ്ങൾക്കു ഭദ്രാസനം?

മാതാവു നല്കീടുമോടക്കുഴലിനു
മീതെയായ് ഞങ്ങൾക്കു ചെങ്കോലുണ്ടോ?
ഉച്ചി മുകരുമ്പോൾ തായയാൾ ചാൎത്തുന്ന
പിച്ചയിൽ ഞങ്ങൾക്കു പൊല്ക്കിരീടം.

വത്സക്കെന്തേകുവാൻ ശക്തയ,ല്ലപ്പുത്ര-
വാത്സല്യയായുള്ള കാമധേനു?
പോയാലും സമ്രാട്ടേ! ഭൂമിയിൽ ഞങ്ങൾക്കു
തായ താൻ രാജ്യവും ദൈവതവും.

നോക്കുക! വെണ്മണൽത്തട്ടു വിട്ടൎക്കൻതൻ
പോക്കുകതിരുകൾ നീണ്ടും മുൻപേ—
മാടിവിളിക്കുമോ മാനത്തേയുണ്ണിക-
ളോടിയൊളിച്ചുകളയും മുൻപേ,

കേളിയിൽ ഞങ്ങളവയുമായ് ത്തെല്ലൊന്നു
മേളിക്കിലങ്ങേയ്ക്കു ചേതമെന്തേ?
ഞങ്ങളിസ്സായാഹ്നസൂരകരങ്ങളിൽ
മംഗളമഞ്ഞനീരാടിടട്ടേ."

Digitized By Kerala Sahitya Akademi

എന്നക്ഷമാരന്മാർ ചെയ്ത വാക്കുകൾ
മന്നക്ഷമന്നൻ ജിഹാങ്ഗീർ കേൾക്കേ
ഓതിനാൻ വീണ്ടും:—“കിടാങ്ങളെ! നിങ്ങളെ
ഹാ! തോറ്റു പോയല്ലോ ഞാൻ പതിതൻ.

സ്വച്ഛന്ദം വാനത്തു വീണ്ടുമെന്നോമന-
പ്പച്ചക്കിളികൾ പറന്നുകൊൾവിൻ.
ആകാശാലങ്കാരദീപങ്ങളാകേണ്ട
ലോകാഭരണങ്ങളല്ലീ നിങ്ങൾ?

മൂഢൻ ഞാൻ നിങ്ങൾക്കു താമസിപ്പാനൊരു
ഹാടകപഞ്ജരം തീർക്കുന്നീല.
പോകുവിൻ! പോകുവിൻ! നിങ്ങളിൽത്താൻ കാണ്മൂ
ലോകത്തിൽ സംസ്ഥിതി പണ്ഡിതന്മാർ.”

    വിശ്ലിഷ്ടഹംസനാ വീരസേനാത്മജ-
നശ്രുജലാർദ്രനയനൻ പിന്നെ
വൈവശ്യമാർന്നു പടഗൃഹം പ്രാപിച്ചാൻ
ശേവധി പൊയ്പോയ രാജരാജൻ:—

ഓർക്കയും ചെയ്താൻ: “ഒരു തൊടി ഹന്ത! ഞാ-
നാക്ഷമാരന്മാരിലൊന്നായാലോ!
അന്നൽപ്പുഴക്കരപ്പൂഴിത്തരികൾകൊ-
ണ്ടെന്നും ഗേഹാഗമിയറിയാലോ!

ഭാരതസാമ്രാജ്യാധീശ്വരൻപോലും ഞാൻ!
സ്ത്രീരത്നലാഭകൃതാർത്ഥൻപോലും!
മോഗലവംശമണിപ്രകാണ്ഡംപോലും!
ഭാഗധേയത്തിൻ നികേതംപോലും!

Digitized By Kerala Sahitya Akademi

ഏതാദൃശോക്തികൾ വ്യാജസ്തുതിചെയ്യും
വൈതാളികർക്കു പിഴയ്ക്കാൻ കൊള്ളാം!
ധിക്‌ധിക്കെന്റെ ജീവിതം! ദൈവമേ! മാനുഷ-
വ്യക്തികളെന്നെപ്പോലന്യരുണ്ടോ?

ഭാരം പെരുകമിപ്പോഴ്‌മുടി ചൂടി ഞാൻ
പാതാളത്തോളവും താഴുമാറായ്‌.
നിദ്രയിൽ നേത്രം നിമീലിതമാകാത്ത
മദ്രാജരാജതപമെത്രമോശം!

ഭാഗ്യവാന്മാരുണ്ടിപ്പാരിലെന്നാലതാ-
ശ്ലാഘ്യചരിതർ കിടാങ്ങൾ മാത്രം.
പാപി ഞാൻ ലേശമബ്ബാലർതൻ പാർശ്വത്തെ-
പ്രാപിപ്പാൻ പോലുമയോഗ്യനല്ലോ.

എന്നെവെടിഞ്ഞവർ പോയതു തെറ്റല്ല—
മന്ദനെശ്ശസ്ത്രങ്ങളെന്നപോലെ.
ബാല്യമെനിക്കു തിരിച്ചുതരുന്നോർക്കു
മൂല്യമായ്‌ ഞാൻ നല്കാം സർവ്വസ്വവും."

ഓരോന്നിവണ്ണം നിരൂപിച്ചു മന്നവൻ
സൂര്യോദയംവരെ സ്വാപമെന്യേ
ഹൃത്തിങ്കലെങ്ങുമനുശയസൂചിക
കുത്തിത്തുളയ്ക്കാൻ പഴുതുനല്കി

അധന്യക്കുള്ളോരളീകഹാസാഞ്ചിത-
വക്ത്രാബ്ജം ധ്യാനിച്ചു നിർവൃതനായ്‌,
തല്പത്തിൽ മേവിനാൻ തത്താദൃശാശയോം
തൽപത്നിയേയും വെറുത്തവനായ്‌.

* * * *

Digitized By Kerala Sahitya Akademi

ജീവിതവാസരകാല്യമേ! ബാല്യമേ!
ജീവിതഛായനമാധവമേ!
ജീവിതകാലകൃതയുഗമേ! നിത്യം
നീ വിജയിപ്പൂ നിരസ്തദോഷം. 108

ജീവിതസംഖ്യാനകാനിഷ്ഠികമായും
ജീവിതപ്രാസാദസ്തംഭമായും
ജീവിതമന്ത്രപ്രണവമായും നിത്യം
നീ വിജയിപ്പൂ നിസ്സർഗ്ഗരമ്യം. 112

## ൧൦. സ്വപ്നദർശനം.

ജാഗ്രദ്ദിനോഷ്മാവു കടന്നു പോയീ;
സുഷുപ്തിരാത്രിക്കുളിർ വന്നുമില്ല;
ഇടയ്ക്കു ചെറ്റെന്നെയനുഗ്രഹിച്ചാൾ
സ്വപ്നാഖ്യസന്ധ്യാംബ സുഖപ്രദാത്രി. 1

ഇടുങ്ങുമീയൂഴിയിരുമ്പുകൂട്ട
വെടിഞ്ഞുടൻ പക്ഷപുടങ്ങൾ വീശി
അണഞ്ഞു തത്രത്യവരൻ ദ്വിജൻ ഞാ-
നാകാശതാപിഞ്ഛവനാന്തരത്തിൽ. 2

അദ്ദിക്കിൽ മൊട്ടിൻപടി വിട്ടയന്നു
വിരിഞ്ഞ പൂവിൻ നില കൈവരാതെ
വികസ്വരപ്രായരുഡുക്കൾ കാണായ്
സ്വപ്നസ്ഥനാമെന്റെ സുഹൃത്തമന്മാർ. 3

Digitized By Kerala Sahitya Akademi

മന്ദാകിനീശീകരമുത്തുതിർക്കും
മന്ദാനിലൻതൻ ശിശിരോപചാരം
കൈക്കൊണ്ടു കൈക്കൊണ്ടു പതുക്കെ ലാത്തി
വൃന്ദാരകശ്രേണി വിയൽപഥത്തിൽ. 4

അമ്മാന്യരാം നാഗരികർക്കു വേഗം
ഗ്രാമീണനാം ഞാൻ വഴിമാറി നിന്നേൻ.
തിരിഞ്ഞുനോക്കീലവർ തെല്ലുമെന്നെ-
ദ്ദിവ്യോപഭോഗാസവപാനശൗണ്ഡർ. 5

താരപ്രദീപച്ഛവിയെച്ചുവിട്ടി-
ത്താഴത്തു വീഴ്ത്തും തനുകാന്തിയേന്തി
പരിക്രമിച്ചാനൊരു ഗുഹ്യകേശൻ
പ്രാണപ്രിയാലംകൃതപാർശ്വദേശൻ. 6

നിമേഷമററുള്ളൊരു നേത്രയുഗ്മം
താഴെക്കിടക്കും ധരമേൽ പതിക്കെ
ക്ഷണത്തിൽ വൈവർണ്ണ്യമിയന്നു വാടി-
വരണ്ടുപോയ് തദ്വദനാരവിന്ദം. 7

“സ്വർഗ്ഗത്തിൽ വാഴ്വും സുമനോമതല്ലി-
ക്കല്ലാനതോപാധിരഭേദ്യമല്ലീ?
എൻജന്മലോകാർത്തികൃശാനുഹേതി-
ക്കിതിങ്കലെന്തിന്ധനബുദ്ധി തോന്നാൻ?” 8

എന്നോർത്തു തെല്ലൊന്നു പകച്ചു ഞാനാ-
യക്ഷേശ്വരൻ തന്നരികിൽ ഗമിക്കെ
അസ്വപ്നർതൻ മുത്തരുൾചെയ്ത വാക്യം
സ്വപ്നസ്ഥനാമെൻ ശ്രുതിയിൽ പതിച്ചു. 9



Digitized By Kerala Sahitya Akademi

“കാണുന്നുവോ? നീ കളവാണി! നമ്മൾ
കൈവിട്ടതും ചെൽവതുമായ ലോകം
നീലാംബരാബ്ധിക്കടിയിൽ ജ്വലിക്കും
വിശ്വംഭരാഖ്യം ബഡവാഗ്നിപുഞ്ജം? 10

നാലാഴികൾക്കും നടുവിങ്കലീശൻ
നങ്കൂരമിട്ടീടിന കപ്പൽപോലെ
ഭാസിക്കുമിപ്പാർത്ഥിവവിഗ്രഹം താൻ
ഭജിപ്പൂ ജന്മാർണ്ണവപാരകാമർ. 11

നേടാനെനിക്കും കഴിവായി മുന്നം
നിർവ്വാണലാഭൌപയികം നൃജന്മം.
കർത്തവ്യബോധം കലരായ്കയാൽ ഞാൻ
കൈവന്ന രത്നം കടലിൽ കളഞ്ഞേൻ. 12

എൻകർമ്മപാശങ്ങൾ മുറിപ്പതിന്നൊ-
രിരുമ്പുവാളൂരിയെടുത്തിടാതെ
ഗ്രഹിച്ചു ഞാൻ തങ്കവിലങ്ങു കൈക്കും
കാലിന്നുമശ്ശില്പഗൃഹത്തിൽനിന്നും! 13

പ്രതിക്ഷണം കർമ്മചയങ്ങൾ ചെയ്തേൻ
ഫലാഭിസന്ധിഗ്രഹപാംസുലങ്ങൾ;
അവററയെക്കൊണ്ടൊരു കോണി നിർമ്മി-
ച്ചാകാശവീഥിക്കതിഥീഭവിച്ചേൻ. 14

കാര്യങ്ങൾ കർമ്മങ്ങൾ—കളിക്കിടാങ്ങൾ—
കാൽത്തട്ടിനാൽ പൊക്കിന കന്ദുകം ഞാൻ
മരുസ്ഥലം വാനമിതിങ്കൽ വന്നേൻ
പാഴ്ക്കാനൽനീരാമമൃതാസ്വദിപ്പാൻ! 15

Digitized By Kerala Sahitya Akademi

പീയൂഷയൂഷം ഭൃശമാസ്വദിച്ചു
മനോജ്ഞമന്ദാരവനങ്ങൾതോറും
ഭവാദൃശസ്ത്രീകളുമായ് രമിച്ചേൻ
പാപിഷ്ഠനാം ഞാൻ പശുധർമ്മചാരി. 16

എന്നേക്കുമെൻ നിഷ്കൃതിമൂല്യമായ് ഞാ-
നീശന്നു നല്കേണ്ടൊരു പുണ്യവിത്തം
ദീപാളിവച്ചേൻ ത്രിദിവാപ്യമാമി-
ഗ്ഗാണിക്യരൂപക്രയശാലയിങ്കൽ. 17

സ്വാമിക്കു വിത്തം സ്വവിധേയമെന്ന
ചൊല്ലിങ്കൽനിന്നും സുകൃതം വിഭിന്നം;
താൻ തന്നെ തിന്നേണമതിൻഫലങ്ങൾ;
പുണ്യം ലഭിച്ചോൻ പുലിവാൽപിടിച്ചോൻ! 18

തിര്യക്കുകൾക്കും ത്രപ തോന്നുമാറു
തിന്നും തിമിർത്തും ദിനമെത്ര പോയി!
ഇതോ സുഖം— നെററി വിയർത്തിടാതെ-
യെൻകുക്ഷി വീർപ്പോരിഹലോകവാസം? 19

അങ്ങിങ്ങു വല്ലപ്പൊഴുമല്പനേര-
മാത്മാവുയർത്താനകതാർ കൊതിച്ചാൽ
വിഘാതമുണ്ടാക്കുമതിന്നു മേന്മേൽ
വിരാമശൂന്യം വിഷയോപഭോഗം. 20

കരയ്ക്കുകേറാൻ കഴിവററതാമെൻ
കർമ്മക്ഷമത്വം കലരാത്ത കായം
നീലാഭ്രപങ്കത്തിലമർത്തിവയ്പൂ
ശപിച്ച പഞ്ചേന്ദ്രിയസൈന്യനക്രം. 21

Digitized By Kerala Sahitya Akademi

ആത്മാവിലേയ്ക്കൊന്നകതാർ തിരിപ്പാ-
നടയ്ക്കണം ജീവികളക്ഷിയാദ്യം;
മൂടാത്തൊരീയെൻ മിഴിമീൻ കളിപ്പൂ
മുടിഞ്ഞൊരിദ്ദിക്കിലെയപ്സരസ്സിൽ. 22

നിസർഗ്ഗചാപല്യനികേതനം ഞാൻ,
നൃത്തജ്ഞമാർ വേശ്യകളാട്ടിടുന്നോൻ
തദോഷ്ഠബിംബാസവപാനമത്തൻ,
സമാധിസാമ്രാജ്യബഹിഷ്കൃതനല്ലോ. 23

പ്രദോഷമാം രഞ്ജകനംബരത്തിൽ
ചായംപിടിപ്പിച്ചതരക്ഷണത്തിൽ
വേർമാഞ്ഞുപോയ് വീണ്ടുമതിൽസ്ഫുരിപ്പൂ
ഹാലാഹലത്തിൻനിറമാത്മലീനം. 24

പിതൃപ്രസൂദേവി വിയൽപദത്തി-
ലർച്ചിച്ച താരപ്പുതുപ്പൂക്കളെല്ലാം
വളക്കഴിക്കുന്നകൾപോലെ വേഗാൽ-
ദൂരത്തുഷാമാർജ്ജനി തൂത്തുതള്ളും. 25

അഹസ്കരൻ പ്രത്യഹമംബുരാശി-
ക്കത്താഴമൂണിന്നനപേക്ഷ്യവൃത്തം;
കളങ്കജാതത്രപനോഷധീശൻ
കൈക്കൊൾകയായ് കൗശികസാഹചര്യം. 26

രാജൻ! സഹസ്രാക്ഷ! ഭവദ്വിരോധി
വൈരോചനിക്കിന്ദ്രപദത്തെ നല്കാൻ
ദീക്ഷിച്ചിരിപ്പൂ പതനാലുവങ്ങേ-
ദ്ദംഭോളികേളിക്കതിഭൂമി ഭാവി! 27

Digitized By Kerala Sahitya Akademi

ക്രതുക്കൾ ഹാ! നൂറുകഴിച്ചവയ്ക്കു-
ള്ളൊന്നിനു പത്തായ് മിഴി നേടിയാലും
ജാത്യന്ധനായ് തന്നെ നയിപ്പൂ ജന്മം--
ശചീകുചാന്തശ്ശയനൈകതാനൻ. 28

അസ്വാസ്ഥ്യരസ്മദ്വിധരാകമാന-
മാകാശവാപീജലബുല്ബുദങ്ങൾ;
സ്വാരാജ്യസമ്പൽസുഖസഞ്ചയങ്ങൾ
സൌദാമനീപല്ലവചഞ്ചലങ്ങൾ. 29

ജരാമുഖപ്രേഷ്യകളോതിയോതി
വൈവസ്വതോപസ്ഥിതി മർത്ത്യർ കാൺകേ
ആകാശസഞ്ചാരിയമർത്ത്യമാനി-
യാകസ്മികഭ്രംശവശംവദൻ ഞാൻ. 30

സ്ഥാനച്യുതിത്രാസസമാകുലൻ ഞാൻ
ഭുജിക്കുവാനൊപ്പൊരു ഭോഗമെല്ലാം
പശ്ചാത്തസന്താപവിഷം വമിപ്പൂ
ദുഷ്പുച്ഛമാം വൃശ്ചികമെന്നപോലെ. 31

തമിസ്രയായ് മാറിടുമീയഹസ്സു,
ദുഃഖാന്തമാകും സുഖഹാസ്യചിത്രം,-
സ്വാരാജ്യവാസം—സ്വയമാർ കൊതിപ്പൂ
ധൂമീഭവിക്കുന്ന കൃശാനുബാണം? 32

ഇതോ പുമർത്ഥം പരമം? യഥാർത്ഥ-
ലക്ഷ്യത്തിൽനിന്നെത്രയകന്നുപോയ് ഞാൻ!
ഈയക്കരപ്പച്ച ചതിച്ച ഗോവിൻ
രോമന്ഥമിപ്പോഴുതാപശേഷം!! 33

Digitized By Kerala Sahitya Akademi

സുധാരസം തിക്തകമായെനിക്കു;
മന്ദാനിലൻ വൈദ്യുതവഹ്നിയായി;
സന്താനമാല്യം മൃതസർപ്പമായീ;
ഗന്ധർവ്വഗീതം ശ്രുതിശല്യമായി; 34

ഭവദാദിധന്യസ്ത്രീകൾ, പാപക്കുമയ്യോ!
പാഴ് മൺകളിപ്പാവകൾ പണ്ടുമിന്നും,
ഭശ്രേഷ്ഠേന്ദ്രിയാരാമമൃഗാമിഷങ്ങൾ,
ജീവച്ഛവപ്രായകളായി മാറി. 35

(യുഗ്മകം)

മറിഞ്ഞു വീണീടുകിൽ ഞാൻ ലഭിക്കും
മനുഷ്യലോകാർത്തികൃശാനുശുദ്ധി.
സംസേവ്യമല്ലീ സകലർക്കുമോർത്താൽ
സമുച്ഛ്രയപ്രാപകമാം നിപാതം? 36

അനിത്യമത്യല്പമശേഷഗർഹ്യ-
മസ്മൽസുഖാഭാസ,മതിങ്കൽനിന്നും
അകന്നു ഞാൻ—പാനവൻ—ആശകൊൾവൂ
മർത്ത്യവ്യഥാഭീമജ മാലചാർത്താൻ. 37

വിപത്തിദത്താഞ്ജനമക്ഷിയുഗ്മം
വേഗത്തിലന്തർമ്മുഖമാക്കിനിർത്തി
അങ്ങെങ്കിലും ചെന്നണയട്ടെ സച്ചി-
ദാനന്ദസായൂജ്യമനശ്വരം ഞാൻ! 38

നിസർഗ്ഗരമ്യം നിഗമാന്തമിത്ര-
പ്രദർശിതം പ്രാപ്യപദപ്രകാണ്ഡം
സാക്ഷാൽ ചതുർത്ഥം പുരുഷാർത്ഥമേകം
ജഹൽപുനസ്താപമലം പ്രബോധം. 39

Digitized By Kerala Sahitya Akademi

ഹരോത്തമാംഗസ്ഥാനദിക്കുപോലു-
മലൌകികാധ്യോഗമനാഭിലാഷം
അഭ്യസ്തമാക്കീടിനൊരബ്ധികാഞ്ചി-
യമ്മേ! നമസ്കാരമനുക്ഷണം തേ! 40

പ്രാക്പുണ്യലബ്ധം ഫലകാചകോശം
രിക്തീഭവിച്ചാൽ മതി; ധന്യനായ് ഞാൻ!
വാൻഞാണിലേറിക്കരണംമറിഞ്ഞു
വലഞ്ഞു! താഴെക്കുതികൊൾവതെന്നോ? 41

ആശാപാശമൊന്നുണ്ടവശിഷ്ടമാക്കു,-
മാഗാമിയാം താവകപുത്രഭാവം;
സാധിക്കുവൻ ഞാനതിൽനിന്നു ധാത്രി!
സാക്ഷാൽപരബ്രഹ്മപദാപ്തിസൌഖ്യം." 42

ശകുന്തളോൽപത്തിയിൽ മേനകയ്ക്കു
ഗാധേയനേകീടിന ദർശനത്തെ
വാഃക്കവമോതിസ്സഹധർമ്മിണിക്കു
യക്ഷൻ മുമുക്ഷാജനനത്തിൽ നല്കി. 43

"പ്രാണാധികപ്രേഷ്ഠ! ഭവാനിലെന്തി-
ഭ്രാന്തപ്രലാപം പ്രകടീഭവിപ്പാൻ?
സ്വർഗ്ഗത്തിലുണ്ടോ സുഖമെന്നു ചോദ്യം?—
ശപാവിന്നു ചാരക്കുഴി ചപ്രമഞ്ചം!" 44

ഇമ്മട്ടിളന്തേൻമൊഴിയാൾ തുടന്നാൾ
പലേതരത്തിൽ പ്രണയോപഹാസം.
അതിൽ കലുങ്ങീല ചലാചലത്താ-
ലാകൃഷ്ടമായോരനുകാന്തരംഗം. 45

Digitized By Kerala Sahitya Akademi

പാകാരിസാമ്രാജ്യപതാകികേ! നിൻ
പ്രാഗല്ഭ്യമന്യത്ര ഫലിച്ചിടട്ടേ!!
അങ്ങോട്ടിനി തൽപ്രിയനെക്കയററാ-
നൈരാവതത്തിന്നശക്യമല്ലോ! 46

ഭ്രാന്തെങ്കിലാകട്ടെ; ഭവിച്ചു ഭാവ്യം;
പ്രതിക്രിയാബാലിശരാശപിന്നേയർ;
അതിൻ ചികിത്സയ്ക്കധികാരിയേക-
നണ്ണ്യാധികാബ്ധീധവനാദിവൈദ്യൻ. 47

തിരിച്ചുപോമാൽ മതി താഴെയെന്നു
യാചിച്ചു ഞാൻ ഗേഹവിയോഗഖിന്നൻ.
ശിരസ്സിളക്കിശ്ശൂരിയെന്നുമൂളി-
ത്താരങ്ങൾ മിന്നീ തരളപ്രഭങ്ങൾ. 48

അടഞ്ഞൊരെൻ ദൃഷ്ടി തുറന്നുവെന്നോ
തുറന്നൊരെൻ ദൃഷ്ടിയടഞ്ഞുവെന്നോ
ഓതേണ്ടതെന്തോ,ട്ടടനെന്നെ വിട്ടു
കിനാവതിൻ ചിത്രപടത്തെ മാററി. 49

ഹാ! വിശ്രർ മർത്ത്യക്ഷ്വനീജനിത്രി
മുററത്തുനില്ക്കും മുത്തുമുല്ലമാത്രം.
തൽഘ്രാണവൈജ്ഞാനികനാസികന്മാർ
വിദൂരമാളും വിബുധപ്രവേകർ. 50

---

Digitized By Kerala Sahitya Akademi

## ൧൨. പ്രഭാതഗാഥ.

i

അല്ലിൻ'കറുപ്പി'ലവശമടിഞ്ഞടി-
ഞ്ഞുള്ളം മയങ്ങിക്കിടക്കുവോരേ!
രാപ്പകന്നേകും സ്വാപമധു മേന്മേൽ
സേവിച്ചു ബോധം നശിച്ചവരേ!

കാലഫണിയുടെ കാകോളമേററററു
കോലം കുലഞ്ഞു കുഴഞ്ഞുവോരേ!
'താമസി'യാകുമറുകുലത്തുള്ളിന
കോമരത്താന്മാരേ! കൂട്ടുകാരേ!

വന്ധ്യാസ്ത്ര വല്ലാതെ വന്നല്ലോ നിങ്ങളെ-
ശ്ശൂന്യാശരണശരീരരാക്കി;
ജാഡ്യജ്വരം കേറി മൂർച്ഛിക്കകൊണ്ടല്ലോ
ദാർഢ്യം കരളിനു വിട്ടുമാറി.

വ്യർത്ഥമായ്ത്തീർന്നുപോയ് ഹൃൽസ്പന്ദസമ്പത്തു;
ചത്ത ശവങ്ങൾക്കായ് ശ്വാസോച്ഛ്വാസം.
വാർമെത്തും ദുസ്സ്വപ്നം ജീവിതസൌധത്തിൽ
താർമഷി കോരിയൊഴിക്കുകയാം;

അഞ്ജസാ താരകയാതനകാണ്മതി-
ന്നഞ്ജനം കണ്ണിലെഴുതുകയാം;
മാനത്തിലല്ലെങ്കിൽ നൽസ്വപ്നമോരോരോ
തൂണില്ലാപ്പൊൻമേട തീർക്കുകയാം;

Digitized By Kerala Sahitya Akademi

അശോഭഗവതിപൂജയ്ക്കായ് മേല്ക്കുമേ-
ലാകാശപ്പൂമാല കോർക്കുകയാം;
ജന്മമിവണ്ണം കളകയോ സങ്കല്പ-
നിമ്നോന്നതങ്ങളിലൂഞ്ഞാലാടി?

കാലും കരവുമുണങ്ങിവീണീടിന
വാഴത്തടയായ് ദ്രവിക്കുകയോ?
ഒന്നിനിയെങ്കിലും വേഗമുണരുവിൻ!
തന്ദ്രീഭുജംഗരേ! കൺമിഴിപ്പിൻ!

വേരു മറിഞ്ഞൊരു ദാരുഖണ്ഡങ്ങളോ
പൂരുഷരാം നിങ്ങൾ ഭ്രുതികാമർ?
മാലിന്യമല്ലേ * 'കടത്തിൽ' പുളയ്പതു
¶ 'ബാലിശ' ച്ചെളി കുറച്ചിലല്ലേ?

ഭൃതത്തിൻ ഗ്രാസമായ് പോയതു മീളുവാൻ
ഖേദാശ്രുമൃത്തിന്നുമാവതുണ്ടോ?
മുക്തരായ്ത്തീരുവിൻ! സത്വരം നിദ്രയാം
നക്തഞ്ചരിതൻ ഗ്രഹത്തിൽനിന്നും.

ii

ധൂമമലിനമാമണ്ഡകടാഹത്തെ-
ശ്ശ്യാമിക മാററിയുഷയാം ദേവി
തേച്ചുമിനുക്കിത്തുടച്ച്, ച്ചതിന്നാഗ്നിയിൽ
കാച്ചിയ തങ്കത്തിൻ കാന്തിചേർപ്പൂ.

* പായെന്നുകൂടി അർത്ഥം.
¶ തലയണയെന്നുകൂടി അർത്ഥം.

Digitized By Kerala Sahitya Akademi

കൂരിരുൾക്കൂട്ടിൽക്കുടുങ്ങിക്കിടന്നോരു
കാരിരുമ്പുണ്ട തൻ കൈയിലേന്തി
പ്രത്യഗ്രകാഞ്ചനകന്ദുകമാക്കമി-
പ്രത്യൂഷത്തിൻ രസവിദ്യ കൊള്ളാം.

ദേവാലയങ്ങളിൽ പ്രാതസ്സന്ധ്യാഗമ-
മാവേദനം ചെയ്‌വൂ ശംഖൊലികൾ.
തൂമയിൽ തജ്ജയകാഹളമൂതുന്നു
യാമിനീയാമികർ താമ്രചൂഡർ.

നീഡനിഗഡനിബദ്ധരായ് നില്ക്കാതെ
പാടവം പൂണ്ടു പറന്നുപൊങ്ങി
ഗാനപീയൂഷം പൊഴിക്കുന്നു ലോകത്തി-
ന്നാനന്ദദായികൾ പൈങ്കിളികൾ.

കുട്ടിപ്പവനൻ കുതുകിയായ്ച്ചാഞ്ചാടി-
ത്തട്ടിയുണർത്തിത്തളച്ചുമാററി
കണ്മിഴിച്ചാനന്ദിച്ചാർപ്പൂ വിടപികൾ
മർമ്മരശബ്ദമനോഹരങ്ങൾ.

അക്ഷയ്യമോരോന്നും 'സ്വാതന്ത്ര്യ'മായിട്ടും
"ത്ര്യക്ഷരീ" മന്ത്രമുരുക്കഴിപ്പൂ;
ആ നവ്യഗായത്രി മാററൊലിക്കൊള്ളുന്നു
വാനിലും മന്നിലും മേല്ക്കുമേലേ.

ഉത്ഥാനകാംക്ഷികൾക്കുത്സവമുത്സവം
തത്താദൃശമാമിസ്സന്മുഹൂർത്തം.
മൂരിനിവിരുവിൻ! മുന്നോട്ടു പോരുവിൻ;
പാരിന്നിതല്ലോ സുവർണ്ണകാലം.

Digitized By Kerala Sahitya Akademi

iii

ഉച്ചസ്ഥനാകും ദ്യുമണിക്കും കീഴിലെ-
പ്പശ്ചാൽപ്രയാണമബാധമായി;
വൈഡൂര്യമാന്ന 'ജലരാശി' തന്നുള്ളിൽ
വേദസ്വരൂപൻ പതിക്കയായി;

'വൈരോചന' മൂർത്തിക്കൂടിയുമയ്യയ്യോ!
വാരുണപാശത്തിൻ ബന്ധമേററു;
ഹന്ത! വെളിവററുലകിടമൊക്കയു-
മന്ധതാമിസ്രമായ്ത്തീരുകയായ്.

ദോഷാഗമത്തിനാൽ പങ്കിലമാം പാരിൻ
ഭാഷയും, വേഷവും മാറുകയായ്.
മാലാമയക്കമായെങ്ങും; ഇതെന്തൊരു
കാലപ്പകർച്ചയോ തമ്പുരാനേ?

iv

സിന്ധുവിൽ പശ്ചിമദിക്കമത്തേഴീടിന
പന്തം പൊലിഞ്ഞതില്ലെന്നെന്നേക്കും;
ദുർവ്വാരദുഷ്കാലവാത്യയിൽപ്പെട്ടാലും
നിർവ്വാണമാന്നീലാദ്ദിവ്യദീപം.

കീറിയപന്തെന്നോത്തംബരം മദ്ദിച്ചു
ദൂരത്തെറിഞ്ഞൊരു സൂര്യബിംബം
ഏതു * 'വിസാര' വദനത്തിലൊക്കയു-
മാതുരമായ്ച്ചെന്നുവീണതില്ല!

---

* നിസ്സാരന്മാരുടെ വക്ത്രമെന്നും, മത്സ്യവക്ത്രമെന്നും.

Digitized By Kerala Sahitya Akademi

എന്നാലും വിട്ടില്ലപ്പുണ്യാത്മാവുദ്യോഗ-
സുന്ദരമാം തൻ സ്വയംപ്രകാശം.
മുന്നോട്ടു പാഞ്ഞുപോയ് പൂർവ്വാദ്രിശൃംഗത്തിൽ-
ച്ചെന്നെത്തി നില്ക്കയായ് ധീരധീരം.

കാലം $ 'വനൌകസ്സായ് ത്തീർത്തോരവിടേക്ക
ലീലയിലംബുധി ലംഘ്യമായി.
ശ്ലാഘ്യപ്രകാശമാമാമിത്രമണ്ഡല-
മാക്കു ഘടദീപമാക്കി നിത്യം?

വൻതമഃപങ്കത്തിൽ നിന്നീമനോജ്ഞമാം
ചെന്താമരപ്പൂ വിരിഞ്ഞുവല്ലോ!
ചേണെററ പൌരുഷമീമലമേലൊരു
മാണിക്യമാളിക തീർത്തുവല്ലോ!

ഉൽഗതി ലാക്കാക്കിജ്ജന്മം നയക്കുകിൽ
സ്വർഗ്ഗത്തിലെത്തും പിപീലികയും;
വ്യർത്ഥമാമോ "യോയച്ഛ്രദ്ധസ്സ ഏവ സഃ"
ഇത്യാദിഗീതാചാര്യോപദേശം?

V

കാലച്ചുരടിൽ കറങ്ങീട്ടുമൂഴിയിൽ
മേലുകീഴെന്നുള്ള ശാശ്വതമായ്?
ഇന്നത്തെപ്പാതാളം നാളത്തെ നാക,മി
ന്നിന്ദ്രാരിയായുള്ളോൻ നാളെയിന്ദ്രൻ.

$ ജലം വീടായവനെന്നും, വാനരമെന്നും.

Digitized By Kerala Sahitya Akademi

എന്നു നിറുത്തും കുലംകുത്ത ദൈവമേ!
കുന്നും കഴിയും—ഉടപ്പിറന്നോർ?
മൂർദ്ധാച്ഛയത്തും ഹൃദത്തെച്ചവിട്ടൊല്ലേ
സ്വാർത്ഥകലുബ്ധമാം കഷ്ടാധരമേ!

മുന്നമതിലൊന്നു മണ്ണുപകന്നല്ലോ
നിന്നുടെ മേദസ്സു,മുന്നതിയും.
ഒന്നു ശകലം കുനിയുകിൽ കാണും നീ
നിന്നുടെ രൂപമതിന്നടിയിൽ.

ആയിരം നൂററാണ്ടനക്കമറിയാതെ
പോയിതതിൻജന്മം; ഇദ്ദിനമോ
ക്ഷോഭം-ജഗദീശചൈതന്യം-ആയതിൽ
വ്യാപരിച്ചേക്കുന്നു വാഞ്ഛ മേന്മേൽ.

ഈശനക്ഷീരം മഥിക്കയായ്; പീയൂഷ-
പ്രാശനവേളയടുക്കുകയായ്;
താങ്ങാനിതത്രേ തരം; തടുത്തീടുവാൻ
പാങ്ങില്ല;നേരം പ്രഭാതമായി.

കാലപ്പുഴയിലൊഴുക്കും തരിക്കിന്നു
ചാലിലൊരുന്തു കൊടുക്കവാനോ
ചൂഴിയണയൊന്നു തീർപ്പാനോ ജാത്യന്ധ!
തോഴൻെറ ഹസ്തം തരിച്ചിടുന്നു?

കോട്ട കിടങ്ങിനെ നോക്കിച്ചിരിക്കുകിൽ-
ക്കൊട്ടമതിൽപ്പുറമെന്തു വേണം?
നിൻദാഹം തീർത്തീടും നീരോട്ടു കൊണ്ടല്ലേ!
നിന്ദാർഹമാണീയിടിമുഴക്കം.

Digitized By Kerala Sahitya Akademi

ഒന്നിൻ വളത്തിന്നു മറെറാന്നു ചീയേണ്ട;
മന്നിൻമടിയിൽ വളരും രണ്ടും.
ഗോത്രമേ! നിൻമദം ലോകപരിഹാസ-
പാത്രമായ്ത്തീന്നു പോരും പോരും.

vi

ഗത്തമേ! ഗർഘ്യമല്ലേത്തും നിൻസംരംഭം;
വദ്ധിച്ചുകൊള്ളുക മേല്ക്കുമേൽ നീ.
കുന്നിനെബ്ബന്ധുവായ് ക്കാൺക;തൽസാമീപ്യ-
മുന്നതിബീജം നിനക്കു മേലിൽ.

കീഴ്ക്കട ചിന്തിച്ചു നില്ക്കൊല്ലേ! നല്ലോരി—
പ്പോക്കിനു വിഘ്നം വരുത്തിടൊല്ലേ!
തമ്മിലിടഞ്ഞു സമയം കളയൊല്ലേ!
'നമ്മളാ'യ്ത്തീരട്ടെ 'ഞാനും' 'നീയും'.

ഒപ്പനിരപ്പു ശരിപ്പെട്ടിരിപ്പുണ്ടു
നിമ്നമെന്നും മരുപ്പരപ്പിൽ?
മാനവരാരതോത്തട്ടിക്കുതേടിപ്പോയ്
കാനൽനീർ കോരിക്കുടിച്ചിടുന്നു?

വാനാട്ടരമ്മും ഗിരികളും, പാതാളം
പേണിക്കിടക്കമിടുക്കുകളും
വായ്ക്കും ഹിമാലയമല്ലയോ വാനൈക-
യോഗ്യമായ്ക്കാണുന്നു യോഗിവയ്യർ?

ശൈലത്തെയാദർശമാക്കി വളന്നു നീ
കൈലാസം വല്മീകമാക്കിക്കൊൾക;
മൂദ്ധാവു വിഷ്ണുപദത്തിൽ പോയ് മുട്ടട്ടേ;
പാത്താലതേതിന്നും പ്രാപ്യസ്ഥാനം.

Digitized By Kerala Sahitya Akademi

ക്ഷുദ്രമാം ശഷ്പം കിടക്കുന്ന മാടിന്റെ
മസ്തകത്തിന്നു മകുടമായി;
കീഴിൽ കുനിഞ്ഞു തിരഞ്ഞാലേ കിട്ടീട്ടു
പാഴ്‌ററവൈരവും, മൌക്തികവും. 156

vii

ഹാ! ഹാ! മതംതൊട്ട ദീപങ്ങൾ പൂവ്വത്തിൽ
സ്നേഹപ്രവാഹപ്രകാശിതങ്ങൾ
ദ്വേഷക്കൊടുങ്കാററിൽക്കെട്ടുപോ,യിദ്ദിനം
ശേഷിച്ചു നില്ക്കുന്നു കിട്ടം മാത്രം. 160

മൂർത്തിയറിയാതെ കൈകൂപ്പിടും ബിംബ,-
മത്ഥം ഗ്രഹിക്കാതെ ചൊല്ലും മന്ത്രം:—
അക്ഷര“ദ്വന്ദ്വ”മവനിയെയെത്രമേൽ
വിക്ഷതയാക്കി! വിരൂപയാക്കി! 164

ആരീ മഷികളിൽ ജ്യോതിസ്സുകൾ കാൺമു
കൂരിരുൾച്ചെത്തുസ്താന്റെ കൂററുകാരിൽ?
ദൂരത്തു മാറുവിൻ ദുഷ്ടഭൂതങ്ങളേ!
സൂരനുദിപ്പതു കാണ്മതില്ലേ? 168

പാരിൽത്തമിസ്രയെപ്രത്യൂഷസ്സാക്കമി-
ല്ലൌരസ്ത്യക്ഷോണിഭൃന്മൌലിരത്നം
ധൂമത്തെപ്പാവകനാക്കും, ഗരളത്തെ-
പ്രേമരസത്തിലമൃതമാക്കും. 172

ഐക്യബന്ധൂപദേശം ഗ്രഹിക്കുകിൽ
ശ്രേയസ്സു നേടുവാനർഹരാം നാം.
സുപ്തരനീങ്ങുകിൽ ബുദ്ധരാത്തീനിട്ടും
ബദ്ധരനീങ്ങുകിൽ മുക്തരാവും. 176

Digitized By Kerala Sahitya Akademi

അദ്വയവാദിയാമാചാൎയ്യവൎയ്യനെ-
ശ്ശുദ്ധോദനൻെറ കുലത്തിങ്കലും
കാലടിപ്പാട്ടിലും കാണാം ലസിപ്പതു;
ശീലിപ്പിൻ! സൎവ്വരും സാഹോദൎയ്യം.

കുന്നും കുഴിയും മലയാളനാടിതിൽ
വന്നുനിറഞ്ഞുപോയ് പണ്ടു പണ്ടേ!
മേളിച്ചുപോലുമിതിൽതന്നെ സോദരർ
മേളത്തോളാഗ്ന്യനും പാക്കനാരും!

ഭിന്നവൎണ്ണങ്ങളെക്കൈക്കോൎത്തിണക്കിട്ടു-
മിന്ദ്രധനസ്സിനാലന്തരീക്ഷം
മിക്ക ദിനത്തിലും മിന്നുമിമ്മന്നിപ്പോ
ശ്രേഷ്ഠത്തിൽ ശ്രേഷ്ഠമാം വൎണ്ണവാദം?

ആത്മാവിലാത്മാവിരിപ്പതു കാണുവിൻ;
ആത്മാവാലാത്മാവുയൎത്തിടുവിൻ;
അന്യോന്യസൌഹൃദസസ്യം കൃഷിചെയ്തി-
ന്നന്യമെന്തുള്ളു മതരഹസ്യം?

viii

എന്തേ ഭരതോൎവ്വീമാതാവേ! നിന്മക്കൾ
തന്ത്രികൾ പൊട്ടിയ വീണകളായ്
വീണു കിടക്കുന്നു? കണ്ടവർ മീട്ടുമ്പോൾ
ഹീനസ്വരങ്ങൾ വമിച്ചിടുന്നു?

ചിക്കെന്നു മാത്സൎയ്യവൈശ്വാനരന്നിവർ
ശുഷ്കേന്ധനങ്ങളായ്ത്തീൎന്നുപോയി;
വല്ലപ്പൊഴുമൊന്നെഴുന്നല്ലുകിൽ തമ്മിലി-
ത്തല്ലിത്തലകീറിത്താറുമാറായ്

Digitized By Kerala Sahitya Akademi

വീണ്ടും തളർന്നല്ലോ വീഴുന്നു സൌഭ്രാത്രം
തീണ്ടാതെ ജീവിക്കും സ്വാർത്ഥശൂന്യർ.
ഭ്രാതൃഘാതാഘത്തെ വിട്ടെന്നിവരമ്മേ!
പൂതരായ് തീരും; പുരുഷരാകും? 204

ഗാനപടുവാം മഹാത്മാവൊരാളുടെ
പാണിസംസ്പർശത്താൽ ധന്യരായി
പ്രാണപ്രതിഷ്ഠയാർന്നീമരത്തുണ്ടുക-
ളാനന്ദം ലോകത്തിന്നേകിടട്ടെ. 208

---

Digitized By Kerala Sahitya Akademi

## ൩൮. ശിവഗീത.

കല്യാണദുർഗ്ഗകലിയിൽ കരവാളികയ്യു
കല്യാശനം കലിതവിക്രമമേകിയേകി
കല്യാഭയാം വിജയലക്ഷ്മി കഴുത്തിലിട്ട
കല്യാണമാലികയണിഞ്ഞു ശിവാജി മിന്നി. 1

എങ്ങീ യുവാവനനുഭൂതസമീകഗന്ധൻ?
എങ്ങീഷ്ഫലാറെഴുമഹമ്മദു സാംയുഗീനൻ?
മങ്ങീ മനസ്സിതു നിനച്ചിടുവോർക്കു; വാനിൽ-
ത്തങ്ങീടുമദ്രി തറയാക്കി തപസ്വിതാനം. 2

ആ വൻരണത്തിലരിസൈനികർ കല്ക്കിയെന്ന
ഭാവത്തിൽ നോക്കിന ഭയങ്കരസാദിവീരൻ
സൌവർണ്ണപര്യയനസംസ്കൃതമാം ഹയത്തെ
വൈവസ്വതക്രുധ കഴിച്ചു തിരിച്ചു വിട്ടു. 3

മുന്നിൽപ്പെടും ചുടുനിണപ്പുഴ നീന്തി നീന്തി
വെന്നിപ്പെരുമ്പറ മുഴങ്ങിന വീഥിയൂടേ
അന്നിസ്തുലാശ്വമനധീതകശാഭിമർശം
മന്നിൻവൃഷാവിനെ വഹിച്ചു കുതിച്ചു പാഞ്ഞു. 4

“ജീജാംബികാ*ത്മജ! വിഭോ! ജഗദേകവീര!
രാജാധിരാജ! വിജയീഭവ വിശ്വബന്ധോ!”
ഈ ജാതി മംഗലവചസ്സുകളാചരിച്ചു
ഭ്രജാനിതൻ ശ്രുതിപുടിക്കു സുധാഭിഷേകം. 5

* ജീജാബായി, ശിവാജിയുടെ മാതാവ്.

Digitized By Kerala Sahitya Akademi

മൂന്നും മുദശ്രുവിൽ മുഖം മുഴുകിക്കവോര-
സ്സന്തുഷ്ടസജ്ജനസമർപ്പിതസാധുവാദം
തൻതുങ്ഗസമൃദ്ധിയിൽ വിളങ്ങിന ഭോസലേശ-
തന്തുപ്രവേകനകതാർ ചരിതാർത്ഥമാക്കി. 6

വിശ്രാന്തരാത്രിവിനിവൃത്തിവിധാനവിജ്ഞർ
വിശ്വാസ്യഭൃത്യർ വിലസും ശിബിരാജിരത്തിൽ
ശശ്വച്ചലാചലശതാങ്കലചാരുവാക്ക-
മശ്വത്തിൽനിന്നവനിഭൃത്തവതീർണ്ണനായി. 7

വിദ്യാവിതാനഹിതചാതുരി, ഭാരതോർവ്വീ-
നിദ്രാലസസ്ഥിതിനിരാസനികാമലോലൻ,
ഭദ്രാസനത്തിന്റെ പരിഷ്കൃതി ചേർക്കുമാറ-
സ്സദ്രാജമൌലിയെഴുന്നള്ളി സഭാന്തരത്തിൽ. 8

ശൂരദ്വിഷൽഗളഗളൽക്ഷതജത്തിൽ മുക്കിദ്-
ഘോരപ്രവാഹധരയെശ്ശുഭ്രവർണ്ണാഭമാക്കി
പാരം ലസിച്ചൊരസിധേനു 'ഭവാനി' കീർത്തി-
ക്ഷീരം ചുരന്നു 'ശിവ'പാർശ്വമലങ്കരിച്ചു. 9

സൌദാമനീസദൃശനർത്തിതചന്ദ്രഹാസർ,
ഭീദാതിഭീദർ, പൃഥിവീപതിഭൃത്യവീരർ
സ്വാദാവകാശമണയാതെ സമുല്ലസിച്ചു
പാദാന്തഹസ്തിപകസാദിരഥിപ്രധാനർ. 10

പീരങ്കി പെററ വെടിയുണ്ടകൾ—സമ്പ്രഹാര-
ശ്രീരത്നഗർഭയുടെ ഖേലനകന്ദുകങ്ങൾ—
ചാരത്തണഞ്ഞതുളി മുന്നമവൾക്കു കീർത്തി-
ദാരസ്വയംഗ്രഹപരിഗ്രഹചാരിതാർത്ഥ്യം. 11

---

¶ ഭോസലം, ശിവാജിയുടെ വംശനാമം.

Digitized By Kerala Sahitya Akademi

ക്ഷീണൻ പൃഥിവ്യധിപനാൽ കൃതനേശരക്ഷി-
കോണം കുളക്കെയവലോകിതരായിരിക്കെ
താണംഘ്രി തൻെറ തല മുട്ടിടുമാറു കൂപ്പി-
ശ്ശോണൻ സജീവസദൃശൻ മൊഴിയേവമോതി. 12

"സ്വാമിൻ ജയിക്കുക! ജയിക്കുക! ഭോസലേശ!
സ്വാമിത്രശുഷ്കതരുക്ഷേഷ്ടകകക്ഷവഹ്നേ!
കാമിച്ചിടേണ്ടതു കരസ്ഥിതമാം ഭവാൻെറ
ജാമിത്രശുദ്ധി ജഗദത്ഭുതദാത്രി തന്നെ. 13

നിർഗ്ഗർവ്വരാമരികൾ നീങ്ങി നിറം പുലർന്ന
ദുർഗ്ഗത്തിനുള്ളിലടിയൻ ത്വരിതം കടക്കെ
സ്വർഗ്ഗസ്ഥസുന്ദരിയൊരുത്തി സുമായുധാപ-
വർഗ്ഗസ്വരൂപിണി മദക്ഷിയിലാപതിച്ചു." 14

നീരാഗനാകുകിലുമപ്പൊഴുതിൽ കടിഞ്ഞൂൽ-
പ്പോരാണ വെന്നതു, പുരോഗമനാണു ശോണൻ,
പോരാ തടപ്പതുട, ന്നെന്നു നിനച്ചടങ്ങി
വീരാതിവീര, നനുഗൻ വചനം തുടർന്നു:— 15

"കാമൻെറ കല്പതരകാർമ്മുകവല്ലിയാകു-
മാമത്തകുഞ്ജരമനോഹരയാനയാളെ
ഹാ മൽപ്രഭോ! പിഴ പൊറുക്കണം—അപദാന്ത-
മാമസ്തകാന്തമടിയൻ മിഴിയാൽ നുകർന്നേൻ. 16

ശൃംഗാരസിന്ധുസുധയാമവൾതൻ കുചങ്ങൾ
ഭൃംഗാഭിമാനഭിദുരീകരണക്ഷമങ്ങൾ;
തുംഗാഭമായ വദനം തുഹിനാംശുബിംബാ-
മിംഗാലമാക്കുവതിലിലധമനോഭിലാഷം; 17

Digitized By Kerala Sahitya Akademi

ബാലാലലാമമണിതന്നളസേക്ഷണങ്ങൾ
നീലാരവിന്ദയുഗളീനിഗളപ്രദങ്ങൾ;
വേലാതിവൃത്തിരുചിയാമധരോഷ്ഠബിംബം
ലീലാനിരാകൃതജപാകുസുമാവലേപം; 18

ലാവണ്യകല്പതരുമഞ്ജരിതൻ ദളങ്ങൾ
സാവജ്ഞദർശിതസമഞ്ജസമൗക്തികങ്ങൾ;
ആ വല്ഗുഭൂഷകളണിഞ്ഞ ഗളം മനോജ-
ദേവന്റെ ദിഗ്വിജയമംഗലമഞ്ജുശംഖം; 19

സാരംഗനേത്രയുടെ ചാരുകുചങ്ങൾ സാക്ഷാൽ-
ശ്രീരത്നസാനുശിഖരദ്വയജിത്വരങ്ങൾ;
പാരം ചുരുങ്ങുമവലഗ്നമനല്പശോഭാ-
ഗാരം കനൽകനകസാരസനാഭിരാമം; 20

സ്തുത്യങ്ങളസ്സുമുഖിതൻ ചരണങ്ങൾ പേർത്തും
പ്രത്യഗ്രപങ്കജപരാകൃതിപണ്ഡിതങ്ങൾ;
സത്യം പ്രഭോ! സരസമാമവളുത്തുകൊണ്ടും
പ്രത്യക്ഷപഞ്ചശരധർമ്മപതാകതന്നെ. 21

അമ്മഞ്ജുളാംഗിയുടെയത്ഭുതമൂർത്തി കണ്ടു
കൺ മഞ്ഞളിക്കുമളവിൽക്കരൾ തീറു നല്കി
ജന്മം ജയിച്ചവിധമായ് ഞെളിവാൻ തുടങ്ങും
ചിന്മഞ്ജരീമധുകരങ്ങൾ മുനീന്ദ്രർപോലും." 22

വാക്കാവിധം വളരവേ നൃവരന്നതൊന്നും
കേൾക്കായ്‌വതിന്നു കരതാർ ചെവിയിൽപ്പതിഞ്ഞു;
നോക്കാൻ തുടങ്ങി മിഴി കക്ശമായ്; ചലിപ്പാൻ
നാക്കാഞ്ഞുഴന്നു; നവമായ് മുഖചര്യ മാറി. 23

Digitized By Kerala Sahitya Akademi

ഗന്ധദ്വിപപ്രതിമഗാമിനിതൻ വപുസ്സാ-
ലന്ധംഭവിച്ചനയനേന്ദ്രിയനായ ശോണൻ
ബന്ധംവെടിഞ്ഞപടി വിപ്രിയമാർന്ന മന്നൻ-
തൻധർമ്മനിഷ്ഠയറിയാതെ തകർത്തു വീണ്ടും. 24

“കാണായ നേരമടിയൻ കുശലാനുയോഗ-
മേണായതേക്ഷണയൊടേതിനുമുച്ചരിച്ചേൻ.
താണാദരത്തൊടതിനുത്തരമദ്ധ്യ ചൊന്നാൾ
വീണാവിനിക്വണവിഡംബനമാം സ്വരത്തിൽ. 25

‘ഭൂനാഥനിങ്ങുഴമഹമ്മദുഖാനെ നിങ്ങ-
ളീനാളിൽ വെന്നസിലതയ്ക്കിരയാക്കിയില്ലേ?
സേനാപതേ! പറവതെന്തിനു? മന്ദഭാഗ്യ
ഞാ‘നായിഷാ’ഭിധ തദാത്മജധർമ്മപത്നി. 26

ഒട്ടാജികേളികൾ തുടർന്നൊടുവിൽ സ്വദുർഗ്ഗം
വിട്ടാശു മൽപതി വിദേശമണഞ്ഞുപോലും.
മുട്ടാതെ ചെൽവു മുറപോലവിടത്തിൽ ഞാ,നി-
ഷ്ടാളമെന്റെ പരമാർത്ഥമറിഞ്ഞിടട്ടെ.’ 27

തെല്ലീഷലറ്റു തെരുവീഥിയിൽ നിന്നുകൊണ്ടു
ചൊല്ലീവിധം തുടരുമശ്രുകവാണിയോടായ്
‘മല്ലീശരന്റെ വിരുതേ! ഭവതിക്കൊരുൾപ്പി-
ച്ചല്ലീ പിടിച്ചിടുവ’തെന്നടിയൻ കഥിച്ചേൻ. 28

“പേടക്കുരംഗമിഴി! നല്ലമിടുക്കി! നിന്റെ
ജാടക്കടുക്ക മതി; രാസഭമല്ല ശോണൻ.
വേടൻ കടന്നു വലവച്ചതിങ്കൽ വീഴും
മാടപ്പിറാവിനു പറപ്പതിനല്ലയല്ലോ. 29

Digitized By Kerala Sahitya Akademi

നാടേതു മാനിനി! നിനക്കിനി നാഥനേതു?
വീടേതു? വിട്ടിടുക നിന്റെ വൃഥാഭിമാനം.
കാടേതുമേ കയറി നിൻ കഴൽ നൊന്തിടേണ്ട;
കൂടേറിയാൽ കുശലമാം കുയിൽവാണിയാളേ! 30

രാജാധിരാജനരുളുന്നു ശിവാജി, സാക്ഷാൽ-
ഭ്രൂജാതമാം പുരുഷകാരമപാരസാരം,
ആജാനലംബിഭുജദണ്ഡ,നഖണ്ഡലോക-
പൂജാവിധാനവിഷയൻ പുരുപുണ്യശാലി. 31

വ്യാലോലവഹ്നിശിഖ വാച്ചു പടന്നിട്ടുക്ക-
മാലോലനാഡിഗുളികാവലി മാറിടത്തിൽ
കാലോന്മിഷൽകനകപങ്കജമാലപോലെ
ചേലോടണിഞ്ഞു ജയമാന്യവനജ്ജനേശൻ. 32

പാരം പരാർദ്ധ്യപരമാണുഗണം പരത്തി
വീരൻ വിരിഞ്ചി വിരചിച്ചൊരു വിഗ്രഹത്താൽ
ഭൂതാദിപസമനാമവനോടെതിർക്കും
താരമ്പഡംബരപരമ്പരയമ്പരക്കും. 33

നീരന്ധ്രനിർമ്മലയശസ്വി, നിരന്തരായ-
വീരവ്രതൻ, വിഭു വിവാഹിതനായതില്ല;
ചേരട്ടെ ചെന്നു ജഗതീപതിയാമവങ്കൽ
സ്ത്രീരത്നമേ! ഭവതിതൻ ശിശിരാക്ഷിപാതം." 34

തിഷ്ഠഗവിലോകനമിവണ്ണമുരച്ചു സേനാ-
ധ്യക്ഷൻ തുടർന്നളവു, ദൃഷ്ടിപഥത്തിൽ മുട്ടി,
പര്യസ്തമാക്കി ധൃതി, ശത്രുചമൂചമൂരു-
ഹര്യക്ഷനാം നൃപതിതന്നതിരൂക്ഷരൂപം. 35

Digitized By Kerala Sahitya Akademi

ചെത്തിപ്പഴത്തിനെതിരായ് നയനം ചുവന്നു;
തത്തിക്കളിച്ചു പുരികം നിടിലാന്തരത്തിൽ;
എത്തിച്ചുലിച്ചു നിശിതാസി വലത്തുകൈയിൽ;
കത്തിജ്ജ്വലിച്ചു കരളിൽ കടുകോപവഹ്നി. 36

ചുണ്ടിൽ പതിഞ്ഞു രദനം; കവിളിങ്കൽ മേന്മേൽ-
ത്തൊണ്ടിപ്പഴത്തുടുതുടുപ്പു തുടന്നു കൂടി;
കണ്ടില്ല ലോകർ കരുണാമയനാമവങ്കൽ-
പ്പണ്ടിത്തരത്തിലൊരു ഭൈരവഭാവഭേദം. 37

ചെന്തീപ്പൊരിച്ചിതറലിൽ ശിബിരം മുഴുക്കെ
വെന്തീടുമാറു മിഴിയൊന്നു തുറിച്ചു നോക്കി
പൊന്തി സദസ്സിലമിതക്രുധനായ് തൃതീയ-
കുന്തീകുമാരഗുണനീയഗുണൻ ശിവാജി. 38

"ഭണ്ഡാരമുദ്ര ഭടനായകനാക്കി വച്ച
ചണ്ഡാല! ശസ്ത്രധരവംശകളങ്കഹേതോ!
കുണ്ഡാശിയാം കുടില! നിന്റെ കുപൂയമാംസ-
പിണ്ഡാശനത്തിന്ന പിശാചുകൾ കൂടിടട്ടേ. 39

ബോലാക്കനെപ്പട്ടുമുഗളമലക്കലയ്യോ
മേലാക്കിടാത്ത ഖിട! നിൻ രസനം സമൂലം
ഈ ലാക്കിലെൻ പ്രളയകാലകരാളവഹ്നി-
ജ്വാലാഗ്രജിഹ്വയരിയും നിശിതാസിധേനു!" 40

ശർമ്മം ചുരുങ്ങിന ചമൂപതിയെപ്പഴിച്ചു
മർമ്മജ്ഞർ സഭ്യരതു കേട്ടു മറഞ്ഞൊളിക്കെ
ദുർമ്മന്ത്രിയായിഷയെ രുഷ്ടതമൻ നൃപന്റെ
നിർമ്മക്ഷികത്വമിയലും നികടത്തിൽ നിർത്തി. 41

Digitized By Kerala Sahitya Akademi

സ്ഫായൽപ്രഭാരേമകന്ന തദീയവക്ത്രം
സായന്തനാംബുജസഹോദരമായിരുന്നു;
കായം ഭയാതിശയകമ്പനമക്ഷി വാക്കും
തോയത്തിൽ മുങ്ങി മഴമിന്നലൊടൊത്തിരുന്നു. 42

റോസപ്രസൂനരുചിയാന്ന കപോലമൂല-
മാസന്നപാകശരപാണ്ഡരമായിരുന്നു;
ശ്രീസത്തമാകുമധരം ഭൃശകോഷ്ണദീർഘ-
ശ്വാസത്തിൽ മങ്ങിയൊളികെട്ടു വരണ്ടിരുന്നു; 43

നീലത്തഴക്കുഴലഴിഞ്ഞു കിടന്നിരുന്നു;
മേലത്രയും ശ്രമജലത്തിൽ നനഞ്ഞിരുന്നു;
ഭൂലക്ഷ്മിയാമവൾ വിപദ്രവിരശ്മി മഥിച്ചു
വെയ്ലത്തെറിഞ്ഞൊരു മൃണാളി കണക്കിരുന്നു. 44

അന്നൽപതിവ്രതയെ—യേതുഭുജംഗമക്കും
മിന്നൽക്കൊടിക്കിടയിൽ മിന്നിന തന്വിയാളെ-
മന്നൻ വിനായകചതുർത്ഥിയിൽ വന്നുദിക്കും
പൊന്നമ്പിളിക്കലകണക്കൊരു നോക്കു നോക്കി. 45

കോപം ഭടാപസദനിൽ; കൃപ പേർത്തുമമ്മ-
ട്ടാപത്തിലാണ്ടുഴലുമോമലസാക്ഷിയാളിൽ;
താപം തദാർത്തിയുളവാക്കിന തന്നിൽ;— നിന്നാൻ
ഭൂപൻ വികാരശതദന്തുരിതാന്തരംഗൻ. 46

ആ വന്ദ്യമാംഗലികദീപികയിങ്കൽ നിന്നും
വ്യാവർത്തിതാക്ഷിശലഭദ്വയനായ് ക്ഷണത്തിൽ,
ദേവൻ ശിവാജി ജനകാദിനൃപർഷിചര്യാ-
സൌവസ്തികൻ പരിജനത്തൊടിവണ്ണമോതി. 47

Digitized By Kerala Sahitya Akademi

"ചൊല്ലാനെനിക്കൊരു രഹസ്യമിരിപ്പു; കേൾപ്പി-
നെല്ലാവരും വരുവിനെന്നനുയായിമാരേ!
വല്ലാതെ വാച്ചൊരരിശപ്പനി മാറി; വീണ്ടു-
മുല്ലാഘമായ് മനമെനിക്കു; ശമം ജയിച്ചു. 48

ഏതോ യുവാവൊരു നരാധമനസ്സുജീവി
ശാതോദരീചപലനിന്ദ്രിയദാസനെന്നായ്
ഹാ! തോഴർപോലുമറിയാതെ നിനച്ചുപോയീ
ഗീതോപദേശകകൃപാമൃതധൌതനെന്നെ. 49

ശാതാസി ശാത്രവഗളങ്ങളിലാഞ്ഞു വീശും
കൈ താൻ തരംഗനകളെത്തഴുകാൻ കൊതിപ്പൂ;
ഏതാദൃശം മഹിയിതിങ്കൽ മദാന്ധരായ
ജേതാക്കൾ മന്നരുടെ ഗഡ്ഢുരികാപ്രവാഹം. 50

ശ്രീഗവ്ശീധുനിരതൻ, ക്ഷിതിഭൃത്തതീത-
പൌഗണ്ഡ,നസ്ത്രകുശലൻ, നിരവഗ്രഹൻ ഞാൻ
ഭോഗത്തിനാണു പുരുഷാകൃതി പൂണ്ടതെന്നു
ധീഗന്ധമറ്റു ചിലരോർത്തു ചിത്രമല്ല. 51

സ്ത്രീവശ്യതാമിഷ നിജേശവിയുക്തയെന്നും
പാവം ശിവാജി പരിണേയവയസ്കനെന്നും
കൈവന്നിട്ടും കരുണയാൽ കരുതീട്ട ശോണൻ
ദേവൻ മനോജ്ഞനൊരയാചിതദൂതനായി. 52

ഹാ ധിക്കിതെന്തു കഥ? യെൻ ഹതകണ്ണജാഹം
ബാധിക്കയോ പരകളത്രചരിത്രപാപം?
വേധിക്കയാണു മനമീവിഷദിഗ്ധബാണം;
ആധിക്കെനിക്കിനിയിതിൽപരമെന്തു വേണം? 58

Digitized By Kerala Sahitya Akademi

പാരാതെ ശോണ! പലമട്ടു ഭവാനരാതി-
വീരാവരോധവധുവിൻ കഥ വിസ്തരിച്ചും
പോരായ്കിലസ്സതിയെയിങ്ങു പുരസ്കരിച്ചും
ഘോരാഘശേഷമധികംബത നേടിയല്ലോ! 54

സ്ഫായൽസ്ഫടാവികടമായ സരീസൃപത്തിൻ
ഛായയ്ക്കുഴന്ന സതി ചമ്പകമാലയല്ല;
സ്വായത്തദാഹഗുണമാം ശുചിഹേതിയാക്കും
കായം മിനുക്കുമൊരു കാഞ്ചനഭൂഷയല്ല. 55

പാരിൽപ്പരം ദുരിതമാവതു പാരദാര്യം;
ചാരിത്രനിഷ്ഠ സകലോത്തമമായ ധർമ്മം;
സൂരിത്വമററിടുകിലും സുകവീന്ദ്രർ ചൊന്ന
ഗീരിങ്കൽനിന്നിതുകൾ രണ്ടുമറിഞ്ഞവൻ ഞാൻ. 56

ആദത്തദണ്ഡധരചക്രകാര്യനായൊ-
രാദർശമൂർത്തി, യവനീതനയാസഹായൻ,
കോദണ്ഡപാണിയുടെ കോകനദാഭമായ
പാദം ജയിപ്പൂ ഭരതക്ഷിതിഭാഗ്യദീപം. 57

ഭൂകണ്ടകൻ ദശമുഖന്റെ മദം തകർത്ത
ലോകംപൃണം രാമാപദാനശതം നിനച്ചാൽ
പാകം വരാത്ത മനമേതതിലെപ്പൊഴേൽപ്പൂ
മാകന്ദമാർഗ്ഗണമദോദ്ധുരമർമ്മഘാതം? 58

സ്ത്രീജാതിയിങ്കലറിയാമിരുപേരെ; യൊന്നെൻ
ജീജാംബ, യൊന്നു കുലദൈവതമാം ഭവാനി;
പൂജാർഹയായിഷ്ടയെനിക്കിവരോടു തുല്യ—
ഹാ ജാനകീരമണ! ഞാനിതിലാരെ വേൾപ്പൂ? 59

Digitized By Kerala Sahitya Akademi

ധർമ്മപ്രജ്ഞാഫലദമായ ഗൃഹസ്ഥവൃത്തി
കർമ്മന്ദിതൻ നിലയിലും കമനീയമത്രേ;
ശർമ്മം നിതാന്തമതിൽ നിന്നു ലഭിച്ചിടുന്നു
മർമ്മജ്ഞരാം മനുജർ മദ്ധ്യമലോകപാന്ഥർ. 60

വൈരിഞ്ചസൃഷ്ടികളിൽ വച്ചധമങ്ങൾ, സാധ്വീ-
ചാരിത്രനിഷ്കുടമർദ്ദോൽക്കടമർക്കടങ്ങൾ,
പാരിൽ ചലിപ്പു ചില പാമരർ, പൂത്തുനില്ക്കും
താരിൽ പുഴുക്കൾപടി, ധർഷിതസത്ത്വധർമ്മർ. 61

ശർമ്മാത്ര്യയത്തിനു സരോരുഹബാണപൂജ
നിർമ്മാല്യപുഷ്പനിരകൊണ്ടവർ നിർവ്വഹിപ്പൂ;
ദുർമ്മാർഗ്ഗലമ്പടർ സുദുർല്ലഭമർത്ത്യജന്മം
നർമ്മാർത്ഥമാക്കി നരകിച്ചു നശിച്ചിടുന്നു. 62

പൂതാശയയ്ക്കു ജനയിത്രി പരന്റെ പത്നി;
ഭ്രൂതാനകമ്പയുടയോൾക്കൊരുടപ്പിറന്നാൾ;
ജേതാക്കളാകുമരചർക്കു തനൂജ; ലോക-
കർത്താകിലും ഗണികയല്ലവൾ, ഭോഗ്യയല്ല. 63

ഇക്ഷത്രജന്മമിളതൻ ക്ഷതബാധവിട്ടു
രക്ഷയ്ക്കു പററിടുകിൽ മാത്രമവന്ധ്യചര്യം;
അക്ഷയ്യഭാസ്സുടയ വിശ്രുതിപുണ്ഡരീകം
ശിക്ഷയ്ക്കു പേറിടുമസിച്ചെളി തന്നെ ധന്യം. 64

മാനുഷ്യകത്തിനൊരു മാററിവരേററുമെന്നു
വാനം വസുന്ധരയുമാശയിൽ നോക്കിനില്പൂ
ധാനുഷ്കരാരബലമാർ, മുനിമാർ, ശിശുക്കൾ,
ധേനുക്കളീവരെയൊന്നു തിമിർപ്പു തീർപ്പൂ? 65

Digitized By Kerala Sahitya Akademi

ഹാ! ക്ലേശവും ചെറുദരിദ്രത കണ്ടിടാത്ത
കാലേയകാനനമിതിൽ നാം കരണീയധീരർ
മാലോകിനീവകയിൽ മാനുഷധർമ്മവൃക്ഷ-
മൂലേകുഠാരവിഹൃതിക്കു മുതിർന്നിടൊല്ലേ. 66

അമ്മേ! പൊറുക്കുക! പൊറുക്കുക! മുഗ്ദ്ധഹന്താ-
മിമ്മേദുരാഘനിലിണങ്ങിന കർമ്മദോഷം;
ചെമ്മേ നിനക്കിനി നവീനസുലോചനേ! പോയ്
നിർമ്മോഘനാദനികടത്തിൽ നിവിഷ്ടയാവാം. 67

വെന്നാലുമായി ഭടർ തോല്ക്കിലുമായി; പോരാം
പൊൻനാണയത്തിനകവും പുറവും കിടപ്പൂ;
ഇന്നാടൽ വേണ്ടതു നിനച്ചു നിനക്കു; ഭദ്രേ!
ചെന്നാലുമിന്ന മിഷ്ടമെ ദയിതാന്തികത്തിൽ. 68

ഈ രാഷ്ട്രി കൈയിലിരുമട്ടിനിയും ശിവാജി-
ക്കുരിപ്പിടിപ്പതിനു ചെറുശിരുള്ള നാളിൽ
ചാരിത്രകല്പലതികയ്ക്കു തഴച്ചു പാരിൽ-
പ്പാരിപ്ലവത്വമിയലാതെ പരിസ്ഫുരിക്കാം. 69

മാതാവു പെററ മകനാണു, മനുഷ്യനാണെ-
ന്നോതാനിരിപ്പതിനി നിന്നൊടു ശോണിതത്താം?
വൈതാനപാവകചിതാദഹനക്കു തമ്മിൽ
നീ താരതമ്യമറിയും നിലയിങ്കലെത്തി. 70

പാപാഗ്രഗക്കു നീ പങ്കിലമേറ്റുള്ള പശ്ചാ-
ത്താപാശ്രു വീഴ്ചകളവിൽ പരിശുദ്ധമാകും;
ഹാ! പാശ്ചഭൂമിയിലെഴുപാതചേർത്തിതിന്നു
നീ പാർത്ഥിവപ്രിയ! നിദർശനമായ്ക്കഴിഞ്ഞു. 71

Digitized By Kerala Sahitya Akademi

പോരും കരഞ്ഞതു സഖേ! ഭവപാന്ഥരായാ-
ലാരും വഴിക്കിടറി വീഴ്‌വതപൂർവമല്ല;
കാരുണ്യമാളുമവനീജനനിക്കതല്ലോ
തീരുന്നു പേർത്തുമൊരു ബന്ധനമസഹ്യയായി. 72

ഞാനീശ,നെൻ മനമറിഞ്ഞു കഴിഞ്ഞു; മേലിൽ
നീ നീതിവിട്ടൊരടി നീങ്ങി നടക്കയില്ല;
ഈ നീരജേക്ഷണയെയിപ്പൊഴുനാന്തികത്തി-
ലാനീതയാക്കുവതിനില്ലനുയോജ്യനന്യൻ. 73

പോയാലുമെങ്കിലിനി നീ സതി!; ധന്യനാം നിൻ
പ്രേയാന്റെ സന്നിധിയിൽ നിർഭയമെത്തിയാലും;
തായാട്ടു കാട്ടിന ചമൂപരി തന്നെയമ്മ-
യ്ക്കീയാത്രയിങ്കൽ വിടകൊള്ളുമകമ്പടിക്കായ്." 74

ആ ദിക്കിലിങ്ങനെ സനാതനധർമ്മഭേരീ-
വാദിത്രഘോഷണവദാവദമായ വാക്യം
സാദിപ്രവേകനരുൾചെയ്തു തദീയസംസ-
ദ്ഭേദിക്ക വെണ്മ വിളയിച്ചു വിളങ്ങി മന്നേൽ. 75

ത്യന്തഗന്ധമിയലും മൊഴി സാധു ചൊല്ലാ-
വൈയഗ്ര്യമാർന്ന വസുധാപതിയുച്ചരിക്കേ
ഹൈയംഗവീനഹൃദയസ്സറിയാതെ തന്നെ
കൈയഞ്ചുയർന്നു കലികോപമമായ്ക്കഴിഞ്ഞു. 76

"രാജർഷിവര്യ! തൊഴുതേനടിയൻ; ഭവാന്റെ
പൂജ്യയ്ക്കു ദേവതകൾ പൂക്കളൊരുക്കിടട്ടെ!
അജന്മശുദ്ധനവിടുന്നഭിവന്ദ്യനാക്കും
സൌജന്യമൂർത്തമിനി, ധാർമ്മികസാർവഭൌമൻ. 77

Digitized By Kerala Sahitya Akademi

രാജന്യധമ്മരത! നാഥനകന്ന സാധു-
സ്ത്രീജന്തുവിൽ കനിവു തോന്നിന ദിവ്യമൂത്തേ!
രാജസ്സൊടങ്ങുവരും വെല്ലുക മേലു" മെന്നാൾ
കൃഷ്ണകഠമുവെകുലോത്ഭവമാം സ്വരത്തിൽ. 78

പൊട്ടിക്കതിച്ചുയരുമുക്തികൾ താലുവിങ്കൽ
തട്ടിത്തടഞ്ഞിടുകയാൽത്തരളായതാക്ഷി
കട്ടിത്തരം ചിലതുരച്ചു പകച്ചു നിന്നാൾ
വെട്ടിത്തുറന്നൊഴുകിടും മിഴിനീരിൽ മുങ്ങി. 79

'പോകാമയേ! നാഥ!! നിന്ന' ക്കിനിയെന്നു വീണ്ടും
ലോകാനുരഞ്ജനപരൻ നൃവരൻ കഥിക്കേ
ശീകാതരത്വമിയലും പൃതനേശനോടും
രാകാശശാങ്കമുഖിയാളവിടം വെടിഞ്ഞാൾ. 80

ലോകാതിവത്തിരസനത്തകിയാം ധരിത്രീ-
പാകാരിതൻ ഭണിതി കേട്ട ഭടപ്രധാനർ
ആകാശവീഥിയിലണഞ്ഞ വിധത്തിൽ നേടീ
നാകാപഗാസലിലമജ്ജനശൗഖ്യം. 81

കേളീകടത്ഥിതവിപക്ഷ,മധാമ്മികാഹി-
പാളീകരാളതടിദങ്കുര,മാത്മഖഡ്ഗം
കാളീകടാക്ഷകമനീയ,മലങ്കരിച്ചു
നാളീകബന്ധുസദൃശൻ നൃവരന്റെ കോശം. 82

---

ലുണ്ടാക, ഘാതക, ധരാഖ്യ, പദങ്ങൾ പാടാ-
നുണ്ടാകുമൊട്ടു ചിലപേർ ശിവനിന്ദകന്മാർ;
തിണ്ടാടിടൊല്ലവർ തെളിച്ച വഴിക്കു; സാക്ഷാൽ-
ഘണ്ടാപഥം കമനിയായിഷ കണ്ടതത്രേ. 83

---

Digitized By Kerala Sahitya Akademi

## ൧൯. സുഖം സുഖം.

സുഖം — സുഖം — ക്ഷോണിയെ നാകമാക്കാൻ
വേധസ്സു നിർമ്മിച്ച വിശിഷ്ടവസ്തു —
അതെങ്ങതെങ്ങെന്നു തിരഞ്ഞു തന്നെ-
യായുസ്സു പോക്കുന്നു ഹതാശർ നമ്മൾ. 1

പാരായ പാരൊക്കെയടക്കിയൊററ-
ക്കൊററക്കുടയ്ക്കുള്ളിലൊതുക്കിടുന്നോൻ;
നമുക്കു പക്ഷേ സുഖിയെന്നു തോന്നാം
രാജാധിരാജൻ വിഭു രത്നഹാരി. 2

വാനോട്ടുരുമ്മും മണിമേട വാഴാൻ;
പൂമാതൊടൊക്കും മധുവാങ്ഗി പുല്കാൻ;—
അധൃഷ്യമാജ്ഞാബലമാശനല്പ്പാൻ;
ആനന്ദകേദാരമധീശജന്മം! 3

എന്നോർത്തു പോരം നാമൊരു നോക്കി,യെന്നാൽ
സൂക്ഷ്മത്തിലങ്ങല്ല സുഖം കിടപ്പു!
അഃക്കാമമൾപ്പൂവിനു കൂർത്തുമൂർത്ത
ചെങ്കോലുകണ്ടാൽ ചെറുതല്ല ഭീതി. 4

(യുഗ്മകം)

വിളമ്പിടട്ടേ വിഭവങ്ങൾ സൂദർ;
വിശന്നിടാഞ്ഞാലവനെന്തു ചെയ്യും?
ശമിച്ചുപോയ് തജ്ജഠരാഗ്നി പണ്ടേ
പാവങ്ങൾ വീഴ്ത്തീടിന ബാഷ്പനീരിൽ.



Digitized By Kerala Sahitya Akademi

വീശട്ടെ പൊൻപങ്ക; യവൻെറ മെയ്യിൽ
ദീനൻെറ ദീർഘോച്ഛ്വാസിതം പതിക്കൂ;
പാടട്ടെ വന്ദീന്ദ്രർ; അവൻെറ കാതി-
ലാർത്തൻെറയാക്രന്ദശരം തറയ്ക്കൂ. 6

പ്രാസാദമേറാൻ പണിയാണെന്നോർത്തുണ്ടും
നിർദ്ദയ്യമേൽ നേത്രമവൻ പതിച്ചാൽ
ഹാ! ചാൺ, മുഴം, നാഴിക, കാതം, മിമ്മ-
ട്ടബ്ഭീരു മേന്മേലകലത്തു മാറും. 7

ഭാരം പെറും പൊന്മുകുടം വഹിച്ച
മാറാത്തലയ്ക്കത്തിൽ വലഞ്ഞ മന്നൻ
പതിഞ്ഞിരിപ്പീല പരക്കെ മുള്ളാം
ഭദ്രാസനത്തിൽ പരമാനുകമ്പ്യൻ. 8

സുഖം — സുഖം — ക്ഷ്മാതലസാർവ്വഭൌമർ
തൊഴും മുനിശ്രേഷ്ഠർ സുഖത്തെ നേടാം;
നിഷ്കാമർ, നിഷ്ക്രോധർ, നിവൃത്തിനിഷ്ഠർ;
നിർദ്വന്ദ്വർ, നിഷ്കന്മഷർ, നിത്യതൃപ്തർ. 9

മേവുന്ന യോഗീശ്വരരങ്ങുമിങ്ങും
വിശ്വപ്രപഞ്ചവ്യവഹാരബാഹ്യർ;
തത്വം നിനച്ചാൽ ധരമേലവർക്കും
തൻകാര്യമൊന്നേ കുറിയെന്നുതോന്നും. 10

തന്നാൽ കരേറേണ്ടവരെത്രപേരോ
താഴത്തു പാഴ്ച്ചേറിലമർന്നിരിക്കെ
താനൊററയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം? 11

Digitized By Kerala Sahitya Akademi

ദിവാനിശം ഭാന്തർ പിതാവൊടേതോ
പേരേടിനൊപ്പിച്ചു കണക്കുതീൎക്കെ
അതിങ്കൽ നിന്നന്യജനങ്ങൾ നേട-
മാദായമെന്തെന്നറിവീല ലോകം. 12

ശരീരദാസ്യാശയിൽനിന്നു പാൎത്താൽ
സായുജ്യലാഭസ്പൃഹ ധന്യധന്യം;
അതന്യദുഃഖപ്രദമല്ല; മുററു-
മാത്മോദ്ധൃതിക്കാസ്പദമാണു താനും. 13

ആയില്ല മൎത്ത്യൎക്കതുകൊണ്ടു മാത്ര-
മാനന്ദലബ്ധിക്കവകാശലേശം.
സ്വാൎത്ഥോൽസുകന്മാരിവരേതുമട്ടിൽ
സുഖിക്കിലെ, ന്നസ്സുഖമാക്കു വേണം. 14

സുഖം—സുഖം—യോഗിദുരാപമാമി-
സ്സൂനം ലസിക്കും സുമവാടിയേതോ?
അത്മാച്ഛനത്തിന്നതിലാശവച്ചോ-
നാകാശപുഷ്പാപചയാഭിലാഷി. 15

പ്രപഞ്ചമാം പാൽക്കടലാവതും നാം
പഠിച്ചുമട്ടൊക്കെ മഥിച്ചു നോക്കാം;
സ്വഭാഗമാത്രോചിതമായ് ലഭിക്കും
സുഖാമൃതം ദുഃഖവിഷാംബുമിശ്രം. 16

തിൎയ്യക്കിനും സ്സിശുദ്ധമതിന്റെ ഗോത്രം;
ഞനപ്പുറത്തേറുമൊരാനയില്ല;
സ്വാൎത്ഥത്തെ വാങ്ങാൻ സ്വകുലത്തെ വില്ലും
മാതാപിതൃഘാതകൻ "മതിമാൻ" മനുഷ്യൻ. 17

Digitized By Kerala Sahitya Akademi

ഈററില്ലവും പട്ടടയും നിനയ്ക്കി-
ലിങ്ങേതുമങ്ങേതു; മിടയ്ക്കുവന്നോ
തൻചാൺചയററിൻ കനലിന്നു കത്താൻ
ത്രൈലോക്യമത്രേ വിറകെന്നു ഭാവം! 18

വളക്കുഴിക്കുള്ളിലിരുന്നു നമ്മൾ
മന്നത്തിനായ് വത്തി കൊളുത്തിടുന്നു;
വേകുന്ന വീട്ടിന്നകമേ കിടന്നു
വിശ്രാന്തി തേടുന്നു വിവേകശൂന്യർ. 19

നമുക്കു ചുററും വറുതിപ്പിശാചു
നാനാവിധം നൎത്തനമാടി നില്ക്കേ
അപ്പട്ടടപ്പാഴ്മണലാക്കു നല്കു-
മാനന്ദഹൎമ്മ്യത്തിനൊരസ്ഥിവാരം? 20

ആകാശദേശത്തെയസാമ്യപീഡ-
യാക്രോശനത്താൽ മുഖരീകരിക്കേ
അതൊന്നശേഷ "ശ്രുതി"ഭാക്കുകൾക്കും
ഹാ "പഞ്ചമാ"ലാപ, മലഭ്യമന്ന്യം. 21

പാഴിൽക്കിടക്കും പരിതഃസ്ഥലത്തെ-
പ്പുഴിപ്പതെക്കാളൊരുപാപമുണ്ടോ?
അതെത്രയോ മുൻപപരർ തിങ്ങിവിങ്ങു-
മാരാമമാകാത്തതിനാർ പിഴച്ചു? 22

അഴിക്കുമേൽ വീഴുമൊരംബുബിന്ദു-
വിശുദ്ധിഭീതിക്കടിമപ്പെടുന്നു;
താഴെപ്പെട്ടും ശുക്തിയെ മുക്തയാക്കി-
ച്ചേസ്ത്യതമല്ലാതതിനില്ല ഭാഗ്യം. 23

Digitized By Kerala Sahitya Akademi

കോടീശർ ഹാ! കൂലികളെ; സ്സവർണ്ണ-
രവർണ്ണരെ; പ്പൂരുഷർ നാരിമാരെ;
പാശ്ചാത്യർ പൌരസ്ത്യരെയും;—കഴിഞ്ഞു
കാൽക്കീഴമർത്തീടിന കാളരാത്രി. 24

ഒരച്ഛനമ്മയ്ക്കു പിറന്ന മക്കൾ—
ഓർത്താലൊരൊററത്തറവാട്ടുകാർ നാം;
നാഥൻെറ മുററത്തിൽ വിളഞ്ഞിടുന്ന
നന്മുന്തിരിക്കൊത്തു മനുഷ്യവർഗ്ഗം. 25

“കുടിച്ചു ചാകുമ്പൊഴുമൊട്ടുമൊപ്പം
കൂടെപ്പിറന്നോർക്കു കുടിച്ചുകൂടാ!”
എന്നാകിലെന്നോ ഭവസിന്ധുപാര-
മീ വഞ്ചിയിൽ കേറിന നമ്മൾ കാണ്മൂ? 26

ദാനത്തിനത്രേ വിഭവം നമുക്കു;
സന്താനലാഭത്തിനു ധർമ്മപത്നി;
തത്ത്വാവബോധത്തിനു ബുദ്ധിശക്തി;
ലോകോപകാരത്തിനു മർത്ത്യജന്മം. 27

ആർത്തസ്വരം കേട്ടൊരു കാതു കാതു;
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി;
സാന്ത്വാക്ഷരിയോതിടിന ജിഹ്വ ജിഹ്വ;
സാധുക്കളെത്താങ്ങിന ബാഹു ബാഹു. 28

നാമെത്ര താഴത്തു വസിക്കിലെന്തു?
നമുക്കുമുണ്ടാം ചിലർ താഴെ വാഴ്വോർ;
അക്കൂട്ടർ തൻ രോദനകാളകൂട-
മാനന്ദദുഗ്ദ്ധാമൃതമാക്കിമാററാം. 29

Digitized By Kerala Sahitya Akademi

അതാ! മലർക്കാവിൽ വിരിഞ്ഞു നില്ക്കു-
മാ റോസയിങ്ങോട്ടു കുളുർക്കെ നോക്കി
പാൽപുഞ്ചിരിക്കൊഞ്ചൽ പൊഴിച്ചു നമ്മെ-
പ്പൊന്തെന്നലാൽ വീശുവതെത്ര രമ്യം! 30

അതിഥ്യവൈയഗ്ര്യമതിൻ മുഖത്തി-
ലങ്ങിങ്ങു ഘർമ്മാംബുവലങ്കരിപ്പൂ;
ആനന്ദദമെത്തുണ്ടമൃതോപമങ്ങ-
ളാമൌഷധികൾക്കു വിലപ്പെടാതെ? 31

ഇന്നാൻെറ ചെന്തിക്കതിർമാരി നിത്യ-
മിടംപെടും തൻ തലകൊണ്ടു താങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ; ദീനദയാലു നിൽപൂ. 32

ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മൊരോമനപ്പൈങ്കിളി നമ്മെനോക്കി
ചെവിക്കുരുന്നിൽത്തെളിതേൻ തളിക്കും
സ്വാതന്ത്ര്യസങ്ഗീതമുതിർത്തിടുന്നു. 33

ഇറുപ്പവന്നും മലർ ഗന്ധമേകും;
വെട്ടുന്നവന്നും തരു ചൂടകററും;
ഹനിപ്പവന്നും കിളി പാട്ടു പാടും;
പരോപകാരപ്രവണം പ്രപഞ്ചം. 34

ഉദിച്ചൊരക്ഷരമാദിയിങ്കൽ—
ഓങ്കാരബീജപ്രഥമപ്രരോഹം—
സ്നേഹം—പ്രകൃത്യംബ കരത്തിലേന്തും
ദീപം പ്രകാശിപ്പതിൻ പ്രഭാവം. 35

Digitized By Kerala Sahitya Akademi

യാതൊന്നു ദൈവത്തിനു മൂർത്തിപോലും;
യാതൊന്നു വിശ്വത്തിനു തൂണുപോലും;
യാതൊന്നു മോക്ഷത്തിനു കോണിപോലും;
ആ സ്നേഹം- ആ സ്നേഹം- അഹോ! ജയിപ്പൂ. 36

സ്നേഹിക്ക നാം നമ്മെ മറന്നു സാക്ഷാൽ-
ദൈവത്തെയോർത്തത്ഭുതമിപ്രപഞ്ചം;
ദയാർദ്രമാം നമ്മുടെ ദൃഷ്ടിഗംഗ
താഴോട്ടു താഴോട്ടൊഴുകട്ടെ മേന്മേൽ. 37

അദക്ഷനാണൊന്നുകിലാഴികാഞ്ചി-
യപൂർണ്ണമായ്ത്തീർത്തവനാദിശില്പി;
അല്ലെങ്കിൽ നമ്മോടതു പൂർണ്ണമാക്കാ-
നറിഞ്ഞു ധീതന്നരുൾചെയ്തിടുന്നോൻ, 38

ആരാണിതിൽ ദൈവമതോർത്തു നമ്മ-
ളന്യോപകാരവ്രതമാചരിക്കാം;
ഈശന്റെ പൂന്തോപ്പിതു; നീളെ നീളെ-
സ്നേഹാമൃതത്താലിതു സിക്തമാക്കാം. 39

വിധിച്ചൊരീ വേല നമുക്കു ചെയ്യാം;
വിശേഷശാലൻ വേതനമേകിടേണ്ടോൻ;
ആരാധ്യരാരന്ത്യജർ? ആരുമൊപ്പ-
മാസ്വാമിയെച്ചേർന്ന കൃഷിപ്പണിക്കാർ. 40

(യുഗ്മകം)

"ലോകാസ്സമസ്താസ്സുഖിനോ ഭവന്തു:—"
ഇതാര്യരെക്കാത്തിടുമേകമന്ത്രം;
ആ മന്ത്രമോതുന്നവരമ്മഹസ്സി-
ന്നായുസ്സുഹോമിക്കുകിൽ മാത്രമാര്യർ. 41

Digitized By Kerala Sahitya Akademi

## ഫലം

സുഖം—സുഖം—കൈവശമുള്ള വസ്തു
കാന്താരമെങ്ങും തിരയുന്നു നമ്മൾ!
പരം സുഖപ്രാപകമിപ്രപഞ്ച-
പാഥേയമാകുന്ന പരോപകാരം. 42

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi